# മഴത്തുള്ളികൾ

സ്റ്റാൻഡേർഡ്

# 3

**അധ്യാപക സഹായി**

Since 1998

IDEAL ASSOCIATION FOR MINORITY EDUCATION (IAME)
ISO 9001-2008 Certified

**Published by:**

IDEAL ASSOCIATION FOR MINORITY EDUCATION (IAME)
ISO 9001-2008 Certified

Markaz Complex Annex, IInd Floor, Mavoor Road, Kozhikode-4, Kerala, India
Tel: +91 495 2723208, E-mail: info@iameonline.com
www.iameonline.com
ISO 9001-2008 Certified

**MAZHATHULLIKAL**
Std: 3
First Edition : JUNE 2018
Free copy for teachers

All rights reseved, IAME

## ഉള്ളടക്കം


| | | |
|---|---|---|
| 1 | കാറ്റും മഴയും കഥയും | 2 |
| 2 | നീലക്കുറുക്കന്റെ കഥ | 6 |
| 3 | കൊക്കും കാക്കയും പായസം വെച്ച കഥ | 10 |
| 4 | ഒന്നാനാം കൊച്ചു തുമ്പി | 13 |
| 5 | ഖലീഫഃ ഉമർ | 16 |
| 6 | ഉണ്ണിപിറന്നു | 22 |
| 7 | ആതിരയുടെ ഓർമ്മക്കുറിപ്പ് | 28 |
| 8 | നാട്ടുമാവിനുമുണ്ടൊരു കഥ പറയാൻ | 32 |
| 9 | ദോഹയിൽ നിന്നൊരു കത്ത് | 37 |
| 10 | എന്റെ വിദ്യാലയം | 40 |
| 11 | നക്ഷത്ര വിളക്ക് | 44 |
| 12 | ചോണന്റെ കാഴ്ചകൾ | 50 |
| 13 | ചാകര | 55 |
| 14 | വയനാട്ടിലേക്കൊരു യാത്ര | 66 |
| 15 | ഗുരുവും ശിഷ്യനും | 70 |

# ആമുഖം

പ്രൈമറി തലത്തിലെ ഭാഷാപഠനം സമഗ്രതയോടെ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകതയാണ് ഈ കൈപ്പുസ്തകത്തിൽ ലക്ഷ്യമിടുന്നത്. പാഠഭാഗങ്ങളിലെ ഉള്ളടക്കങ്ങൾ വ്യാഖ്യാനിക്കുന്നതിലുപരി വൈവിധ്യമാർന്ന പഠനാനുഭവങ്ങളിലൂടെ പഠിതാവിനെ നയിക്കുകയും ഭാഷാശേഷികൾ ശക്തിപ്പെടുത്തുന്നതിന് അവസരങ്ങൾ ഒരുക്കുകയുമാണ് ചെയ്യുന്നത്. ഭാഷാപഠനസമീപനം, പഠനപ്രക്രിയ, പഠനതന്ത്രങ്ങൾ, പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ അധ്യാപക സഹായിയിൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ പ്രധാനമായിട്ടുള്ളത് വികസിപ്പിക്കേണ്ട ഭാഷാശേഷികളുടെ അടിസ്ഥാനത്തിൽ പഠനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും നിർവഹണത്തിനുമുള്ള സൂചനകളാണ്.

രണ്ടാം തരത്തിൽ കുട്ടി നേടിയ ശേഷികളുടെ ക്രമാനുഗതമായ വളർച്ചയാണ് മൂന്നാം തരത്തിൽ നടക്കേണ്ടത്. പ്രക്രിയാശേഷികളിലും പ്രവർത്തനങ്ങളിലും ഈ വളർച്ച ഉണ്ടാവണം. ശിശുമനശാസ്ത്രം, ഭാഷാപഠന സിദ്ധാന്തങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ടുള്ള പാഠ്യപദ്ധതിയാണ് ഇന്ന് കേരളത്തിൽ നടക്കുന്നത്. ദിനപ്പത്രങ്ങൾ, ബാലമാസികകൾ, ലഘുനിഘണ്ടുക്കൾ, ചിത്രങ്ങൾ തുടങ്ങിയ നിരവധി പാഠനസാമഗ്രികൾ ക്ലാസ് മുറിയിൽ ലഭ്യമാക്കണം.

### വിദ്യാഭ്യാസ ലക്ഷ്യങ്ങൾ

വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നിർണ്ണയിക്കുമ്പോൾ രാജ്യത്തിന്റെ സ്വാതന്ത്ര്യവും പരമാധികാരവും മതേതരത്വവും ജനാധിപത്യവും അരക്കിട്ടുറപ്പിക്കാൻ കരുത്തുള്ള ഒരു സമൂഹത്തെ മുന്നിൽ കാണേണ്ടതുണ്ട്. മനുഷ്യരുടെ കൂട്ടായ്മയിലും സഹകരണത്തിലും അടിയുറച്ച് മുന്നോട്ട് പോവുന്നതാകും ഈ സമൂഹം. അറിവ് പൊതു സമ്പത്താണെന്ന ധാരണയോടെയും അന്വേഷണവും വിമർശനാത്മക ചിന്തയും അറിവു നിർമ്മാണപ്രക്രിയയുടെ അടിസ്ഥാനശിലയാണെന്ന തിരിച്ചറിവിലൂടെയും പഠനം നടക്കണം. മാനുഷിക മൂല്യങ്ങളും മനോഭാവങ്ങളും വളർത്തിയെടുക്കാൻ വിദ്യാഭ്യാസത്തിലൂടെ കഴിയേണ്ടതുണ്ട്. സുരക്ഷിതത്വബോധവും ചുമതലാബോധവും സാമൂഹിക ജീവിതത്തിന്റെ സമസ്തരംഗങ്ങളിലും തെളിയണം. തന്റെ വളർച്ച കുടുംബത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയാണെന്നുള്ള തിരിച്ചറിവ് ഓരോ വ്യക്തിയിലും ഉണ്ടാവണം. സങ്കുചിത താൽപര്യങ്ങളെ തടയാനും കൂട്ടായ്മവളർത്താനും കഴിയുന്ന പഠനക്രമമാണ് ലക്ഷ്യമിടുന്നത്. നിശ്ചിത ഗുണവിശേഷങ്ങളുള്ള ഒരു ഭാവി സമൂഹത്തെ നിർമിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് തിരിച്ചറിഞ്ഞു കൊണ്ടാവണം ഭാഷാപ്രവർത്തനങ്ങൾ ക്ലാസിൽ നടക്കേണ്ടത്.

### ഭാഷാ പഠനത്തിന്റെ പ്രസക്തി

ഭാഷ ഉൽപാദിപ്പിക്കുവാനുള്ള കുട്ടിയുടെ കഴിവുകളും സിദ്ധികളും ഉപയോഗപ്പെടുത്തുകയും ഭാഷ ഉപയോഗിച്ച് ദൈനംദിന വ്യവഹാരങ്ങളും സർഗാത്മക പ്രകടനങ്ങളും നടത്തുന്നതിന് അവസരം സൃഷ്ടിക്കുകയുമാണ് ഭാഷാ പഠനപ്രവർത്തനങ്ങളിലൂടെ നടക്കുന്നത്. ഭാഷ ആർജിക്കുന്ന ആദ്യഘട്ടത്തിൽ കുട്ടിയിൽ ശക്തമായി രൂപപ്പെടുന്നത് മാതൃഭാഷയിലാണ്. മാതൃഭാഷയിലൂടെ മാത്രമേ ഈ അവസരത്തിൽ ചിന്തിക്കുവാനും ആശയങ്ങൾ പ്രകടിപ്പിക്കുവാനും അവന് സാധിക്കുകയുള്ളൂ.

### ഭാഷയും ചിന്തയും

കുട്ടിയിൽ അന്തർലീനമായിരിക്കുന്ന ഭാഷാ ഘടകത്തിന്റെ വികാസം എന്ന നിലയിൽ ഭാഷാപഠനത്തെ കാണേണ്ടതുണ്ട്. ഭാഷയും ചിന്തയും പരസ്പര പൂരകങ്ങൾ ആണ്. അതുകൊണ്ടുതന്നെ ചിന്തയെ ഉണർത്താനുള്ള ഭാഷാനുഭവങ്ങൾ ആണ് ക്ലാസിൽ നടക്കേണ്ടത്. ആശയതലവും, ഭാവതലവും, വൈകാരികതലവും ചിന്തയെ വികസിപ്പിക്കും. ചിന്തയുടെ വളർച്ച ഭാഷയേയും ഭാഷയുടെ വളർച്ച ചിന്തയേയും കൂടുതൽ

ദൃഢമാക്കുന്ന പ്രവർത്തനങ്ങളിലൂടെ ഭാഷാപഠനം മെച്ചപ്പെടുത്താം.

**ഭാഷാപഠന സമീപനം**

ആധുനിക ഭാഷാശാസ്ത്രവും മനഃശാസ്ത്രവും ബഹുഭാഷാപഠനത്തിന്റെ സാധ്യത അടിവരയിടുന്നു. ഭാഷാപഠനം ബൗദ്ധിക വികാസത്തിനും യുക്തിചിന്ത വളർത്താനും സഹായിക്കുന്നുണ്ട്. ഭാഷ ഉൽപ്പാദിപ്പിക്കാൻ സഹായകമായ അന്തരീക്ഷം ഒരുക്കിക്കൊണ്ട് പഠനം ആസൂത്രണം ചെയ്യാൻ പ്രക്രിയാധിഷ്ഠിത പഠനത്തിലൂടെ സാധിക്കണം.

കുട്ടിയുടെ നൈസർഗികമായ ഭാഷാശേഷി പ്രയോജനപ്പെടുത്തുന്ന സമീപന രീതിയാണ് സ്വീകരിക്കേണ്ടത്. അതുകൊണ്ടുതന്നെ അറിവ് നിർമ്മാണ പ്രക്രിയാഘട്ടങ്ങളിലൂടെ ഓരോ പ്രവർത്തനവും കടന്നുപോകണം.

**അറിവുനിർമ്മാണ പ്രക്രിയ**

ആർജിത അറിവിൽ നിന്നുകൊണ്ടാണ് ഒരു വ്യക്തിയിൽ പുതിയ അറിവിന്റെ തലങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. മുമ്പുനേടിയ ചില ശേഷികളുടെ കൂട്ടിച്ചേർക്കലോ, നൂതനമായ ആശയങ്ങളുടെ നിർമ്മിതിയോ ആണ് നടക്കേണ്ടത്. ഭാഷാപരമായ ചിന്ത കുട്ടിയിൽ രൂപപ്പെടുകയും അവ പരസ്പരം പങ്കുവെയ്ക്കുന്നതിലൂടെ കൂടുതൽ തെളിവുകൾ ശേഖരിച്ച് പുതിയ അറിവിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്യുന്നു.

**പ്രക്രിയാ ഘട്ടങ്ങൾ**

പ്രശ്നം കുട്ടി അഭിമുഖീകരിക്കുന്നു. പ്രശ്നത്തിന്റെ പ്രസക്തി തിരിച്ചറിയുന്നു.

↓

പ്രശ്നം ഏറ്റെടുക്കുന്നു. അനുമാനങ്ങൾ രൂപീകരിക്കുന്നു. പ്രശ്നം വിശകലനം ചെയ്യുന്നു.

↓

പ്രശ്നത്തെ മറികടക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. പങ്കുവെയ്ക്കുന്നു.

↓

വിവരങ്ങൾ ശേഖരിക്കുന്നു./ശേഖരിച്ചവ ക്രമീകരിക്കുന്നു.

↓

അപഗ്രഥനം നടത്തുന്നു. നിഗമനം രൂപീകരിക്കുന്നു.
നിഗമനങ്ങളെ ന്യായീകരിക്കുന്നു.

↓

ചിന്തയെക്കുറിച്ചുള്ള ചിന്ത, സംവാദം.

↓

കൂടുതൽ തെളിവുകൾ/ഉദാഹരണങ്ങൾ അന്വേഷിക്കൽ. പുതിയ സന്ദർഭത്തിൽ പ്രയോഗിക്കൽ.

ഏതൊരു പഠനവും നടക്കുന്നത് ഈ ഘട്ടങ്ങളിലൂടെയാണ്. എല്ലാ വിഷയങ്ങളിലും യഥാർത്ഥ അറിവു നിർമ്മാണം നടക്കുമ്പോൾ ഈ പ്രക്രിയഘട്ടങ്ങൾ കടന്നുവരുന്നു. ചില സന്ദർഭങ്ങളിൽ ഈ ഘട്ടങ്ങളെ പ്രത്യക്ഷമായി കാണാൻ കഴിഞ്ഞെന്നുവരില്ല. എങ്കിലും പഠിതാവിൽ ഈ ചിന്തകളും പ്രകടനങ്ങളും നടന്നിട്ടുണ്ടാവും.

ചിന്തയെക്കുറിച്ചുള്ള ചിന്ത
(Meta Thinking)
ഞാനിങ്ങനെ ചിന്തിക്കാനുള്ള
കാരണമെന്താണെന്ന് ചിന്തിയ്ക്കുക

**ഭാഷാപഠനം മൂന്നാം ക്ലാസിൽ**

രണ്ടാം തരത്തിൽ ആർജിച്ച ഭാഷാശേഷികളുടെ പ്രബലനവും വളർച്ചയുമാണ് മൂന്നാം തരത്തിൽ ലക്ഷ്യമിടുന്നത്. മുമ്പ് പരിചയിച്ച വ്യവഹാരരൂപങ്ങളുടെ ക്രമാനുഗതമായ വളർച്ചയും പുതിയ വ്യവഹാര രൂപങ്ങളുടെ പരിചയപ്പെടലും ഈ ഘട്ടത്തിൽ ഉണ്ടാവേണ്ടതുണ്ട്.

അറിവിന്റെ നിർമ്മാണമെന്നത് കുറേ വിവരങ്ങൾ ഓർത്തുവെയ്ക്കുന്നതല്ല ഇതൊരു ജീവശാസ്ത്രപരമായ പ്രക്രിയയാണ്. ന്യൂറോണുകളുടെ കണ്ണിചേരലുകളിലൂടെയാണ് പഠനം സ്ഥായിയായി ഉറയ്ക്കുന്നത്. 12 വയസ്സാകുമ്പോഴേക്കും മസ്തിഷ്ക്ക വളർച്ച ഏതാണ്ട് പൂർണ്ണതയിലേക്ക് നയിക്കുന്നു. ഓരോ ചെറിയ അറിവുകളും ന്യൂറോണുകളുടെ 'വലക്കണ്ണി'' സൃഷ്ടിക്കുന്നു. ഇവയ്ക്ക് മേലേ പുതിയ അനുഭവങ്ങളുടെ വലക്കണ്ണി തീർക്കാൻ പ്രവർത്തനങ്ങൾക്കു കഴിയണം. ഇങ്ങനെയാണ് മസ്തിഷ്ക്ക വികാസം നടക്കുന്നത്.

വേണ്ടത്ര മുന്നറിവുകൾ ഇല്ലാത്ത കുട്ടികളുടെ പഠനശേഷി മന്ദീഭവിക്കും. അതിനാൽ അത്തരക്കാർക്ക് കൂടുതൽ അനുഭവങ്ങൾ ക്ലാസ്റൂമിൽ നൽകാൻ ശ്രദ്ധിക്കണം. ചിന്തയും ഭാഷയും സമന്വയിക്കുന്നതിലൂടെ ഭാഷാ വികാസത്തിന്റെ വിസ്ഫോടനമാണ് നടക്കുന്നത്. കേൾക്കുന്ന ഓരോ വാക്കിന്റെയും അർത്ഥവും, അനുഭവത്തിന്റെ അല്ലെങ്കിൽ വസ്തുവിന്റെ പേരെന്താണെന്നും കുട്ടി അന്വേഷിക്കുന്നു. ഇതൊരു പുതിയ അറിവിന്റെ സ്വാംശീകരണത്തിന് വഴിയൊരുക്കുന്നു.

**വ്യവഹാര രൂപങ്ങൾ**

രണ്ടാം ക്ലാസ്സിൽ പരിചയപ്പെട്ട വ്യവഹാര രൂപങ്ങൾ തന്നെ മൂന്നാം തരത്തിലും കൈകാര്യം ചെയ്യുന്നുണ്ട്. കവിത, കഥ, സംഭാഷണം, വിവരണം, കുറിപ്പ്, കത്ത്, ആത്മകഥ തുടങ്ങിയ വ്യവഹാര രൂപങ്ങളുടെ വളർച്ച (ആശയതലത്തിലും, വാക്യഘടനാപരമായും) കുട്ടി മനസ്സിലാക്കേണ്ടതുണ്ട്. ചില വ്യവഹാരങ്ങളുടെ ആവിഷ്ക്കാരവും നടക്കണം. അടിക്കുറിപ്പ്, പഴഞ്ചൊല്ലുകൾ , കടങ്കഥ, പോസ്റ്റർ, ഡയറി, നാടകം യാത്രാ വിവരണം തുടങ്ങിയ വ്യവഹാരങ്ങളും മൂന്നാം ക്ലാസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ആഖ്യാനം**

ആഖ്യാനമെന്നത് സംഭവങ്ങളെ ക്രമാനുഗതമായി പറയുക എന്നതല്ല. മറിച്ച് വികാരങ്ങളും വിചാരങ്ങളുമുള്ള കഥാപാത്രങ്ങളുടെ ജീവിതമാണ്. നമ്മുടെ മനസ്സിൽ ഭാഷാനുഭവങ്ങൾ ദീർഘകാലം തങ്ങിനിൽക്കുന്നത് ''വൈകാരിക മനോചിത്രങ്ങൾ'' ആയിട്ടാണ്. കുട്ടികളുടെ മനസ്സിലും ഇത്തരം വൈകാരിക മനോചിത്രം സൃഷ്ടിക്കപ്പെടുമ്പോഴാണ് ഭാഷാപരമായ അറിവിന്റെ നിർമ്മിതി സാധ്യമാവുന്നത്. ഇതിന് അധ്യാപകൻ ക്ലാസിൽ അവസരം ഒരുക്കണം, ആഖ്യാനമാണ് ഇതിനു സഹായിക്കുന്നത്.

**ആഖ്യാന മികവുകൾ**

- കുട്ടിയുടെ താൽപര്യം വർധിക്കുന്നു.
- വിവ്രജന ചിന്തയ്ക്ക് അവസരം ഒരുക്കണം. (Divergent thinking)
- ഭാഷയുടെ ഉൽപ്പാദനം നടക്കുന്നു.
- പ്രവർത്തനങ്ങളെ കണ്ണിചേർക്കാൻ കഴിയുന്നു.
- ഭാവനയും സർഗാത്മകതയും വളരുന്നു.
- കുട്ടിയുടെ ബഹുമുഖ ബുദ്ധിയെ (MI) പ്രചോദിപ്പിക്കുന്നു.

**ബഹുമുഖ ബുദ്ധി (Multiple Intelligent MI)**

ബഹുമുഖ ബുദ്ധിയുമായി ബന്ധപ്പെട്ട് ഗാർഡ്നറുടെ കണ്ടെത്തലുകളാണ് വിദ്യാഭ്യാസ മനഃശാസ്ത്രജ്ഞർ പാഠ്യപദ്ധതിയിൽ കാര്യമായും ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഒരു വ്യക്തിയുടെ ബുദ്ധിയുടെ തലങ്ങളെ എട്ട് ഘട്ടങ്ങളായാണ് അദ്ദേഹം തിരിച്ചിട്ടുള്ളത്. (പന്നീട് വന്ന ചില ശാസ്ത്രജ്ഞർ ഇതിനെ വീണ്ടും ഉപമേഖലകളായി തിരിച്ചിരിക്കുന്നു.)

- ഭാഷാപരമായ ബുദ്ധി
- യുക്തി ചിന്താപരവും ഗണിതപരവുമായ ബുദ്ധി
- ദൃശ്യസ്ഥലപരബുദ്ധി
- സംഗീതപരമായ ബുദ്ധി
- ശാരീരിക ചലനപരമായ ബുദ്ധി
- വ്യക്ത്യാന്തര ബുദ്ധി

• ആന്തരിക വൈയക്തിക ബുദ്ധി
• പ്രകൃതിപരമായ ബുദ്ധി

ബുദ്ധിയുടെ ഈ തലങ്ങൾ എല്ലാവരിലും ഉണ്ട്. ഓരോരുത്തരുടെയും ബുദ്ധിയുടെ തലത്തിൽ ഏറ്റക്കുറച്ചിലുകൾ ഉള്ളതുകൊണ്ടാണ് അവർ വ്യത്യസ്തരായിരിക്കുന്നത്. അർഹമായ/തീഷ്ണമായ അനുഭവങ്ങൾ ലഭിക്കുമ്പോൾ ഈ തലങ്ങളിൽ വളർച്ചയുണ്ടാകും. മസ്തിഷ്ക്ക വളർച്ച ദ്രുതഗതിയിൽ നടക്കുന്ന ചെറുപ്രായത്തിൽ ബുദ്ധിയുടെ ബഹുമുഖ വികാസത്തിന് സഹായകമായ പ്രവർത്തനങ്ങൾ നൽകേണ്ടതുണ്ട്.

**സംഘപ്രവർത്തനം**

ഏതൊരു പ്രവർത്തിയും ഒറ്റയ്ക്കു ചെയ്യുന്നതിനേക്കാൾ മികവുറ്റതാകും അവ കൂട്ടായ്മയിലൂടെ പൂർത്തീകരിക്കുമ്പോൾ. കൂട്ടായ പ്രവർത്തനവും ചിന്തയും കൂടുതൽ ഫലം നൽകും. അതുകൊണ്ടുതന്നെ സംഘപ്രവർത്തനം പഠനപ്രക്രിയയുടെ അവിഭാജ്യഘടകമാണ്. കുട്ടികളിൽ ആത്മവിശ്വാസം വളർത്തുവാനും വെല്ലുവിളികൾ ഏറ്റെടുക്കാൻ സന്നദ്ധരാക്കുന്നതിനും സംഘപ്രവർത്തനങ്ങൾക്ക് കഴിയും. സഹവർത്തിത പഠനത്തിലൂടെ കഴിവുകൾക്കൊപ്പം തന്റെ പരിമിതികളും കുട്ടിയ്ക്ക് മനസ്സിലാക്കാൻ കഴിയും. മറ്റുള്ളവരെ സഹായിക്കാനും മൂല്യങ്ങൾ ജീവിതത്തിൽ പകർത്തുവാനും സംഘപ്രവർത്തനത്തിലൂടെ കഴിയും. വിദ്യാഭ്യാസലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് സംഘപ്രവർത്തനം മുഖ്യപങ്കുവഹിക്കുന്നു.

**വായന, എഴുത്ത്**

വായനയിലും എഴുത്തിലും മൂന്നാംക്ലാസിലെത്തിയ കുട്ടി ബഹുദൂരം മുന്നേറേണ്ടതുണ്ട്. പാഠഭാഗങ്ങൾ സ്വന്തമായി കുട്ടി വായിക്കേണ്ടതുണ്ട്. സ്വഭാവിക വായനയ്ക്ക് പ്രേരണ നൽകുന്ന സന്ദർഭം അധ്യാപിക ക്ലാസിലൊരുക്കണം. ആശയങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളുന്നതിന് പലതവണ പാഠഭാഗം വായിക്കേണ്ടതുണ്ട്. ഓരോ വായനയ്ക്കും വിവിധ തന്ത്രങ്ങൾ ആവിഷ്ക്കരിക്കണം. ടീച്ചറുടെ മാതൃകാവായന കുട്ടിക്ക് പ്രചോദനമേകണം. ഓരോ ലക്ഷ്യം മുൻനിർത്തിയുള്ള വായനയാകുമ്പോൾ യാന്ത്രിക വായന ഒഴിവാകും.

അതുപോലെ തന്നെ യാന്ത്രികമായ എഴുത്തും കുട്ടികളിൽ വിരസതയുളവാക്കും. ആവശ്യബോധത്തിൽ നിന്നുള്ള രചനകൾ ജീവസുറ്റതാകും. അതിനാൽ ആവശ്യബോധമുണർത്തുന്ന സ്വഭാവിക സന്ദർഭങ്ങൾ ക്ലാസിൽ സൃഷ്ടിക്കാൻ ശ്രമിക്കണം.

**എഡിറ്റിംഗ് (തെറ്റു തിരുത്തൽ)**

കുട്ടികളിൽ പഠനം നടക്കുന്നു എന്നതിന്റെ തെളിവാണ് തെറ്റുകൾ. അതായത് തെറ്റുകൾ പഠനത്തിന്റെ ഭാഗമാണ്. എന്നിരുന്നാലും അവ തിരുത്തപ്പെടേണ്ടതുണ്ട്. തിരുത്തുന്ന രീതിയാണ് പ്രധാനം.

കുട്ടിക്ക് തന്റെ തെറ്റ് തിരിച്ചറിയാനുള്ള അവസരം സൃഷ്ടിക്കണം. ലേഖനത്തിൽ വിവിധ തലങ്ങളിൽ തെറ്റുകൾ വരാം. ആശയതലത്തിലും വാക്യഘടനയിലുമാണ് മൂന്നാം തരത്തിൽ തെറ്റുകൾ കൂടുതലായും വരിക. കൂടാതെ പദഘടനയിലും, അക്ഷരം, ചിഹ്നം എന്നിവയിലും തെറ്റുകൾ ആവർത്തിക്കാറുണ്ട്.

**ആശയതലം**

നിശ്ചിത വ്യവഹാരത്തിൽ ഉൾച്ചേർന്ന് വരേണ്ട ആശയങ്ങൾ പൂർണ്ണമാണോ എന്ന് പരിശോധിച്ചാണ് എഡിറ്റിംഗ് നടത്തേണ്ടത്. ഏതെങ്കിലും ഒരു ഗ്രൂപ്പിന്റെ ഉൽപ്പന്നം ക്ലാസിൽ പൊതുവായി എടുത്ത് എഡിറ്റ് ചെയ്യണം. മറ്റു ഗ്രൂപ്പുകളുടെ ഉൽപ്പന്നങ്ങൾ താരതമ്യം ചെയ്യുന്നതിലൂടെയും ടീച്ചർ വേർഷൻ പരിചയപ്പെടുത്തിയും ഇത് സാധ്യമാക്കാം.

**വാക്യഘടന**

വാക്യഘടനയിൽ വരുത്തുന്ന തെറ്റുകൾ പ്രധാനമായും പദം വിട്ടുപോകലും, തെറ്റായ പദക്രമവും, അധിക പദങ്ങളുടെ ഉപയോഗവുമാണ്. ഇത്തരം പിശകുകൾ ഗ്രൂപ്പ് ഉൽപ്പന്നത്തിൽ കാണാനിടവന്നാൽ കുട്ടിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ശരിയായ ഘടന ക്ലാസിൽ രൂപപ്പെടുത്തുകയുമാണ് ചെയ്യേണ്ടത്.

**പദഘടന**

പദഘടനാപരമായ പിശകുകൾ വാചിക പ്രകടനത്തിൽ വരുന്നതുപോലെ ലേഖനത്തിലും വരാം. ഇവിടെ ലേഖനത്തിൽ വന്ന തെറ്റ് കുട്ടിയുടെ ശ്രദ്ധയിൽ വരുത്തുകയും ശരിയായ രൂപം കണ്ടെത്താൻ അവസരം ഒരുക്കുകയുമാണ് ചെയ്യേണ്ടത്.

**അക്ഷരം, ചിഹ്നം**

പ്രാഥമികഘട്ടമെന്ന നിലയിൽ അക്ഷരത്തെറ്റുകൾ മൂന്നാം തരത്തിൽ കണ്ടേക്കാം. അക്ഷരങ്ങൾ വിട്ടുപോകൽ, മാറിപ്രയോഗിക്കൽ, ചിഹ്നങ്ങൾ ഉപയോഗിക്കാതിരിക്കൽ എന്നിവയാകാം പ്രധാനമായും വരുന്ന പിശകുകൾ. (ഇവ പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ ഒന്നാം തരത്തിലെ അധ്യാപക സഹായിയിൽ ഉദാഹരണ സഹിതം നൽകിയിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ)

**ഭാഷാ പഠന സാമഗ്രികൾ**

ഭാഷ കുട്ടി പഠിക്കുകയല്ല സ്വയം ആർജിക്കുകയാണ് ചെയ്യുന്നതെന്ന് നാം മനസ്സിലാക്കി. ഇതിനായി ഭാഷാ പഠനക്ലാസിൽ ധാരാളം സന്ദർഭങ്ങൾ ഒരുക്കേണ്ടതായിട്ടുണ്ട്. അതിന് അധ്യാപകനെ പ്രാപ്തനാക്കുന്ന ഒട്ടനവധി പഠനസാമഗ്രികൾ ആവശ്യമായിവരും. ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ, സിഡികൾ, ചിത്രങ്ങൾ തുടങ്ങിയവ ടീച്ചർ കണ്ടെത്തേണ്ടതുണ്ട്. പാഠപുസ്തകവും വർക്ക് ബുക്കും അധ്യാപകന് ഒരു ചൂണ്ടുപലകയാണ്. മറ്റ് ഭാഷാ പഠന സാമഗ്രികളുടെ ഉപയോഗത്തേക്കാൾ കൂടുതൽ കരുതലോടെ വേണം ഇവയെ സമീപിക്കാൻ.

**പാഠ പുസ്തകം**

ഓരോ വ്യവഹാര രൂപങ്ങളിൽക്കൂടി കുട്ടി എവിടെ എത്തിച്ചേരണമെന്ന് കാണിക്കുന്ന ഒരു പഠന സാമഗ്രിയായി ഇതിനെ കണ്ടാൽമതി. അധ്യാപികയ്ക്ക് എത്രവേണമെങ്കിലും മുന്നോട്ടു പോകുവാനുള്ള സാധ്യതകൾ തുറന്നിട്ടിരിക്കുന്നു.

ഓരോ പാഠഭാഗത്തിനും മിനിമം ലക്ഷ്യങ്ങൾ ഉണ്ട്. അവ നേടാൻ ആവശ്യമായ പ്രവർത്തനങ്ങളുടെ രൂപരേഖയും പുസ്തകത്തിൽ നല്കുന്നുണ്ട്.

ടെക്സ്റ്റ് ബുക്കിലെ ചിത്രങ്ങളും പ്രത്യേക ലക്ഷ്യങ്ങളോടെ തന്നെ ക്രമീകരിച്ചവയാണ്. അവ പരമാവധി പ്രയോജനപ്പെടുത്തണം. ചിത്രവായന വിവിധ പ്രവർത്തനങ്ങളിലേക്ക് നയിക്കാൻ സഹായകമാകും. വായന, ലേഖനം, സംഭാഷണ രൂപീകരണം, കഥ നിർമ്മാണം തുടങ്ങി ധാരാളം പ്രവർത്തനങ്ങളിലേക്ക് കുട്ടിയെ കൊണ്ടുപോകാം.

**വർക്ക്ബുക്ക്**

ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ചുവടുപിടിച്ച് തയ്യാറാക്കിയ മറ്റൊരു ഭാഷാപഠന സാമഗ്രിയാണ് വർക്ക്ബുക്ക്. സ്വയം വിലയിരുത്തലിനും, ഗ്രൂപ്പ് വിലയിരുത്തലിനും, അധ്യാപികയുടെ വിലയിരുത്തലിനും ഇത് സഹായകമാണ്. ഒരു മൂല്യനിർണ്ണയ ഉപാധിയായി ഇതിനെ കാണാം. എന്നാൽ ചില സന്ദർഭങ്ങളിൽ പഠിച്ച കാര്യങ്ങളെ ഉറപ്പിക്കാൻ കൂടുതൽ തെളിവുകൾ നൽകുന്നതിനായും വർക്ക്ബുക്ക് പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്താം.

വർക്കുബുക്കിലെ ഓരോ പ്രവർത്തനവും ഇതിൽ ഏത് ധർമ്മത്തിന്റെ പൂർത്തീകരണത്തിനാണ് ഉപയോഗിക്കുന്നതെന്ന് ടീച്ചർക്ക് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം.

**അധ്യാപക സഹായിയുടെ ഉപയോഗം**

പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ സന്ദർഭങ്ങളുമായി കൂട്ടിയിണക്കി കുട്ടികൾക്ക് താൽപര്യമുണർത്തുന്ന രീതിയിൽ പഠനാനുഭവങ്ങൾ ഒരുക്കത്തക്ക വിധമാണ് അധ്യാപക സഹായി ചിട്ടപ്പെടുത്തിയിരിക്കുന്നത്. ക്ലാസ്റൂം പ്രക്രിയ ഓരോ പാഠത്തിലും/പ്രവർത്തനത്തിലും എങ്ങനെ ആയിരിക്കണമെന്ന് ഇതിൽ വ്യക്തമാക്കിയിരിക്കുന്നു. അറിവുനിർമ്മാണപ്രക്രിയാഘട്ടങ്ങൾ ഓരോ പ്രവർത്തനത്തിലും ഉൾച്ചേർന്ന് വരേണ്ടതുണ്ട്. സമാന പ്രവർത്തനങ്ങൾ വിവിധ യൂണിറ്റുകളിൽ ആവർത്തിച്ചു വരുമ്പോൾ ആദ്യഭാഗങ്ങളിൽ പ്രക്രിയാഘട്ടങ്ങൾ വിശദീകരിച്ച് നൽകിയിട്ടുണ്ട്. പിന്നീട് ഘട്ടങ്ങളുടെ പ്രക്രിയ പാലിക്കണം എന്ന സൂചന മാത്രമാണ് നൽകിയിട്ടുണ്ടാവുക. അതിനാൽ പ്രക്രിയാഘട്ടങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതില്ല എന്ന് അർത്ഥമാക്കരുത്.

കൃത്യമായ ആസൂത്രണം (Planning) നടത്തിവേണം അധ്യാപക സഹായി കൈകാര്യം ചെയ്യാൻ. അങ്ങനെ മാത്രമേ സമയക്രമീകരണം പാലിക്കാൻ കഴിയൂ. ആഖ്യാനങ്ങളിലും അവതരണ ശൈലിയിലും പ്രാദേശികമായ മാറ്റങ്ങൾ ആവശ്യമെങ്കിൽ അധ്യാപിക വരുത്തേണ്ടതാണ്. കൈപ്പുസ്തകം ഒരു അവസാന വാക്കായി കാണാതെ ആവശ്യമായ കൂട്ടിചേർക്കലോടെ ക്ലാസ്റൂം പ്രവർത്തനങ്ങൾ ജീവസ്സുറ്റതാക്കാൻ ഓരോ അധ്യാപികക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

### പാഠം –1

# കാറ്റും മഴയും കഥയും

*മഴയും കാറ്റും മറ്റു പ്രകൃതി പ്രതിഭാസങ്ങളും അസാമാന്യമായ അനുഭൂതികളാണു നമുക്കു സമ്മാനിക്കുന്നത്. വ്യത്യസ്ത തലങ്ങളിൽ നിന്നുള്ള അനുഭവങ്ങൾ വ്യത്യസ്ത അനുഭൂതികളുണ്ടാക്കുന്നു. എന്നാൽ അവയെ ആസ്വാദനമനോഭാവത്തോടെ കാണാനോ അവയിൽനിന്നുള്ള ആനന്ദം നുകരാനോ പുതുതലമുറയ്ക്കു കഴിയുന്നില്ല. മഴയെയും കാറ്റിനെയുമൊക്കെ ശല്യമായി കാണുന്ന പുതു തലമുറയാണധികവും. പ്രകൃതിയുടെയും ജീവന്റെയും നിലനിൽപിന്നാധാരമായ മഴയെയും കാറ്റിനെയും ആസ്വാദന തലത്തിൽ നിരീക്ഷിക്കാനുള്ള പ്രചോദനം കുട്ടികൾക്കു ലഭിക്കേണ്ടതുണ്ട്.*

*വൈലോപ്പിള്ളി ശ്രീധരമേനോൻ എഴുതിയ മനോഹരമായ ഒരു കവിതയാണ് 'കാറ്റും മഴയും കഥയും' എന്നത്. കാറ്റും മഴയും വരുമ്പോഴുള്ള പ്രകൃതിമാറ്റവും പഴയകാല അനുഭവങ്ങളും ഗൃഹാതുരതയോടെ ഈ കവിതയിൽ അവതരിപ്പിക്കുന്നു. കുട്ടികൾക്ക് മഴയിലെ ആസ്വാദനതലം കണ്ടെത്താൻ ഈ കവിതയിലൂടെ അവസരം നൽകേണ്ടതുണ്ട്. അതിന്നുതകും വിധമുള്ള പ്രവർത്തനങ്ങളാണ് പാഠാനുബന്ധമായി നടത്തേണ്ടത്.*

*അതോടൊപ്പം കവിത എന്ന വ്യവഹാരരൂപത്തിന്റെ പ്രത്യേകതകൾ തിരിച്ചറിയാനും കുട്ടികളെ രചനയിലേക്കു നയിക്കാനും സാധിക്കണം. അതിനാവശ്യമായ ചോദ്യങ്ങളും ഇടപെടലുകളും അധ്യാപകർ നടത്തണം.*

*ഭാഷാശേഷികളായ ശ്രവണം, ഭാഷണം, വായന, ലേഖനം എന്നിവയിൽ കഴിവു വർദ്ധിപ്പിക്കാൻ കവിതാഭാഗം പ്രയോജനപ്പെടുത്തണം. ടീച്ചറുടെ നിരന്തര വിലയിരുത്തലിലൂടെയും സമ്പൂർണ്ണ പിന്തുണയോടെയും മാത്രമേ അതിനു സാധിക്കുകയുള്ളൂ.*

### കുട്ടികൾ ആർജ്ജിക്കേണ്ട ശേഷികൾ / ധാരണകൾ

- പ്രകൃതി പ്രതിഭാസങ്ങളെ നിരീക്ഷിച്ച് ആസ്വദിക്കാനും ആസ്വദിപ്പിക്കാനും.
- കവിതകൾ ഭാവം, താളം, ഈണം എന്നിവ ഉൾക്കൊണ്ട് ആശയം വ്യക്തമാകുന്ന വിധം ആലപിക്കാൻ.
- അനുയോജ്യമായ പദങ്ങളുടെ വിന്യാസവും ഭാവനയും കവിതയെ മികവുറ്റതാക്കുമെന്ന തിരിച്ചറിവ്.
- കവിതകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്.
- ഉചിതമായ രീതിയിൽ പദങ്ങൾ വിന്യസിച്ച് വാക്യങ്ങൾ രൂപപ്പെടുത്തുന്നതിന്.
- കവിതകൾ ശേഖരിക്കുന്നതിനും അവതരിപ്പിക്കുന്നതിനും.

### വ്യവഹാര രൂപങ്ങൾ

കവിത

### പ്രകടിത രൂപങ്ങൾ

കവിതാലാപനം, കവിതാരചന

### മനോഭാവം

മഴ, കാറ്റ് തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങൾ നിരീക്ഷിക്കാനും ആസ്വദിക്കാനുമുള്ള സന്നദ്ധത.

## പ്രവർത്തനങ്ങൾ

ജൂൺമാസമാണല്ലോ. മഴ പെയ്തിട്ടുണ്ടാവും. ഇല്ലെങ്കിൽ മുമ്പേയുള്ള മഴയനുഭവത്തിൽ നിന്നു തുടങ്ങാം.
നിങ്ങൾ മഴ കണ്ടിട്ടില്ലേ?
മഴയോടൊപ്പം എന്തൊക്കെയുണ്ടാവും?
മഴ പെയ്യുമ്പോൾ എന്തൊക്കെയാണ് നിങ്ങൾക്കനുഭവപ്പെടുന്നത്?
ചോദ്യങ്ങളിലൂടെ മഴയെക്കുറിച്ചു ചർച്ച ചെയ്യുന്നു.
മഴ രസകരമായ അനുഭവവും അനുഗ്രഹവുമാണെന്ന ധാരണയിൽ ചർച്ച ക്രോഡീകരിക്കുന്നു.
ടീച്ചർ ഒരു കവിത ചൊല്ലിക്കേൾപ്പിക്കുന്നു:

തുള്ളിക്കൊരു കുടമെന്ന കണക്കെ
പുതുമഴ കോരിച്ചൊരിയുന്നു
തോടും പുഴയും കുളവും കിണറും
കുളിരല നെയ്തു ചിരിക്കുന്നു..

## കവിതയിലേക്ക്

ടീച്ചർ പാഠഭാഗത്തെ കവിത ഈണത്തിൽ ചൊല്ലി കേൾപ്പിക്കുന്നു.
കുട്ടികൾ വ്യക്തിഗതമായി കവിത വായിക്കുന്നു.

## തുടർന്നു ചോദിക്കാം

- കാറ്റും മഴയും വന്നപ്പോഴുണ്ടായ അനുഭവമെന്താണ് ?
- ആരാണു കഥ പറയുന്നത് ?
- കുട്ടികൾ ഉറങ്ങിപ്പോയാൽ കഥയ്ക്ക് മൂളുന്നതാരായിരിക്കും ?

കുട്ടികൾ ചോദ്യങ്ങൾക്കുത്തരം കണ്ടെത്തി പറയട്ടെ.
തുടർന്ന് കവിതക്ക് അനുയോജ്യമായ ഈണം കണ്ടെത്തട്ടെ.
ഓരോ ഗ്രൂപ്പും ക്ലാസിൽ കവിത അവതരിപ്പിക്കുന്നു. (വ്യത്യസ്ത ഈണത്തിൽ)

## ഇഷ്ടപ്പെട്ട വരികൾ കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)

- കവിത ആസ്വദിക്കുന്നതിനുള്ള പരിശീലനമാണ് ഈ പ്രവർത്തനം. ഓരോ കുട്ടിയും ഇഷ്ടപ്പെട്ട വരികൾ പകർത്തി എഴുതട്ടെ.
- എഴുതിയ വരികൾ ഓരോ കുട്ടിയും ക്ലാസിൽ അവതരിപ്പിക്കണം. എല്ലാകുട്ടികളും അവതരിപ്പിക്കുന്നത് പ്രയാസമാണെങ്കിൽ ചെറു ഗ്രൂപ്പുകളിൽ അവതരിപ്പിക്കട്ടെ.
- എന്തുകൊണ്ടിഷ്ടമായി എന്നുകൂടി പറയണം. (ആശയഭംഗി, ഈണം, താളം..........) കുട്ടികൾ അവതരിപ്പിച്ച ഏതാനും വരികൾ ക്ലാസിൽ പൊതുവായി ചർച്ച ചെയ്യാം.

## ഉത്തരമെഴുതാം (ടെക്സ്റ്റ് ബുക്ക്)

കവിതയുടെ ആശയം കൂടുതൽ വ്യക്തമായി മനസ്സിലാക്കാനുള്ള പ്രവർത്തനമാണിത്.
വീട്ടിൽ ആർക്കാണു സന്തോഷം ?
സന്തോഷത്തിന് എന്താണു കാരണം?

ഇങ്ങനെ ഓരോ ചോദ്യവും വായിച്ചു മനസ്സിലാക്കി കുട്ടികൾ ഉത്തരം കണ്ടെത്തി പറയുന്നു. ക്ലാസിൽ അവതരിപ്പിച്ച ഉത്തരം ചർച്ച ചെയ്ത് വാക്യങ്ങൾ ശരിയാക്കി നോട്ടുബുക്കിൽ എഴുതുന്നു. ടീച്ചർ സഹായിച്ചാൽ മതി.

## വരികൾ കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)

കവിതാ രൂപത്തിൽ നൽകിയ ആശയം വിവരണ രൂപത്തിൽ പരിചയപ്പെടുന്നതിനും കവിത വായിച്ച് ആശയം ഗ്രഹിക്കുന്നതിനും ആശയങ്ങളെ കവിതാരൂപത്തിലാക്കുമ്പോഴുള്ള മാറ്റം തിരിച്ചറിയുന്നതിനുമുള്ള പ്രവർത്തനമാണിത്.

വരികൾ കണ്ടെത്താനായി കൊടുത്ത ആശയങ്ങൾ കുട്ടികൾ വ്യക്തിഗതമായി വായിച്ച് അതേ ആശയം വരുന്ന വരികൾ കവിതയിൽ കണ്ടെത്തി നോട്ടുബുക്കിലേക്ക് എടുത്തെഴുതട്ടെ.

ഇതേ ലക്ഷ്യത്തോടെയുള്ള പ്രവർത്തനമാണ് 'ആശയം വ്യക്തമാക്കുക' എന്ന ചോദ്യത്തിലുള്ളതും. മുകളിൽ കൊടുത്ത വിവരണം പോലെ കുട്ടികൾ കവിതാവരികളുടെ ആശയം വിവരിക്കട്ടെ.

### പദസൂര്യൻ പൂർത്തിയാക്കുക (വർക്ക് ബുക്ക്)

രചനാ പ്രവർത്തനങ്ങൾക്ക് ആശയവും ഭാഷയും പ്രധാനമാണ്. കുട്ടികൾ ആദ്യം വാക്യങ്ങൾ രചിച്ചു പരിശീലിക്കണം. വാക്യ രചനക്ക് അനുയോജ്യമായ പദങ്ങൾ കണ്ടെത്താൻ പദസൂര്യൻ സഹായകമാണ്. ഒരു വസ്തുവുമായി ബന്ധപ്പെട്ട പദക്കൂട്ടങ്ങളാണ് പദസൂര്യനിലൂടെ കണ്ടെത്തുന്നത്. അവയെ വിവിധ തരത്തിൽ വിന്യസിക്കുമ്പോൾ അർത്ഥപൂർണ്ണമായ വാക്യങ്ങളുണ്ടാവുന്നു. അതിന്നനുയോജ്യമായ പദങ്ങൾ കണ്ടെത്താൻ ടീച്ചർ കുട്ടികളെ പ്രോത്സാഹിപ്പിക്കണം.

കുട്ടികൾക്ക് മഴയുമായി ബന്ധപ്പെട്ട കുറെ വാക്യങ്ങൾ നൽകാം.

മഴ പെയ്തപ്പോൾ വയലിൽ വെള്ളം നിറഞ്ഞു.
മഴയോടൊപ്പം കാറ്റും ഉണ്ടായിരുന്നു
ഇടിയും മിന്നലും മഴയുടെ കൂടെ വന്നു.
മഴ പെയ്തതോടെ ചുറ്റും തണുപ്പ് പരന്നു.
മഴയത്ത് ഞാൻ കുട ചൂടി നടന്നു.

ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നു. മഴയുമായി ബന്ധപ്പെട്ട പദങ്ങൾ കുട്ടികൾ കണ്ടെത്തുന്നു. ആ പദങ്ങളുടെ അടിയിൽ വരയ്ക്കുന്നു. ഈ പദങ്ങൾ ചേർത്ത് കുട്ടികൾ വർക്കുബുക്കിലെ പദസൂര്യൻ പൂർത്തിയാക്കട്ടെ.

### മാതൃകപോലെ വാക്യം നിർമ്മിക്കാം (വർക്ക് ബുക്ക്)

- പുകപോലെങ്ങും നീരാവി
- കാപ്പി തരാനുണ്ടെന്നമ്മ

ഈ വരികളുടെ പ്രത്യേകതയെന്ത് ? ചർച്ച ചെയ്യുന്നു.

ആശയങ്ങൾ ഈ വിധം കാവ്യാത്മകമായി അവതരിപ്പിക്കാൻ പരിശീലിപ്പിക്കാം.

- മലപോലെങ്ങും മേഘങ്ങൾ
- പൂ പോലെങ്ങും പൂമ്പാറ്റ
- അറിവുതരാനൊരു ഗുരുനാഥൻ
- തണലുതരാനൊരു ആരാമം

### മഴക്കാഴ്ചകൾ എഴുതാം (വർക്ക് ബുക്ക്)

മുൻ ക്ലാസുകളിൽ പരിചയിച്ച പ്രവർത്തനമാണിത്. കുട്ടികൾ വ്യക്തിപരമായി എഴുതി ഗ്രൂപ്പിൽ ചർച്ച ചെയ്ത് ക്ലാസിൽ അവതരിപ്പിക്കട്ടെ. മെച്ചപ്പെട്ടത് എഴുതിയെടുക്കാൻ നിർദ്ദേശിക്കാം.

### ചേർത്തെഴുതാം (വർക്ക് ബുക്ക്)

പദങ്ങൾ ഘടിപ്പിക്കുന്ന രീതി പരിചയിക്കാനുള്ള പ്രവർത്തനമാണിത്. ചേർത്തെഴുതുമ്പോൾ വരുന്ന മാറ്റങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം.

### പിരിച്ചെഴുതാം (വർക്ക് ബുക്ക്)

ടീച്ചർ ചില പദങ്ങൾ ബോർഡിലെഴുതുന്നു.

ഉദാ : കണ്ടാലറിയാം, വന്നിട്ടുണ്ട്, കിടന്നുറങ്ങി....

ഈ പദങ്ങൾ വേർതിരിച്ചു പറയാനാവശ്യപ്പെടുന്നു. അപ്പോൾ വരുന്ന മാറ്റം കുട്ടിയുടെ ശ്രദ്ധയിൽ പെ

ടുത്തുന്നു.

തുടർന്ന് വർക്ക് ബുക്കിൽ പിരിച്ചെഴുതാൻ നൽകിയ പദങ്ങൾ പിരിച്ചു പറയാനാവശ്യപ്പെടുന്നു. അവ ബോർഡിലെഴുതി ചർച്ച ചെയ്യുന്നു. തുടർന്ന് തെറ്റുകൾ തിരുത്തി വർക്കുബുക്കിലെഴുതുന്നു.

**കവിത രചിക്കാം (വർക്ക് ബുക്ക്)**

മഴക്കാലത്തെക്കുറിച്ചു നാലുവരി കവിത എഴുതാനാണാവശ്യപ്പെട്ടിരിക്കുന്നത്. മഴക്കാലത്തെ പ്രത്യേകതകൾ, അനുഭവങ്ങൾ ഒന്നു കൂടി ചർച്ച ചെയ്യാം. ഇടിയും മിന്നലും കാറ്റും വെള്ളപ്പൊക്കവും തണുപ്പും കുളിരും.....

കുട്ടികൾ തങ്ങളുടെ ശേഷിക്കനുസരിച്ച് കവിതകൾ രൂപപ്പെടുത്തട്ടെ.

തുടർന്ന് അവ ഗ്രൂപ്പിൽ വായിച്ച് അവതരിപ്പിക്കുന്നു. ആശയ വ്യക്തത, ഉചിതമായ ഭാഷ, ഭാവന, താളം, ഈണം, തെറ്റില്ലാതെ എഴുതാനുള്ള കഴിവ് തുടങ്ങിയവ വിലയിരുത്തുമ്പോൾ പരിഗണിക്കണം.മെച്ചപ്പെട്ടത് ക്ലാസിൽ പൊതുവെ അവതരിപ്പിക്കുന്നു.

ഇടിയും കാറ്റും ശീതവുമായ്
ഇടവപ്പാതി കടന്നെത്തീ
പാടം മുഴുവൻ മഴ വെള്ളം
തോടും പുഴയും പെരുവെള്ളം
മഴ വെള്ളത്തിൽ കളിവള്ളം
കളിവള്ളത്തിൽ ചെറുപിള്ളേർ
ആർപ്പും വിളിയും ബഹളങ്ങൾ
ആഹാ ആഹാ എന്തുരസം !

## പാഠം -2
# നീലക്കുറുക്കന്റെ കഥ

*കഥ കുട്ടികൾക്ക് ഏറെ താല്പര്യമുള്ളതും പരിചിതവുമായ ഒരു വ്യവഹാരരൂപമാണ്. കഥകൾ പല തരമുണ്ട്: അനുഭവ കഥകൾ, മൃഗങ്ങളും പക്ഷികളുമൊക്കെ കഥാപാത്രങ്ങളായ കുട്ടിക്കഥകൾ, സാരോപദേശ കഥകൾ, ഭാവനാ പ്രധാനമായ ഫാന്റസി കഥകൾ എന്നിങ്ങനെ.*

*മൃഗങ്ങളും പക്ഷികളുമൊക്കെ കഥാപാത്രങ്ങളായുള്ള കഥകൾ അധികവും സാരോപദേശ പ്രധാനങ്ങളാണ്. ഭാവനകൾക്ക് അതിൽ വലിയ പ്രാധാന്യമില്ല. എങ്കിലും ഭാഷാപരമായ ശേഷി വളർത്തുന്നതിലും സർഗാത്മക രചനാതാല്പര്യമുണർത്തുന്നതിലും ഇത്തരം കഥകൾക്കും വലിയ പങ്കുണ്ട്.*

*കഥ എന്ന വ്യവഹാരരൂപത്തിന്റെ സവിശേഷതകൾ തിരിച്ചറിയാനും കഥ സ്വതസിദ്ധമായ രീതിയിൽ അവതരിപ്പിക്കാനും കഥ പറയുന്നത് കേട്ടാസ്വദിക്കാനും ഈ പാഠഭാഗം സഹായകമാവണം. ഒപ്പം കഥകൾ വായിച്ചാസ്വദിക്കാനും ഗുണപാഠങ്ങൾ മനസ്സിലാക്കാനും സ്വന്തം അനുഭവങ്ങളും ഭാവനകളും കഥാരൂപത്തിൽ എഴുതാനും കഥ ചുരുക്കി എഴുതാനും പറയാനും അവസരമുണ്ടാക്കണം. കഥാ ഭാഗങ്ങൾ അഭിനയിച്ചു കാണിക്കാനും സംഭാഷണവാക്യങ്ങൾ എഴുതാനും പരിശീലിപ്പിക്കണം.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ / ധാരണകൾ

- കഥകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും.
- കഥയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് കഥാ രചനയിൽ ഏർപ്പെടുന്നതിന്.
- കഥ നാടകരൂപത്തിൽ അവതരിപ്പിക്കുന്നതിന്.
- കഥയിലെ ഗുണപാഠം മനസ്സിലാക്കുന്നതിന്.

### വ്യവഹാര രൂപങ്ങൾ

കഥ, നാടകം

### പ്രകടിത രൂപങ്ങൾ

കഥ, നാടകം, പ്രസംഗം

### മനോഭാവം

കഥകൾ വായിച്ചും കേട്ടും ആസ്വദിക്കാനും അവ ശേഖരിക്കാനും രചിക്കാനുമുള്ള മനോഭാവം.

### പ്രവർത്തനങ്ങൾ
### കഥയിലേക്ക്

- കുറുക്കനെക്കുറിച്ചുള്ള കഥകൾ കേട്ടിട്ടില്ലേ നിങ്ങൾ ?
- എന്തൊക്കെ കഥകളാണു കേട്ടത് ?

കുട്ടികൾക്ക് കുറുക്കൻകഥകൾ ആലോചിക്കാൻ അവസരം നൽകുന്നു. അധികപേർക്കും കഥകളറിയാം. ഒന്നുരണ്ടുപേർ കഥകൾ അവതരിപ്പിക്കട്ടെ.

തുടർന്ന് ടീച്ചർ കഥ പറഞ്ഞു തുടങ്ങുന്നു: തുമ്പമലയിൽ കൗശലക്കാരൻ എന്നു പേരുള്ള ഒരു കു

റുക്കൻ പാർത്തിരുന്നു..... (കഥ മുഴുവൻ അവതരിപ്പിക്കാം)

## പാഠ വിശകലനം

പാഠഭാഗത്തെ ആശയം പൂർണ്ണമായി ഗ്രഹിക്കുന്നതിന് പദങ്ങളും അവയുടെ അർത്ഥവും പ്രയോഗങ്ങളും തിരിച്ചറിയേണ്ടതുണ്ട്. ഇതിന്നായി പാഠഭാഗം കുട്ടികൾ വായിക്കട്ടെ. വായനക്കിടയിൽ അർത്ഥമറിയാത്ത പദങ്ങൾ എഴുതിയെടുക്കണം. വായനക്കു ശേഷം ആ പദങ്ങൾ ക്ലാസിൽ അവതരിപ്പിക്കുന്നു.

ടീച്ചർ അവ ബോർഡിൽ രേഖപ്പെടുത്തുന്നു. കുട്ടികളുടെ ശ്രദ്ധയിൽ പെടാത്ത പദങ്ങൾ ടീച്ചർക്കും കൂട്ടിച്ചേർക്കാം.

| | |
|---|---|
| ദേഹം | = ശരീരം |
| മിത്രം | = സുഹൃത്ത് |
| പരസ്പരം | = അങ്ങോട്ടുമിങ്ങോട്ടും |
| വനം | = കാട് |
| ഭവനം | = വീട് |
| ശാപ്പാട് | = ഭക്ഷണം |

തുടർന്ന് വർക്കുബുക്കിലെ 'പകരം പദം കണ്ടെത്തുക' എന്ന പ്രവർത്തനം നൽകുന്നു. പദങ്ങളുടെ അർത്ഥം അവിടെ എഴുതട്ടെ.

## ഉത്തരം കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)

പാഠഭാഗത്തെ പദങ്ങളുടെ അർത്ഥവും പ്രയോഗവും തിരിച്ചറിഞ്ഞു കഴിഞ്ഞാൽ ചോദ്യങ്ങൾ വായിക്കാൻ നിർദ്ദേശിക്കാം. ചോദ്യങ്ങൾ വായിച്ച് കുട്ടികൾ തന്നെ ഉത്തരം കണ്ടെത്തട്ടെ.

കണ്ടെത്തിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത ശേഷം ക്ലാസിൽ അവതരിപ്പിക്കാം. അതിനു ശേഷമേ നോട്ടുബുക്കിലേക്ക് പകർത്താവൂ.

അധ്യാപകർ ശ്രദ്ധിക്കേണ്ട പ്രധാന കാര്യം : ചോദ്യങ്ങൾക്കുള്ള ഉത്തരം ആദ്യം തന്നെ കുട്ടികൾക്കു പറഞ്ഞുകൊടുക്കുകയും എഴുതിക്കുകയും ചെയ്യരുത്. കുട്ടികൾ പാഠഭാഗം വായിച്ച് ഉത്തരം സ്വയം കണ്ടെത്തട്ടെ. അതിനുള്ള ശ്രമം അവരുടെ ഭാഗത്തു നിന്നുണ്ടാവുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. അവർ ശരിയായ ഉത്തരം കണ്ടെത്തിയാൽ മാത്രമേ പാഠഭാഗം മനസ്സിലാക്കിയിട്ടുള്ളൂ എന്നു വ്യക്തമാവുകയുള്ളൂ. ഉത്തരം കണ്ടെത്താൻ കഴിയാത്ത കുട്ടികൾക്ക് എവിടെയാണ് കുഴപ്പം സംഭവിച്ചതെന്ന് മനസ്സിലാക്കി അതു പരിഹരിക്കാൻ അധ്യാപകർ ശ്രദ്ധിക്കണം.

## വാക്യങ്ങൾ നിർമ്മിക്കാം (ടെക്സ്റ്റ് ബുക്ക്)

രചനാ പരിശീലനത്തിൽ പ്രധാനപ്പെട്ട ഒരു പ്രവർത്തനമാണിത്. നിർദ്ദിഷ്ട പദങ്ങൾ ഉൾക്കൊള്ളിച്ച് പുതിയ വാക്യങ്ങൾ നിർമ്മിക്കണം. പദങ്ങളുടെ ആശയം പൂർണ്ണമായി പ്രതിഫലിക്കുന്ന വാക്യങ്ങൾ നിർമ്മിക്കാൻ കുട്ടികളെ സഹായിക്കണം.

ആദ്യം കുട്ടികൾ വ്യക്തിഗതമായി വാക്യങ്ങൾ നിർമ്മിക്കട്ടെ. പിന്നെയത് നാലോ അഞ്ചോ പേരുള്ള ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തണം. ഗ്രൂപ്പിൽ മികച്ചവ ക്ലാസിൽ അവതരിപ്പിക്കണം.

**വാക്യ നിർമ്മാണത്തിൽ ശ്രദ്ധിക്കേണ്ടവ:**

വാക്യങ്ങളുടെ ഘടന.

നിർദ്ദിഷ്ട പദത്തിന്റെ ആശയവ്യക്തത.

പദങ്ങളുടെ ക്രമീകരണം.

## തുടർന്ന് ടീച്ചർവേർഷൻ അവതരിപ്പിക്കണം:

1. പതുങ്ങിപ്പതുങ്ങി : പിന്നിലൂടെ <u>പതുങ്ങിപ്പതുങ്ങി</u>ച്ചെന്നു ഞാൻ കൂട്ടുകാരന്റെ കണ്ണുപൊത്തി.

2. കുട്ടികൾ ശബ്ദമുണ്ടാക്കാതെ ക്ലാസിൽ കയറി.
3. ഏതുപൂട്ടും തുറക്കാനുള്ള സൂത്രപ്പണികൾ ചില കള്ളന്മാർക്കറിയാം.
4. പ്രിൻസിപ്പാൾ അസംബ്ലിയിൽ കുട്ടിളെ അഭിസംബോധന ചെയ്തു സംസാരിച്ചു.
5. വലിയൊരു ചക്ക തലയിൽ വീണ് മുയലിന്റെ കഥ കഴിഞ്ഞു.

ഇത്തരം മാതൃകകൾ അവതരിപ്പിക്കാം. കുട്ടികൾ ഇവ വായിച്ച ശേഷം സ്വന്തം രചനയിൽ വേണ്ട മാറ്റങ്ങൾ വരുത്തട്ടെ. വാക്യങ്ങൾ കുട്ടികൾ സ്വയം കണ്ടെത്തണം. ടീച്ചർ ഇടപെട്ട് വാക്യങ്ങൾ അർത്ഥ പൂർണവും ഉചിതവുമാക്കാൻ സഹായിക്കുകയാണ് വേണ്ടത്.

### പട്ടിക തയ്യാറാക്കാം (വർക്ക് ബുക്ക്)

കഥ തുടങ്ങുന്നതിനു മുമ്പുള്ള ചർച്ചയിൽ കൊണ്ടുവരാവുന്ന ഒരു പ്രവർത്തനമാണിത്. ഏതാനും മൃഗങ്ങളുടെ പേരു പറയാനാവശ്യപ്പെടാം. കുട്ടികൾ കാട്ടുമൃഗങ്ങളുടെയും വീട്ടു മൃഗങ്ങളുടെയും പേരുകൾ പറഞ്ഞേക്കും. ഉദാ; ആട്, കുറുക്കൻ.....

ആട് എവിടെയാണു വളരുന്നത്? കുറുക്കൻ എവിടെയാണു താമസിക്കുന്നത് ? ഇങ്ങനെയുള്ള ചോദ്യങ്ങളിലൂടെ കുട്ടികളിൽ വീട്ടുമൃഗങ്ങളെയും കാട്ടുമൃഗങ്ങളെയും കുറിച്ചുള്ള അവബോധമുണ്ടാക്കാം. തദടിസ്ഥാനത്തിൽ വർക്കുബുക്കിലെ ഈ പ്രവർത്തനം അവർ സ്വയം പൂർത്തീകരിക്കട്ടെ.

### പിരിച്ചെഴുതുക (വർക്കുബുക്ക്)

തന്നിരിക്കുന്ന പദങ്ങൾ കുട്ടികൾ വായിക്കട്ടെ.

ഓരോ പദവും വേർതിരിച്ചു പറയാൻ ആവശ്യപ്പെടാം. ഉദാ: ആൾ + പാർപ്പ് + ഉള്ള –

പദങ്ങൾ ഇങ്ങനെ ചേർത്തെഴുതുമ്പോൾ വരുന്ന മാറ്റങ്ങൾ ശ്രദ്ധയിൽ പെടുത്താം. ബ്ലാക്ക് ബോർഡിൽ ഇത് എഴുതി കാണിച്ചുകൊടുക്കണം. മാതൃകകൾ കൊടുത്തു കഴിഞ്ഞാൽ കുട്ടികൾ എഴുതും. വിലയിരുത്താൻ അധ്യാപകർ തയ്യാറാവണം.

### ക്രമത്തിലെഴുതാം (വർക്ക്ബുക്ക്)

കഥയുടെ ആശയം കുട്ടി ഉൾക്കൊണ്ടിട്ടുണ്ടോ എന്നു പരിശോധിക്കാനുള്ള ഒരു പ്രവർത്തനമാണിത്. പൂർവ്വാപരക്രമത്തിൽ ആശയങ്ങൾ അടുക്കിവെക്കാൻ കുട്ടികൾക്കു കഴിയണം. ഗ്രൂപ്പിൽ ചർച്ച ചെയ്ത് വാക്യങ്ങൾ ക്രമപ്പെടുത്തട്ടെ. ശേഷം ഓരോ ഗ്രൂപ്പിനും അവതരിപ്പിക്കാൻ അവസരം കൊടുക്കുക. ഏതെങ്കിലും ഗ്രൂപ്പിൽ പദങ്ങൾ ക്രമം തെറ്റിയിട്ടുണ്ടോ എന്ന് അവർ തന്നെ വിലയിരുത്തട്ടെ.

### കഥ ചുരുക്കി എഴുതുക (വർക്ക്ബുക്ക്)

ഈ പ്രവർത്തനം ഹോംവർക്കായി നൽകിയാൽ മതി. ആശയങ്ങൾ ചോർന്നു പോവാതെ മൂന്നിലൊന്നായി ചുരുക്കിയിട്ടുണ്ടോ എന്നു പരിശോധിക്കണം.

### പ്രസംഗിക്കാം (ടെക്സ്റ്റ് ബുക്ക്)

പ്രഭാഷണം കുട്ടികൾക്ക് അപരിചിതമല്ല. പറയാനൊരാശയം ലഭിച്ചാൽ അതെങ്ങനെ ഭംഗിയായി അവതരിപ്പിക്കാം എന്നതാണു പ്രധാനം. ആശയം പാഠഭാഗത്തുണ്ട്. ആവശ്യമായവ അവരുടെ ഇഷ്ടംപോലെ കൂട്ടിച്ചേർക്കട്ടെ. പ്രസംഗത്തിന് ആമുഖവും ഉപസംഹാരവുമൊക്കെ വേണമെന്നു നിർദ്ദേശിക്കണം. ഏതാനും പേർക്ക് പ്രസംഗിക്കാൻ അവസരം നൽകാം.

### നാടകം കളിക്കാം (ടെക്സ്റ്റ് ബുക്ക്)

എല്ലാ കുട്ടികളും തയ്യാറായി മുന്നോട്ടുവരാൻ മടിക്കുന്ന ഒരു പ്രവർത്തനമാണിത്. ആരെയും നിർബന്ധിക്കാതിരിക്കുന്നതാണുചിതം. താല്പര്യമുള്ളവർ മുന്നോട്ടുവരട്ടെ. സംഭാഷണ ശകലങ്ങൾ കഥയിൽ നിന്നെടുത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ ടീച്ചർ സഹായിക്കണം. സംഭാഷണങ്ങൾക്കും അഭിനയത്തിനും സ്വാഭാവികത വേണം. ഭാവമുൾക്കൊണ്ട് കുട്ടികൾ അഭിനയിക്കട്ടെ.

## ചർച്ച ചെയ്യാം (ടെക്സ്റ്റ് ബുക്ക്)

ഈ കഥ നൽകുന്ന ഗുണപാഠമെന്ത് ?

ക്ലാസിൽ പൊതു ചർച്ചയാവാം. കുട്ടികൾ അഭിപ്രായം പറയട്ടെ.

- വഞ്ചന പാടില്ല.
- എല്ലാ കാലവും എല്ലാവരെയും പറ്റിക്കാനാവില്ല.
- പലനാൾ കള്ളൻ ഒരു നാൾ പിടിയിൽ.
- ജന്മ സ്വഭാവം മാറ്റാനാവില്ല.
- ബന്ധങ്ങൾ മറക്കുന്നതും മുറിക്കുന്നതും ആപത്താണ്.

കുട്ടികളുടെ അഭിപ്രായങ്ങൾ വിശകലനം ചെയ്യാം. ഗുണപാഠങ്ങൾ പറഞ്ഞുകൊടുക്കാം.

## സംഭാഷണം എഴുതാം (വർക്ക്ബുക്ക്)

**സംഭാഷണം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്.**

- സംഭാഷണം സ്വാഭാവികമായിരിക്കണം.
- സന്ദർഭത്തിനു യോജിച്ചതായിരിക്കണം.
- കഥാപാത്രങ്ങളുടെ സംഭാഷണമാവുമ്പോൾ ആ കഥാപാത്രത്തിന്റെ പ്രകൃതം പരിഗണിക്കണം.
- വ്യക്തത വേണം.
- കൂടെയുള്ളവരുടെ ചോദ്യങ്ങൾക്കു മറുപടി വേണം. അവരോടു ചോദിക്കുകയും ചെയ്യാം.

ഈ പ്രവർത്തനം ഗ്രൂപ്പു പ്രവർത്തനമായി നൽകാം. സിംഹം, കരടി തുടങ്ങിയ ജീവികളുടെ പ്രതികരണങ്ങളും അഭിപ്രായങ്ങളും കടുവയെ അഭിനന്ദിക്കലുമൊക്കെ സംഭാഷണത്തിൽ വരുന്ന വിധം തയ്യാറാക്കാൻ ഗ്രൂപ്പുകൾക്കു സൂചന നൽകാം.

ഗ്രൂപ്പിൽ തയ്യാറാക്കിയ സംഭാഷണം ക്ലാസിൽ അവതരിപ്പിച്ച ശേഷം വർക്കുബുക്കിൽ എഴുതട്ടെ.

പാഠം -3

# കൊക്കും കാക്കയും പായസം വെച്ച കഥ

*ഗുണപാഠ കഥകൾ മാത്രമല്ല, രസകരമായ കഥകൾ കൂടി കുട്ടികൾ പരിചയപ്പെടേണ്ടതുണ്ട്. ഭാഷാ ശൈലികൾ രൂപപ്പെടുത്തുന്നതിലും ഭാവനയുണർത്തുന്നതിലും പ്രകൃതിയെ സൂക്ഷ്മമായി നിരീക്ഷിക്കാനുള്ള താല്പര്യം ജനിപ്പിക്കുന്നതിലുമൊക്കെ ഇത്തരം കഥകൾക്ക് പങ്കുണ്ട്; ഒപ്പം വായനാതാല്പര്യം ജനിപ്പിക്കാനും രസകരമായ കഥകൾ പര്യാപ്തമാണ്. കുട്ടികളുടെ സ്വഭാവവും താല്പര്യങ്ങളും രൂപപ്പെടുത്തുന്നതിൽ വായനയ്ക്കു വലിയ പങ്കുണ്ടെന്നു വ്യക്തം.*

*നിരന്തരമായ വായനയിലൂടെ മാത്രമേ ഇതു സാധ്യമാവൂ. പാഠപുസ്തകത്തിലെ ഏതാനും കഥകളിലൊതുങ്ങരുത് കുട്ടികളുടെ വായന. ലൈബ്രറി ഉപയോഗപ്പെടുത്തി അവരിൽ വായനാതാല്പര്യം ജനിപ്പിക്കാൻ അധ്യാപകർ ശ്രമിക്കേണ്ടതുണ്ട്.*

*കേട്ടു പരിചയിച്ച നാടോടിക്കഥകൾ പലതുമുണ്ട്. വ്യത്യസ്ത രൂപത്തിൽ അവ ജനങ്ങൾക്കിടയിൽ പ്രചരിച്ചിട്ടുണ്ടാവും. അത്തരമൊരു കഥയാണ് കൊക്കും കാക്കയും പായസം വെച്ച കഥ. ഇത്തരം കഥകൾ അസംബന്ധമെന്നോ അപ്രായോഗികമെന്നോ വിലയിരുത്തുന്നതിൽ അർത്ഥമില്ല. കഥാവതരണം ബാലമനസ്സിലുണർത്തുന്ന അനുഭൂതികൾക്കും കഥയുടെ അവതരണ ചാരുതയ്ക്കുമാണിവിടെ പ്രാധാന്യം.*

**കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ / ധാരണകൾ**

- കഥകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്.
- സംഭാഷണം തയ്യാറാക്കി നാടകീകരണം നടത്തുന്നതിന്.
- വിവിധതരം പക്ഷികളെ തിരിച്ചറിഞ്ഞ് ആൽബം തയ്യാറാക്കുന്നതിന്.
- ചോദ്യങ്ങൾ കണ്ടെത്തുന്നതിന്.
- പാചകവിധികൾ മനസ്സിലാക്കുന്നതിന്.
- കഥ തുടർന്നു പറയുന്നതിന്.

**വ്യവഹാര രൂപങ്ങൾ**

കഥ, സംഭാഷണം

**പ്രകടിത രൂപങ്ങൾ**

ആൽബം, കുറിപ്പുകൾ , റോൾപ്ലേ

**പ്രവർത്തനങ്ങൾ**

മുൻ പാഠത്തിലെ നീലക്കുറുക്കന്റെ കഥയോർമ്മിപ്പിച്ചു തുടങ്ങാം. കുറുക്കൻ മൃഗവർഗ്ഗത്തിൽ പെട്ടതാണ്. വേറെ ഏതെല്ലാം വർഗത്തിൽപ്പെട്ട ജീവികളാണ് കാട്ടിലും നാട്ടിലുമൊക്കെ കാണാൻ കഴിയുന്നത്? ചർച്ച ചെയ്യാം.

പക്ഷി വർഗവുമായി ബന്ധപ്പെട്ട പരാമർശത്തിൽ ഊന്നി ചർച്ച ക്രോഡീകരിക്കാം.

ഏതെല്ലാം പക്ഷികളാണു നമുക്കു ചുറ്റും കാണുന്നത്?

കാക്ക, കോഴി, കൊക്ക്, താറാവ്......

കാക്കയുമായി ബന്ധപ്പെട്ട കഥകൾ പലതുമുണ്ടല്ലോ. നമുക്കൊരു കഥ വായിക്കാം.

‘കൊക്കും കാക്കയും പായസം വെച്ച കഥ’ കുട്ടികൾ വായിക്കട്ടെ.

**പാഠ ഭാഗത്തേക്ക്**

കുട്ടികൾ വ്യക്തിഗതമായി പാഠഭാഗം വായിക്കുന്നു.

തുടർന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്തു വായിക്കുന്നു. ശേഷം രണ്ടോ മൂന്നോ കുട്ടികൾ കഥ ഉറക്കെ വായിക്കുന്നു.

ടീച്ചറുടെ മാതൃകാവായന കൂടുതൽ പ്രയോജനകരമാണ്.

ടീച്ചർക്ക് ഈ കഥ കുട്ടികളെ വായിച്ചു കേൾപ്പിക്കാം. ആശയം വ്യക്തമാക്കി, കഥാപാത്രങ്ങളുടെ ഭാവമുൾക്കൊണ്ട് വേണം വായിക്കാൻ. സന്ദർഭങ്ങൾക്കനുസരിച്ചുള്ള ശബ്ദവ്യതിയാനം (Voice modulation) വായനയിൽ പ്രകടമാക്കണം. ആവശ്യമായ ശരീരഭാഷയും പ്രകടമാക്കാം.

ടീച്ചറുടെ വായനക്കു ശേഷം ഏതാനും കുട്ടികൾക്കും അതേ ശൈലിയിലുള്ള വായനക്ക് അവസരം നൽകാം.

**ഉത്തരം കണ്ടെത്താം (ടെക്സ്റ്റ് ബുക്ക്)**

കുട്ടികൾക്കു സ്വതന്ത്രവായനക്ക് അവസരം നൽകുന്ന ഒരു പ്രവർത്തനമാണിത്. ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക എന്ന ലക്ഷ്യബോധത്തോടെയുള്ള പുനർവായനയാണ് ഈ ഘട്ടത്തിൽ നടക്കുക.

ഓരോ കുട്ടിയും പാഠഭാഗം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തട്ടെ. കണ്ടെത്തിയ ഉത്തരം ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തണം. പാഠഭാഗത്തുനിന്നു നേരിട്ട് ഉത്തരം ലഭിക്കാത്ത ചോദ്യത്തിനു കുട്ടികൾ സ്വന്തം ഭാവനയനുസരിച്ച് ഉത്തരം കണ്ടെത്തട്ടെ.

ഈ ഉത്തരവുമായി ബന്ധപ്പെട്ടതാണ് വർക്ക്ബുക്കിലെ ‘കാക്കയുടെ സങ്കടം’ എന്ന പ്രവർത്തനം: ‘കുളിച്ചുവന്നപ്പോൾ കൊക്കിനെ കാണുന്നില്ല, പായസവുമില്ല. അപ്പോൾ എന്തെല്ലാമായിരിക്കും കാക്ക ചിന്തിച്ചിട്ടുണ്ടാവുക ?’

സ്വന്തം ഭാവനയനുസരിച്ച് കുട്ടികൾ ഈ പ്രവർത്തനം ചെയ്യട്ടെ.

**ചോദ്യങ്ങളുണ്ടാക്കാം (ടെക്സ്റ്റ് ബുക്ക്)**

പാഠഭാഗം വീണ്ടും വായിച്ച് ആശയം ഗ്രഹിക്കുന്നതിനു നൽകുന്ന ഒരു പ്രവർത്തനമാണിത്. കുട്ടികൾ പാഠത്തിലെ ഓരോ ഖണ്ഡികയും വിശദമായി വീണ്ടും വായിക്കട്ടെ. ആശയം ഗ്രഹിച്ചതിനുശേഷം ആ ഭാഗത്തുനിന്ന് ഉത്തരം ലഭിക്കാവുന്ന ലഘുചോദ്യങ്ങൾ നിർമ്മിക്കട്ടെ. പാഠപുസ്തകത്തിൽ കാണിച്ച ചോദ്യങ്ങളാവരുത് കണ്ടെത്തുന്നത്.

കണ്ടെത്തിയ ചോദ്യങ്ങൾ ഗ്രൂപ്പിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നു. മെച്ചപ്പെടുത്തുന്നു. ഓരോ ഗ്രൂപ്പും മെച്ചപ്പെടുത്തിയെടുത്ത ചോദ്യങ്ങൾ മറ്റൊരു ഗ്രൂപ്പിനോടു ചോദിക്കുന്നു. ഇങ്ങനെ എല്ലാ ഗ്രൂപ്പുകൾക്കും ചോദ്യങ്ങൾ ചോദിക്കാനും ഉത്തരം പറയാനും അവസരം നൽകാം.

വർക്കുബുക്കിലെ V-ാ മത്തെ പ്രവർത്തനവും ഇതുമായി ബന്ധപ്പെട്ടതും ലളിതവുമാണ്. പദങ്ങൾ ക്രമപ്പെടുത്തി ചോദ്യമാക്കുന്ന രീതിയാണിത്. അതിൽ കാണുന്ന ചോദ്യചിഹ്നങ്ങൾ (?) യഥാസ്ഥാനത്ത് ചേർക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ചോദ്യങ്ങളുടെ അവസാനം ഈ ചിഹ്നം ചേർക്കണമെന്ന് പ്രത്യേകം ഉണർത്തുകയും വേണം.

**എത്ര പക്ഷികളുടെ പേരറിയാം ? (പദസൂര്യൻ - വർക്ക് ബുക്ക്)**

പാഠത്തിലേക്കു കടക്കും മുമ്പ് പക്ഷികളെക്കുറിച്ചു ചർച്ച നടന്നിട്ടുണ്ടാവുമല്ലോ. തദടിസ്ഥാനത്തിൽ കുട്ടികൾ തങ്ങൾക്കറിയാവുന്ന പക്ഷികളുടെ പേരെഴുതട്ടെ. പരമാവധി പേരുകൾ ഉൾക്കൊള്ളിക്കാൻ പ്രോത്സാഹിപ്പിക്കണം.

**വാക്യങ്ങൾ നിർമ്മിക്കാം (വർക്ക്ബുക്ക്)**

മുൻ പാഠത്തിൽ പരിചയപ്പെട്ട പ്രവർത്തനമാണിത്. നിർദ്ദിഷ്ട പദങ്ങൾ അനുയോജ്യമായ വിധത്തിലാണ് വാക്യത്തിൽ പ്രയോഗിച്ചിരിക്കുന്നതെന്ന് ടീച്ചർ ഉറപ്പു വരുത്തണം.

കുട്ടികൾ രചിച്ച വാക്യങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. ശേഷം ഓരോ ഗ്രൂപ്പും നിശ്ചിത എണ്ണം വാക്യങ്ങൾ അവതരിപ്പിക്കട്ടെ. ടീച്ചറുടെ സഹായത്തോടെ മെച്ചപ്പെടുത്തിയ ശേഷം വർക്ക് ബുക്കിലെഴുതിയാൽ മതി.

### അഭിനയിക്കാം (ടെക്സ്റ്റ്ബുക്ക്)

കഥയിലെ കഥാപാത്രങ്ങളുടെ സംഭാഷണം തയ്യാറാക്കി നാടകീകരണം നടത്തുന്ന പ്രവർത്തനമാണിത്. റോൾപ്ലേ കുട്ടികൾക്കു പരിചിതമായിരിക്കും. അവതരിപ്പിക്കേണ്ട രംഗങ്ങൾ വിശദമായി ചർച്ച ചെയ്യട്ടെ.

- സംഭവം നടക്കുന്ന സ്ഥലമേതാണ്?
- ആരൊക്കെയാണു രംഗത്തുള്ളത്?
- എന്തൊക്കെയാണവർ ചെയ്യുന്നത്?
- ഓരോ കഥാപാത്രത്തിന്റെയും സംഭാഷണങ്ങൾ എങ്ങനെയൊക്കെയാണ്?
- കഥാപാത്രങ്ങളുടെ ചേഷ്ടകൾ എങ്ങനെ ?

ഇത്തരം ചോദ്യങ്ങളുന്നയിച്ച് ടീച്ചർ ചർച്ച നിയന്ത്രിക്കണം.

തുടർന്ന് തയ്യാറാക്കിയ സ്ക്രിപ്റ്റ് വീണ്ടും ചർച്ചക്കു വിധേയമാക്കണം. ശേഷം കഥാപാത്രങ്ങളാവാൻ സന്നദ്ധതയുള്ളവരെ കണ്ടെത്തണം. അവർ പരിശീലനം നടത്തി അവതരിപ്പിക്കട്ടെ.

അവതരണസമയത്ത് അരങ്ങുബോധം, അക്ഷരസ്ഫുടതയോടെയുള്ള സംഭാഷണം, ആവശ്യമായ ശരീരഭാഷ ഉപയോഗിക്കൽ എന്നിവ പ്രധാനമാണ്.

ഒന്നിലധികം ഗ്രൂപ്പുകൾ അവതരിപ്പിക്കാൻ തയ്യാറാണെങ്കിൽ അവർക്കവസരം നൽകണം.

### ആൽബം തയ്യാറാക്കാം (ടെക്സ്റ്റ് ബുക്ക്)

പക്ഷികളുടെ ചിത്രങ്ങൾ കുട്ടികൾ സംഘടിപ്പിക്കട്ടെ.

ക്ലാസിൽ മൊത്തമായി ഒരു ആൽബം തയ്യാറാക്കിയാൽ മതി.

ചാർട്ട്പേപ്പർ നിശ്ചിത വലുപ്പത്തിൽ മുറിച്ച് പേജുകളാക്കി മടക്കിയാൽ മറിച്ചുനോക്കാൻ കഴിയുന്ന വിധത്തിലുള്ള ആൽബങ്ങളുണ്ടാക്കാം. ആവശ്യമായ നിർദ്ദേശങ്ങൾ ടീച്ചർ നൽകിയാൽ മതി.

### പൂരിപ്പിക്കുക (ടെക്സ്റ്റ്ബുക്ക്)

നിശ്ചിത പദങ്ങൾ പ്രത്യേകം മനസ്സിലാക്കാനുള്ള ഒരു പ്രവർത്തനമാണിത്. അനുയോജ്യമായ

പദങ്ങൾ പാഠഭാഗത്തുനിന്നു തെരഞ്ഞെടുത്ത് കുട്ടികൾ പൂരിപ്പിക്കട്ടെ. അതുവഴി ആ പദങ്ങൾ പ്രത്യേകം പരിചയപ്പെടാനുള്ള അവസരം ലഭിക്കുന്നു. ടീച്ചർ വിലയിരുത്തണം.

### ഊഹിച്ചു പറയുക (ടെക്സ്റ്റ് ബുക്ക്)

കുട്ടികളുടെ ഭാവന വികസിപ്പിക്കാനുള്ള പ്രവർത്തനമാണിത്.

- കൊക്ക് എവിടെപ്പോയി?
- പായസത്തിന് എന്തു സംഭവിച്ചു?

  കുട്ടികൾ അവരവരുടെ ഭാവനക്കനുസരിച്ച് ഊഹിച്ചു പറയട്ടെ.
- പായസം റെഡിയാക്കി കാക്കയെ കാത്തിരുന്ന കൊക്കിനു വല്ല അപകടവും സംഭവിച്ചിരിക്കാം.
- പായസം മുഴുവൻ സ്വയം കുടിച്ച് കൊക്ക് കാക്കയെ വഞ്ചിച്ചു പറന്നു പോയിരിക്കാം.

ഈ വിധം ഊഹിച്ചു കഥ പറയാനുള്ള അവസരം കുട്ടികൾക്കു നൽകണം. ഏറ്റവും നന്നായി കഥ പറഞ്ഞ കുട്ടിയെ അഭിനന്ദിക്കണം.

### ചേരുവകൾ എഴുതാം, പാചകവിധി തയ്യാറാക്കാം (വർക്ക്ബുക്ക്)

കുട്ടികൾക്ക് ഹോംവർക്കായി നൽകാവുന്ന പ്രവർത്തനമാണിത്. അവർ വീട്ടിൽ ചെന്ന് കാര്യങ്ങൾ ചോദിച്ചറിഞ്ഞ് ഉത്തരമെഴുതട്ടെ. നാം കഴിക്കുന്ന ഭക്ഷണത്തെക്കുറിച്ചും അതു തയ്യാറാക്കുന്ന രീതിയെക്കുറിച്ചും മനസ്സിലാക്കാനുള്ള പ്രവർത്തനമാണിത്.

പാഠം -4

# ഒന്നാനാം കൊച്ചു തുമ്പി

*ഈണവും താളവുമൊത്ത കവിതകൾ കുട്ടികളിൽ പഠന താല്പര്യമുണർത്താനും ഭാവന വികസിപ്പിക്കാനും പര്യാപ്തമാണ്. കേട്ടുപരിചയിച്ച ഇത്തരം കവിതകളുടെ അവതരണത്തിലൂടെ ചൊല്ലിരസിക്കാനും താളവും ഈണവുമൊത്ത കവിതകൾ രചിക്കാനുമുള്ള ശേഷി വളർത്തിയെടുക്കുകയാണു ലക്ഷ്യം. ഭാഷയിലെ വൈവിധ്യമാർന്ന പ്രയോഗങ്ങൾ പരിചയപ്പെടാനും ഇതിലൂടെ അവസരമൊരുക്കുന്നു.*

**കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ / ധാരണകൾ**

- കവിതകൾ വായിച്ചും കേട്ടും ആശയം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും.
- കവിതകൾ ചൊല്ലി രസിക്കുന്നതിന്.
- ഈണവും താളവുമൊത്ത കവിതകൾ ശേഖരിക്കുന്നതിന്.
- അക്ഷരങ്ങളുടെ ഘടന, വിന്യാസം തുടങ്ങിയ ഭാഷാവസ്തുതകളും ഭാഷാപ്രയോഗങ്ങളും തിരിച്ചറിയുന്നതിന്.
- ഈണവും താളവുമൊത്ത വരികളുലൂടെ കവിതാരചനകളിൽ ഏർപ്പെടുന്നതിന്.

**വ്യവഹാര രൂപങ്ങൾ**

കവിത, വിവരണം

**പ്രകടിത രൂപങ്ങൾ**

കവിത, ചാർട്ടുകൾ

**മനോഭാവം**

കവിതകളോട് ആഭിമുഖ്യവും താല്പര്യവും.

**പ്രവർത്തനങ്ങൾ**

ടീച്ചർ ഈണത്തിൽ പാടുന്നു.

- ''തുമ്പീവാ തുമ്പക്കുടത്തിൻ
  തുഞ്ചത്തായൂഞ്ഞാലിടാം.....

(പാഠപുസ്തകത്തിൽ പ്രവർത്തനങ്ങളിൽ അവസാനമായി കൊടുത്ത 6 വരി)

- ഈ പാട്ട് നിങ്ങൾ കേട്ടിട്ടില്ലേ?
- ആരെയാണ് ഈ പാട്ടിൽ വിളിക്കുന്നത്?

'തുമ്പിയെയാണു വിളിക്കുന്നത്' എന്ന കുട്ടികളുടെ പ്രതികരണത്തിലൂന്നി 'നമുക്ക് തുമ്പിയെക്കുറിച്ചുള്ള മറ്റൊരു കവിത പഠിക്കാം' എന്നു പറഞ്ഞ് പാഠഭാഗം അവതരിപ്പിക്കാം.

ടീച്ചറുടെ അവതരണത്തിനു ശേഷം കുട്ടികൾ സംഘങ്ങളായി കവിത ക്ലാസിൽ അവതരിപ്പിക്കട്ടെ.

വ്യത്യസ്ത ഈണങ്ങൾ കണ്ടെത്താനുള്ള സൂചനകൾ നൽകാം.

സമാനമായ കവിതകൾ ചൊല്ലി ഈണം പരിചയപ്പെടുത്താം. ഇതിന്നു സി.ഡികൾ പ്രയോജനപ്പെടുത്താം. തുടർന്ന് ഈരണ്ടു പേർ ചേർന്ന് (ഒരാൾ തുമ്പിയും മറ്റൊരാൾ കുട്ടിയുമായി) കവിത ഈണത്തിൽ ചൊല്ലാം.

**പാഠ വിശകലനം**

- കുട്ടി തുമ്പിയോടു ചോദിക്കുന്നതെന്ത്?
- തുമ്പിയുടെ മറു ചോദ്യമെന്ത്?
- കൂടെ ചെന്നാൽ കുട്ടി തുമ്പിക്ക് എന്തെല്ലാം കൊടുക്കാമെന്നാണു പറയുന്നത്?

ചോദ്യങ്ങൾക്ക് ഉത്തരം കുട്ടികൾ പറയട്ടെ.

**ചേരുംപടി ചേർക്കാം (ടെക്സ്റ്റ് ബുക്ക്)**

പാഠഭാഗം വിശകലനം ചെയ്താൽ ഈ പ്രവർത്തനം വളരെ എളുപ്പത്തിൽ ചെയ്യാനാവും. അവർ ചേരും പടി ചേർത്ത് നോട്ടുബുക്കിൽ എഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

**പിരിച്ചെഴുതാം (ടെക്സ്റ്റ്ബുക്ക്)**

സന്ധിയെക്കുറിച്ച് അവബോധമുണ്ടാക്കാനുള്ള പ്രവർത്തനമാണിത്. എന്നാൽ വ്യാകരണമെന്ന നിലയിലല്ലാതെ ലളിതമായി പദങ്ങൾ വേർതിരിച്ചെഴുതി മാറ്റങ്ങൾ വ്യക്തമാക്കിക്കൊടുത്താൽ മതി. (ബ്ലാക് ബോഡിൽ എഴുതിക്കാണിക്കണം.)

ഉദാ: എന്തെല്ലാം - എന്ത് + എല്ലാം (ആദ്യപദത്തിലെ രണ്ടാമത്തെ അക്ഷരത്തിൽ നിന്ന് സംവൃതോകാരം നഷ്ടമാകുന്നു)

**ചേർത്തു പറയാം (ടെക്സ്റ്റ്ബുക്ക്)**

രണ്ടുവർണ്ണങ്ങൾ കൂടിച്ചേരുമ്പോൾ ഇടയിലൊരു വർണം ഇരട്ടിക്കുന്ന ദ്വിത്വസന്ധിക്ക് ഉദാഹരണങ്ങളാണീ പദങ്ങൾ. വർണ്ണം ഇരട്ടിക്കുന്നതെവിടെ എന്നു വ്യക്തമാക്കിക്കൊടുത്താൽ മതി.(BB)

**എത്ര വാക്കുകളുണ്ടാക്കാം ? (വർക്ക്ബുക്ക്)**

ക, ള അക്ഷരങ്ങൾക്ക് ചിഹ്നങ്ങൾ ചേർത്തുണ്ടാക്കാവുന്ന വാക്കുകൾ.

കുട്ടികൾ ഗ്രൂപ്പടിസ്ഥാനത്തിൽ ഈ പ്രവർത്തനം നടത്തട്ടെ - അർത്ഥമുള്ള വാക്കുകളാവണം കണ്ടെത്തുന്നത്. ടീച്ചർ വിലയിരുത്തണം.

**കൂട്ടക്ഷരങ്ങളുള്ള വാക്കുകൾ എഴുതുക (വർക്ക്ബുക്ക്)**

കൂട്ടക്ഷരങ്ങളെക്കുറിച്ചു കുട്ടികൾക്ക് ബോധമുണ്ടാക്കാൻ ഈ പ്രവർത്തനം സഹായകമാണ്. മലയാളത്തിൽ കൂട്ടക്ഷരങ്ങൾ രണ്ടു വിധത്തിലെഴുതുന്നുണ്ട്. ഒന്നിനുമേൽ മറ്റൊന്ന് : പ്പ, ണ്ണ, വ്വ, ക്ക, ട്ട തുടങ്ങിയവ.

ഒന്നിനു പിറകെ മറ്റൊന്ന് : ന്ന, ത്ത, മ്മ, ഞ്ഞ തുടങ്ങിയവ.

ഈ രണ്ടു വിധത്തിലുള്ള അക്ഷരങ്ങളും ഉൾക്കൊള്ളുന്ന വാക്കുകൾ എഴുതാൻ നിർദ്ദേശിച്ചിട്ടുണ്ട്. പരമാവധി വാക്കുകൾ കുട്ടികൾ കണ്ടെത്തി എഴുതട്ടെ.

**സംഭാഷണഗാനം എഴുതുക (വർക്ക്ബുക്ക്)**

ഒന്നാനാം കൊച്ചുതുമ്പി എന്ന കവിത ഈ ഇനത്തിൽ പെട്ടതാണല്ലോ. ഇതുപോലെ കുട്ടികൾ സങ്കല്പിച്ചെഴുതട്ടെ. വേറെയും മാതൃക നൽകാം. വ്യക്തിഗതമായി എഴുതിയ വരികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തണം. എന്നിട്ടാവാം ക്ലാസിൽ അവതരിപ്പിക്കുന്നത്. ടീച്ചറുടെ ഇടപെടൽ അനിവാര്യമാണ്.

ടീച്ചർക്ക് : തത്തേ, തത്തേ, പച്ചത്തത്തേ
തത്തിത്തത്തീ വന്നാട്ടേ
എന്നുടെയരികെയിരുന്നാട്ടേ
കഥകൾ പലതും ചൊന്നാട്ടേ

പറ്റില്ലല്ലോ ചങ്ങാതീ
പാറിപ്പാറിപറക്കണ്ടേ
പശി മാറ്റാനായ് പോയീല്ലേൽ
പട്ടിണിയാണേ ചങ്ങാതീ

അയ്യോ തത്തേ പോകരുതേ
പാറിപ്പാറിപ്പോകരുതേ
എന്നുടെ കൂട്ടിലിരുന്നാൽ ഞാൻ
പാലും പഴവും തന്നീടാം
　　കൂട്ടിലിരുന്നാൽ പറ്റില്ലാ
　　പാറിപ്പോവാതൊക്കില്ലാ
　　ഈശൻ തന്നിരു ചിറകതുമായ്
　　പാറുവതല്ലോ സന്തോഷം!

## വാക്യങ്ങൾ നിർമ്മിക്കാം (വർക്ക് ബുക്ക്)

കുട്ടിക്കവിതകളുടെ രചനയ്ക്ക് സഹായകമാവുന്ന പ്രവർത്തനമാണിത്. ഒരേ ശൈലിയിലുള്ള പുതിയ പുതിയ വാക്യങ്ങൾ കണ്ടെത്തട്ടെ. മൃഗങ്ങളോടും പക്ഷികളോടുമൊക്കെയാവാം ചോദ്യങ്ങൾ. അവരുടെ ഭാവനക്കനുസരിച്ച് പുതിയ വാക്യങ്ങൾ കണ്ടെത്താൻ പ്രോത്സാഹിപ്പിക്കണം. മാതൃകകൾ നൽകിയ ശേഷം ഗ്രൂപ്പ് പ്രവർത്തനമായി വാക്യങ്ങൾ കണ്ടെത്തട്ടെ. മെച്ചപ്പെട്ടത് ക്ലാസിൽ അവതരിപ്പിക്കണം. ടീച്ചർ വിലയിരുത്തണം.

## പാഠം 5

# ഖലീഫഃ ഉമർ

*ഗുണപാഠകഥകൾ സ്വഭാവ രൂപീകരണത്തിൽ കാതലായ പങ്ക് വഹിക്കുന്നുണ്ട്. ഇത്തരം കഥകൾ കോർത്തിണക്കിക്കൊണ്ട് ധാരാളം ബാലസാഹിത്യ കൃതികളുണ്ട്. അവയിൽ വളരെ പ്രാധാന്യമർഹിക്കുന്നവയാണ് അറേബ്യൻ കഥകൾ. സദ്ഗുണ സമ്പന്നനായ ഖലീഫ: ഉമർ എന്ന ഭരണാധികാരിയുടെ ധാരാളം കഥകൾ പ്രചാരത്തിലുണ്ട്. പ്രജകളുടെ ക്ഷേമവും ഐശ്വര്യവും മാത്രം ലക്ഷ്യംവെച്ച് അവരിലൊരാളെ പോലെ കഴിയാൻ ആഗ്രഹിച്ച അദ്ദേഹത്തിന്റെ കഥകൾ കുട്ടികളിൽ അനുതാപം, സ്നേഹം, സഹിഷ്ണുത, സത്യസന്ധത തുടങ്ങിയ നല്ല മനോഭാവങ്ങളും മൂല്യങ്ങളും വളർത്തുവാൻ സഹായിക്കും.*

*ഖലീഫ: ഉമർ സത്യസന്ധതയ്ക്ക് നൽകിയ മഹത്തായ ഒരു സമ്മാനം വ്യക്തമാക്കുന്ന കൊച്ചുകഥയാണ് ഈ പാഠഭാഗത്തുള്ളത്. മനോഭാവങ്ങളും മൂല്യങ്ങളും കുട്ടികളിൽ വളർത്തുന്നതിനൊപ്പം ഭാഷാപരമായ ചില നൈപുണികളും കുട്ടികളിൽ എത്തിക്കാൻ ഈ പാഠഭാഗത്തുകൂടി കഴിയണം. കഥയോടുള്ള കുട്ടിയുടെ താൽപര്യത്തെ മുതലെടുത്തുകൊണ്ട് സ്വാഭാവികമായി ഭാഷാശേഷികൾക്കുള്ള പ്രവർത്തനങ്ങൾ കോർത്തിണക്കിയാണ് പാഠഭാഗം ക്രമീകരിച്ചിരിക്കുന്നത്. ഓരോ പ്രവർത്തനത്തിന്റെയും ഭാഷാപരമായ ലക്ഷ്യം തിരിച്ചറിഞ്ഞ് കുട്ടികളുടെ സർഗശേഷികൾ പരിപോഷിപ്പിക്കുന്ന തരത്തിലായിരിക്കണം പ്രവർത്തനം കൈകാര്യം ചെയ്യേണ്ടത്.*

*കുട്ടി നേടേണ്ട ശേഷികളെക്കുറിച്ചും ടീച്ചർ കടന്നുപോകേണ്ട പഠന പ്രക്രിയാഘട്ടങ്ങളെക്കുറിച്ചും ക്ലാസ് മുറിയിൽ രൂപം കൊള്ളേണ്ട ഉൽപ്പന്നങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ ഉണ്ടാവണം. അതിനുവേണ്ട ആസൂത്രണം നടത്തിയാൽ കുട്ടിയിൽ ഭാഷാപഠനം കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താം.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ /ധാരണകൾ

- കഥയിൽനിന്നും സത്യസന്ധതയുടെ മാഹാത്മ്യം മനസ്സിലാക്കി ജീവിതത്തിൽ പകർത്തുന്നതിന്.
- കഥകൾ വായിച്ച് ആശയം മനസ്സിലാക്കുന്നതിന്.
- ആശയം ഉൾക്കൊണ്ട് ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടെത്തി എഴുതുന്നതിന്
- പരിചിത പദങ്ങൾ ചേർത്ത് ആശയപൂർണ്ണതയോടെ പുതിയ വാക്യങ്ങൾ നിർമ്മിക്കുന്നതിന്.
- നിഘണ്ടു നോക്കി പദങ്ങളുടെ അർത്ഥം കണ്ടെത്തുന്നതിന്.
- ശേഖരിച്ചതോ എഴുതിയതോ ആയ കഥകൾ പതിപ്പാക്കുന്നതിന്.

### വ്യവഹാര രൂപങ്ങൾ

കഥ, സംഭാഷണം

### പ്രകടിത രൂപങ്ങൾ

കഥാ പതിപ്പ്

### പ്രവർത്തനങ്ങൾ

കുട്ടികൾക്ക് അവസരം നൽകാം. അവർ ഇഷ്ടമുള്ള ഒരു കഥ പറയട്ടെ.
ടീച്ചർ ഒരു കഥ പറയുന്നു.

**മരം വെട്ടുകാരന്റ കഥ**

(മഴു പുഴയിലെ വെള്ളത്തിൽ വീണു - സങ്കടമായി - ദേവത പുഴയിൽ നിന്നും പൊങ്ങിവന്നു - മരം വെട്ടുകാരൻ കാര്യം പറഞ്ഞു - സ്വർണ്ണമഴുകൊടുത്തു - വാങ്ങിയില്ല - വെള്ളി മഴു നൽകി - വാങ്ങിയില്ല - യഥാർത്ഥമഴു നൽകി - മരം വെട്ടുകാരൻ വാങ്ങി - മരം വെട്ടുകാരന്റെ സത്യസന്ധത - ദേവത മൂന്നു മഴുവും സമ്മാനം നൽകി).

ടീച്ചർ ഭാവാത്മകമായി കഥ ക്ലാസിൽ അവതരിപ്പിക്കുന്നു.

ഈ കഥയിൽ നിന്നും എന്താണ് മനസ്സിലാക്കേണ്ടത്?

മരം വെട്ടുകാരന്റെ സ്ഥാനത്ത് നിങ്ങളായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു?

ഇത്തരം ചോദ്യങ്ങളിലൂടെ കഥയിലെ ആശയം മുഴുവൻ കുട്ടികളിലും എത്തിക്കാൻ ശ്രമിക്കുമല്ലോ? ഇതുപോലെ നാം മാതൃകയാക്കേണ്ട സന്ദേശങ്ങൾ നൽകുന്ന ഒരു കഥ നമ്മുടെ പാഠ പുസ്തത്തിലുണ്ട്.

**പാഠഭാഗത്തേക്ക്**

കുട്ടികൾ പാഠഭാഗം വായിക്കട്ടെ.

വ്യക്തിഗതവായന

ഓരോ ഗ്രൂപ്പിലെയും അംഗങ്ങൾ ശ്രാവ്യവായന നടത്തി നല്ല വായനക്കാരനെ കണ്ടെത്തുന്നു.

**ടീച്ചർക്ക്**
മികച്ച വായനക്കാരനെ എങ്ങനെ കണ്ടെത്താം →

- ആവശ്യമായ നിർത്തലുകളോടെയും ഉയർച്ച താഴ്ച യോടെയും വായിക്കുന്നു.
- ഉച്ചാരണ ശുദ്ധിയോടെ വായിക്കുന്നു.
- ആശയം വ്യക്തമാകും വിധം പദങ്ങളെ കൂട്ടിച്ചേർത്ത് വായിക്കുന്നു.
- ചിഹ്നങ്ങളുടെ സൂചനകൾക്കനുസരിച്ച് വായിക്കുന്നു.

ഓരോ ഗ്രൂപ്പിലെയും മികച്ച വായനക്കാർ കഥ പൊതുവായി ക്ലാസിൽ വായിക്കുന്നു.

**ടീച്ചറുടെ മാതൃകാവായന.**

പാഠഭാഗത്ത് കുട്ടികൾക്ക് അർത്ഥമറിയാത്ത പദങ്ങൾ ഉണ്ടാകാം. അവ കണ്ടെത്തി അടിയിൽ വരയ്ക്കട്ടെ. അർത്ഥം കണ്ടെത്താനുള്ള പ്രക്രിയ മുൻ പാഠങ്ങളിൽ നൽകിയിട്ടുണ്ട്. ആ പ്രക്രിയാഘട്ടങ്ങൾ പാലിച്ചുകൊണ്ടുള്ള പ്രവർത്തനം ക്ലാസിൽ നടക്കണം. അതിലൂടെ അർത്ഥം കണ്ടെത്താൻ കഴിയാത്ത പദങ്ങൾ ഉണ്ടെങ്കിൽ അവ ക്ലാസിൽ പൊതുവായി അവതരിപ്പിക്കുകയും ടീച്ചർ ബ്ലാക്ക് ബോർഡിൽ എഴുതുകയും ചെയ്യുന്നു.

ക്ലാസിലെ ലൈബ്രറിയിൽ നിന്നും നിഘണ്ടു കുട്ടികൾക്ക് നൽകുകയും അതിൽ നിന്നും അർത്ഥം കണ്ടെത്തുകയും ചെയ്യട്ടെ.

കുട്ടികൾ സ്വയം നിഘണ്ടു പരിശോധിക്കട്ടെ. പദങ്ങൾ കണ്ടെത്താൻ വിഷമിക്കുന്ന ഗ്രൂപ്പിന് ചില നിർദ്ദേശങ്ങൾ നൽകാം. പദങ്ങളും കണ്ടെത്തിയ അർത്ഥവും നോട്ട് ബുക്കിൽ എഴുതട്ടെ.

നിഘണ്ടുവിൽ പദങ്ങൾ കണ്ടെത്തിയ എളുപ്പവഴി ഗ്രൂപ്പുകൾ അവതരിപ്പിക്കട്ടെ. (വേണ്ട കൂട്ടിച്ചേർക്കലുകൾ ടീച്ചർ നൽകേണ്ടതുണ്ട്.)

**വർക്ക് ബുക്ക് പ്രവർത്തനം – 1**

സമാന പദങ്ങൾ പാഠത്തിൽ നിന്നും കണ്ടെത്താനുള്ള പ്രവർത്തനം. പദങ്ങളുടെ അർത്ഥം തിരിച്ചറിഞ്ഞ കുട്ടികൾക്ക് ശേഷി പ്രബലനത്തിനുള്ള പ്രവർത്തനം. വ്യക്തിഗതമായി കുട്ടികൾ ചെയ്യുന്നു.

– സ്വയം വിലയിരുത്തൽ – ടീച്ചറുടെ വിലയിരുത്തൽ.

**ഉത്തരമെഴുതാം(ടെക്സ്റ്റ് ബുക്ക് പേജ് 30)**

പാഠത്തിന്റെ പുനർവായനയ്ക്കുവേണ്ടി തയ്യാറാക്കിയ പ്രവർത്തനമാണിത്. ഉത്തരം കണ്ടെത്തേണ്ടത് കുട്ടിയുടെ ആവശ്യമായി വരുന്നതിനാൽ വായനയിൽ യാന്ത്രികത ഉണ്ടാകുന്നില്ല.

ഓരോ ചോദ്യങ്ങളും വായിച്ച് ഉത്തരം കണ്ടെത്തട്ടെ.

- വ്യക്തിഗതമായി നോട്ടുബുക്കിൽ രേഖപ്പെടുത്തട്ടെ.

ടെക്സ്റ്റ് ബുക്കിലെ വാക്യങ്ങൾ നേരിട്ട് പകർത്തുകയല്ല വേണ്ടത്. ഉത്തരമായി കണ്ടെത്തിയ ഭാഗത്തെ വാക്യങ്ങളുടെ ആശയം ഗ്രഹിച്ച് സ്വന്തം വാക്യത്തിലെഴുതാനുള്ള പ്രേരണ നൽകണം.

**ഉദാഹരണം**

എന്തിനുവേണ്ടിയായിരുന്നു ഖലീഫയുടെ രാത്രി സഞ്ചാരം?
തന്റെ ജനങ്ങളുടെ സുഖദു:ഖങ്ങൾ തിരിച്ചറിയാൻ
വേണ്ടിയായിരുന്നു ഖലീഫ രാത്രിയിൽ
ഗ്രാമങ്ങളിൽ കൂടി സഞ്ചരിച്ചിരുന്നത്.

ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതിയ ശേഷം രണ്ടുപേർ തമ്മിൽ കൈമാറി വിലയിരുത്തട്ടെ സ്വന്തം രചന മെച്ചപ്പെടുത്താൻ അവസരം നൽകുന്നു.

- കൂട്ടുകാരൻ എഴുതിയതിൽ നിന്ന് എന്ത് വ്യത്യാസമാണുള്ളത്?

- ഞാൻ എന്തുമാറ്റമാണ് വരുത്തേണ്ടത്?

ഇത്തരം ചിന്തയിലൂടെ സ്വന്തം രചനകൾ കുട്ടികൾ മെച്ചപ്പെടുത്തി മാറ്റി എഴുതുന്നു. ടീച്ചർ വിലയിരുത്തുന്നു.

**വാക്യങ്ങൾ പാഠഭാഗത്തുനിന്നും കണ്ടെത്തുന്നു (ടെക്സ്റ്റ് ബുക്ക് പേജ് 31)**

താൽപര്യത്തോടെ വായിക്കാൻ അവസരമൊരുക്കുന്ന പ്രവർത്തനമാണ്. കൃത്യമായ ലക്ഷ്യം മുൻനിർത്തിയാണ് കുട്ടി വായിക്കുന്നത്. അതുകൊണ്ടുതന്നെ അക്ഷരങ്ങൾ, പദങ്ങൾ ഇവ ഓരോ വാക്യത്തിലും സൂക്ഷ്മതയോടെ നോക്കിക്കാണും. പാഠ പുസ്തകത്തിൽ നൽകിയിട്ടുള്ള ഓരോ പദവും കുട്ടി വായിക്കട്ടെ.

പാഠ ഭാഗത്ത് എവിടെ, ഏതു വാക്യത്തിൽ ആണ് നിർദ്ദിഷ്ടപദങ്ങൾ ചേർന്ന് വരുന്നതെന്ന് കണ്ടെത്തി നോട്ട് ബുക്കിൽ എഴുതട്ടെ.

പാഠഭാഗത്ത് മറ്റേതെങ്കിലും വാക്യത്തിൽ ഈ പദങ്ങൾ ചേർന്ന് വരുന്നുണ്ടോ? പാഠ ഭാഗം പൂർണ്ണമായും വായിക്കുന്നതിനുവേണ്ടിയാണ് ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നത്.

കുട്ടിയുടെ രചന ടീച്ചർ വിലയിരുത്തുന്നു.

**വർക്ക് ബുക്ക് പ്രവർത്തനം - 2 വാക്യങ്ങൾ നിർമ്മിക്കാം**

സൂചന നൽകിയിട്ടുള്ള പദം ഉപയോഗിച്ച് കുട്ടി സ്വതന്ത്രമായി വാക്യരചനയിൽ ഏർപ്പെടുന്നതിനുള്ള പ്രവർത്തനം.

അടിവരയിട്ട പദം ഉൾക്കൊള്ളുന്ന വാക്യം കുട്ടികൾ വായിക്കട്ടെ. വായനയിലൂടെ ഈ പദങ്ങളുടെ അർത്ഥം കുട്ടി മനസ്സിലാക്കട്ടെ.

അതേ പദം മറ്റു വാക്യങ്ങളിൽ പ്രയോഗിച്ച് നോക്കി ആശയ പൂർണത ഉറപ്പാക്കിയ ശേഷം വർക്ക് ബുക്കിൽ എഴുതട്ടെ.

- വ്യക്തിഗത രചന

- കൈമാറി വിലയിരുത്തൽ-സ്വയം മെച്ചപ്പെടുത്തൽ-ടീച്ചർ തയ്യാറാക്കിയ വാക്യങ്ങൾ ആവശ്യമെങ്കിൽ ക്ലാസിൽ എഴുതി പ്രദർശിപ്പിക്കാം.

- മുതിർന്നവർ നല്ല കാര്യങ്ങൾ പറഞ്ഞു തരുമ്പോൾ തർക്കുത്തരം പറയുന്നത് ശരിയല്ല.
- പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് ഉചിതമായ നഷ്ടപരിഹാരം നൽകണം.

**വർക്ക്ബുക്ക് പ്രവർത്തനം – വിപരീത അർത്ഥമുള്ള പദമെഴുതാം**

കുട്ടികൾക്ക് വളരെ പരിചിതമായ പദങ്ങളാണ്. അവയുടെ എതിർപദം എഴുതാൻ കുട്ടികൾക്ക് പ്രയാസം ഉണ്ടാകില്ല സ്വയം വായിച്ച് പ്രവർത്തനം പൂർത്തിയാക്കട്ടെ.

ടീച്ചർ വിലയിരുത്തുമ്പോൾ തെറ്റായി എഴുതിയ കുട്ടികൾ ഉണ്ടെങ്കിൽ ചില ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കാം.

**ശരിയായ പദം കള്ളിയിലാക്കുക (ടെക്സ്റ്റ് ബുക്ക് പേജ് 31)**

പദങ്ങളിലെ അക്ഷരങ്ങളുടെ ശരിയായ ലിഖിത രൂപം തിരിച്ചറിയാനുള്ള പ്രവർത്തനമാണ്. പദങ്ങളുടെ കൃത്യതയാർന്ന ഉച്ചാരണം ഉറപ്പിക്കാൻ ഇത് സഹായകമാണ്.

പാഠ പുസ്തകത്തിൽ നൽകിയിരിക്കുന്ന പദങ്ങൾ കുട്ടികൾ വായിക്കട്ടെ.

- ഓരോ പദങ്ങളുടേയും ശരിയായ ഉച്ചാരണത്തിലാണ് ശ്രദ്ധ നൽകേണ്ടത്.
- ടീച്ചറുടെ മാതൃകാവായന.
- ശരിയായ ലിഖിത രൂപം ഏതാണ്?

കുട്ടികൾ കണ്ടെത്തി കള്ളിയിലാക്കട്ടെ. നൽകിയിരിക്കുന്ന മാതൃക നോക്കി എല്ലാ കുട്ടികളും പ്രവർത്തനം പൂർത്തീകരിക്കട്ടെ.

- ഓരോരുത്തരും കള്ളിയിലാക്കിയ പദങ്ങൾ അവർ വ്യക്തിഗതമായി ഉച്ചത്തിൽ വായിക്കട്ടെ. ഉച്ചാരണത്തിൽ തെറ്റുപറ്റിയാൽ മറ്റു കുട്ടികൾ കണ്ടെത്തി ശരിയായ രീതിയിൽ വായിച്ച് കേൾപ്പിക്കട്ടെ. മുഴുവൻ കുട്ടികൾക്കും വായിക്കാൻ അവസരം നൽകണം.

| | | | |
|---|---|---|---|
| സ്വകാര്യം | ധീരത | സഞ്ചാരം | അനാഥ |

**വർക്ക് ബുക്ക് പ്രവർത്തനം 3 പദങ്ങൾ ചേർത്തെഴുതാം**

രണ്ട് സ്വതന്ത്ര പദങ്ങൾ ചേർത്ത് ഒറ്റപ്പദമാക്കാനുള്ള പ്രവർത്തനമാണ്.

പദങ്ങൾ തമ്മിൽ ചേർത്ത് ഒറ്റപ്പദമാക്കുമ്പോൾ അക്ഷരങ്ങളിൽ വരുന്ന മറ്റം കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്. ചില ഉദാഹരണങ്ങൾ ടീച്ചർ പരിചയപ്പെടുത്തിക്കൊടുക്കണം.

പറയുക + ഇല്ല → പറയുകയില്ല.

ഇവിടെ രണ്ടാമത്തെ പദത്തിലാണ് മാറ്റം വന്നത്.

എന്തുമാറ്റമാണ് വന്നത്?

കുട്ടികൾ തിരിച്ചറിയട്ടെ.

പോകണം + എന്ന് → പോകണമെന്ന്

ഇവിടെ രണ്ട് പദങ്ങളിലും മാറ്റം ഉണ്ടായി. ഇത്തരം ചില ഉദാഹരണങ്ങൾ നൽകിയ ശേഷം വർക്ക് ബുക്കിലെ പ്രവർത്തനങ്ങൾ കുട്ടികൾ സ്വയം ചെയ്യട്ടെ. കൈമാറി വിലയിരുത്തുന്നു. ടീച്ചർ വിലയിരുത്തുന്നു.

**വർക്ക് ബുക്ക് പ്രവർത്തനം – 4 മാതൃക പോലെ എഴുതാം**

വർക്ക് ബുക്ക് പ്രവർത്തനം മൂന്നിനോട് ചേർത്ത് നൽകാവുന്ന പ്രവർത്തനമാണിത്.

മാതൃക പ്രവർത്തനത്തിൽ തന്നെ നൽകിയിട്ടുള്ളതിനാൽ കുട്ടികൾക്ക് നിർദ്ദേശം നൽകിയാൽ മതി. സ്വയം ഏറ്റെടുത്ത് കുട്ടികൾ ചെയ്യട്ടെ. ടീച്ചർ വിലയിരുത്തണം.

അത്യാഗ്രഹം
അത്യാവശ്യം
അത്യാർത്തി
അത്യാശ്ചര്യം

**പദങ്ങൾ ചേർത്ത് വാക്യങ്ങൾ വികസിപ്പിക്കാമോ? (ടെക്സ്റ്റ് ബുക്ക് പേജ് 31)**

ഓരോ പദങ്ങൾ വീതം ചേർത്ത് വളരുന്ന വാക്യം നിർമ്മിക്കാനുള്ള പ്രവർത്തനമാണ്.

വാക്യത്തിൽ വളർച്ച വ്യക്തമാകുന്ന ഒരു ഉദാഹരണം പാഠപുസ്തകത്തിൽ നൽകിയിട്ടുണ്ട്.

ഒരു പദത്തിൽ ആരംഭിച്ച് പൂർണ്ണ ആശയത്തിലെത്തുന്ന ഒരു പ്രവർത്തനമാണ് നൽകിയിരിക്കുന്നത്.

ഇത് കുട്ടികൾ വായിക്കട്ടെ.

''രാവിലെ'' എന്ന പദത്തിലാണല്ലോ തുടങ്ങിയത് തുടക്കം മാറ്റാതെ ആശയം ഉൾക്കൊള്ളുന്ന വാക്യം നിർമ്മിക്കാമോ?

- കുട്ടികൾ ശ്രമിക്കട്ടെ.

ഓരോ പദങ്ങളും കുട്ടികൾ പറയുന്നതനുസരിച്ച് ബോർഡിൽ ടീച്ചർ എഴുതുന്നു. വാക്യത്തിന്റെ വളർച്ച മനസ്സിലാക്കാൻ ഓരോ ഘട്ടവും ടീച്ചർ ആവർത്തിച്ച് എഴുതണം.

പൂർണ്ണ ആശയത്തിൽ എത്തിച്ചേരുമ്പോൾ എഴുത്ത് നിർത്താം.

മറ്റൊരുദാഹരണം ക്ലാസ്സിൽ അവതരിപ്പിക്കാം.

**രാവിലെ**
രാവിലെ എഴുന്നേറ്റ്
രാവിലെ എഴുന്നേറ്റ് പല്ലുതേച്ച് കുളിച്ച്
രാവിലെ എഴുന്നേറ്റ് പല്ലുതേച്ച് കുളിച്ച് സ്കൂളിലേക്ക്
രാവിലെ എഴുന്നേറ്റ് പല്ലുതേച്ച് കുളിച്ച് സ്കൂളിലേക്ക് പുറപ്പെട്ടു

തുടർന്ന് പുസ്തകത്തിലെ വീട്ടിലെവരാന്തയിൽ എന്ന പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി ചെയ്യട്ടെ.

''വീട്ടിലെ'' എന്ന പദത്തിൽ നിന്നും

''വീട്ടിലെ വരാന്തയിൽ'' എന്നുവരെ എല്ലാ കുട്ടികളും ഒരേപോലെ എഴുതട്ടെ.

സ്വന്തം ഭാവനയ്ക്കനുസരിച്ച് പൂർണ്ണ ആശയമുള്ള വാക്യം ഓരോ കുട്ടിയും നിർമ്മിക്കട്ടെ.

- കൈമാറി വിലയിരുത്തട്ടെ (ഗ്രൂപ്പിൽ)

വ്യത്യസ്ത വാക്യങ്ങൾ ആണ് നിർമ്മിക്കപ്പെടുക.

ഓരോ കുട്ടിയുടെ രചനയും ടീച്ചർ വിലയിരുത്തണം.

**അക്ഷരം മാറ്റി ആശയം മാറ്റാമോ? (ടെക്സ്റ്റ് ബുക്ക് പേജ് 32)**

ഒരു വാക്യത്തിലെ ഒരക്ഷരം മാറ്റിയാൽ വാക്യത്തിലെ ആശയം പൂർണ്ണമായും മാറാൻ സാധ്യതയുണ്ട് എന്ന് തിരിച്ചറിയുന്ന പ്രവർത്തനമാണ്.

പ്രവർത്തനത്തിലെ മാതൃകയിൽ നിന്നു തന്നെ ആശയത്തിൽ വരുന്ന മാറ്റം കുട്ടികൾക്ക് മനസ്സിലാകും.

''വെള്ളം കുടിക്കാൻ പറ്റും'' എന്ന വാക്യത്തിലെ 'ട' എന്ന അക്ഷരം മാറ്റി ഏത് അക്ഷരം ചേർത്തെഴുതിയാലാണ് വ്യത്യസ്തമായ ആശയം സൃഷ്ടിക്കാൻ കഴിയുക.

കുട്ടികൾ സ്വയം കണ്ടെത്തി എഴുതട്ടെ.

വെള്ളം കുളിക്കാൻ പറ്റും

ഇതുപോലെ എത്ര വാക്യങ്ങൾ കണ്ടെത്താൻ കഴിയും കുട്ടികളെ ചെറിയ ഗ്രൂപ്പുകളാക്കുന്നു. പരമാവധി വാക്യങ്ങൾ ഗ്രൂപ്പിൽ കണ്ടെത്തട്ടെ.

- ഗ്രൂപ്പുകൾ തമ്മിൽ മത്സരം നടത്താം.
- നിർമ്മിച്ച വാക്യങ്ങൾ ആദ്യം തീർന്നുപോയ ഗ്രൂപ്പുകൾ പുറത്താകുന്നു.
- ഏത് ഗ്രൂപ്പാണ് ജയിച്ചത്?
- എന്തുകൊണ്ടാണ് ഈ ഗ്രൂപ്പ് ജയിച്ചത്?

അവർ കൂടുതൽ
വാക്യങ്ങൾ ഉണ്ടാക്കി

- ഞാൻ എവിടെ ഇരിക്കും (ഇ)
- ഇവിടെ തുപ്പരുത് (അ)
- അനുവിന് ചാടാൻ കഴിയും (ഓ)
- കുരങ്ങൻ തലയിൽ കയറി (മ)

**സമാന അർത്ഥമുള്ള പദങ്ങൾ കണ്ടെത്താം (ടെക്സ്റ്റ് ബുക്ക് പേജ് 32)**

ഒരേ അർത്ഥം വരുന്ന മറ്റ് പദങ്ങൾ കണ്ടെത്താനുള്ള പ്രവർത്തനം. 3-ാം യൂണിറ്റിൽ ഇത്തരം പ്രവർത്തനം ചെയ്തിട്ടുണ്ട്. അതേ പ്രക്രിയ ഘട്ടങ്ങൾ പാലിച്ച് പ്രവർത്തനം പൂർത്തീകരിക്കുമല്ലോ?

| | | | | |
|---|---|---|---|---|
| ധാരാളം | - | അധികം | - | കൂടുതൽ |
| വെള്ളം | - | ജലം | - | നീര് |
| സഞ്ചാരം | - | യാത്ര | - | ഗമനം |
| വീട് | - | വസതി | - | ഗൃഹം |

**വർക്ക് ബുക്ക് പ്രവർത്തനം – 5 ഉത്തരമെഴുതാം**

പാഠഭാഗത്തുനിന്നും ആശയം ഉൾക്കൊണ്ട് ഉത്തരം കണ്ടെത്തിയെഴുതാനുള്ള പ്രവർത്തനമാണ്. ഓരോ ചോദ്യവും വായിച്ച് ഉത്തരം വ്യക്തിഗതമായി കണ്ടെത്തട്ടെ.

ടെക്സ്റ്റ് ബുക്കിലെ ഉത്തരമെഴുതാം പ്രവർത്തനത്തിൽ കുട്ടി കണ്ടെത്തിയ ഉത്തരങ്ങൾ ഇവിടെ ആവർത്തിച്ച് വരാം. ആശയം പൂർണ്ണതയോടെ സ്വന്തം വാക്യത്തിൽ ഉത്തരം എഴുതാൻ നിർദ്ദേശിക്കണം. ഗൃപപാഠമായി നൽകി ടീച്ചർ വിലയിരുത്തൽ നടത്തിയാൽ മതിയാകും.

**കഥയുണ്ടാക്കാം**

സത്യസന്ധനായ മരം വെട്ടുകാരന്റെ കഥ ഓർമ്മയുണ്ടല്ലോ? സ്വർണ്ണമഴു ലഭിച്ച നല്ലവനായ മരം വെട്ടുകാരൻ അതു വിറ്റു കിട്ടിയ പണം ഉപയോഗിച്ച് സുഖമായി കഴിഞ്ഞു പോന്നു. അയാളുടെ ഉയർച്ചയിൽ അസൂയ തോന്നിയ അയൽക്കാരൻ പണം സമ്പാദിച്ചതെങ്ങിനെയെന്ന് ചോദിച്ചു. പാവം മരം വെട്ടുകാരൻ നടന്ന സംഭവങ്ങൾ വിവരിച്ചു പറഞ്ഞു. കേട്ടയുടനെ അത്യാഗ്രഹിയായ അയൽക്കാരൻ തന്റെ പഴയ മഴുവുമെടുത്തുകൊണ്ട് കാട്ടിലേക്ക് പോയി...........

ബാക്കി കഥ എഴുതി നോക്കൂ.... കഥയ്ക്ക് ഒരു പേരും നൽകണേ. കുട്ടികൾ ഭാവനയ്ക്കനുസരിച്ച് കഥ വികസിപ്പിക്കട്ടെ. നോട്ടുബുക്കിൽ എഴുതിയ കഥ കൂട്ടുകാരുമായി ചർച്ച ചെയ്ത് മെച്ചപ്പെടുത്തട്ടെ.

എല്ലാ കുട്ടികൾക്കും അ4 പേപ്പർ നൽകി കഥ എഴുതി വാങ്ങുന്നു. ശേഖരിച്ച കഥകൾ ചേർത്ത് ക്ലാസിൽ കഥാപ്പതിപ്പ് നിർമ്മിക്കുന്നു.

ക്ലാസിൽ പതിപ്പ് പ്രകാശനം ചെയ്യുന്നു.

വായനാമൂലയിലേക്ക് ......

## പാഠം 6

# ഉണ്ണിപിറന്നു

*അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധം മനുഷ്യരാശിയോളം പഴക്കമുണ്ട്. ഭൂമിയിലെ പവിത്രമായ ബന്ധവും ഇതുതന്നെ. കുഞ്ഞുങ്ങളോടുള്ള അമ്മയുടെ സ്നേഹം, ത്യാഗം, വാത്സല്യം എന്നിവ പ്രതിപാദ്യ വിഷയമായ ഒരു കവിതയാണ് ഉണ്ണിപിറന്നു എന്നത്. തന്റെ കുഞ്ഞിനെ വളർത്താൻ ഒരമ്മ അനുഭവിക്കുന്ന ത്യാഗത്തിന്റെ ആവിഷ്കാരമാണ് കവിത – സ്നേഹം തുളുമ്പുന്ന മാതൃത്വം അനുഭവിച്ച കുട്ടിക്ക് ഈ കവിതാഭാഗം ഇഷ്ടമാകും.*

*ഇടശ്ശേരി ഗോവിന്ദൻ നായരുടെ പ്രസിദ്ധകൃതിയായ പൂതപാട്ടിലെ വരികളാണ് തെരഞ്ഞെടുത്തിരിക്കുന്നത്. കവിതകൾ ചൊല്ലി ആസ്വദിക്കുന്നതിനും കവിതകൾ ഇഷ്ടപ്പെടുന്നതിനും ഈ പാഠാവതരണത്തിലൂടെ സാധിക്കണം.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ /ധാരണകൾ

- അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധം പവിത്രമാണ്.
- കവിതകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും
- കവിതകൾ ചൊല്ലി രസിക്കുന്നതിന്
- പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നതിനും ആശയം ഗ്രഹിക്കുന്നതിനും
- ഭാവന, ആശയവ്യക്തത ഈണം താളം എന്നിവ ഉൾക്കൊണ്ട് കവിതകൾ രചിക്കുന്നതിന്.

### വ്യവഹാര രൂപങ്ങൾ

കവിത, പഴഞ്ചൊല്ലുകൾ

### പ്രകടിത രൂപങ്ങൾ

കവിത, പഴഞ്ചൊല്ലുകൾ

### മനോഭാവം

അമ്മയുടെ സ്നേഹം തിരിച്ചറിയുന്നതിനും ബന്ധം കാത്തു സൂക്ഷിക്കുന്നതിനും.

### പ്രവർത്തനങ്ങൾ

ടീച്ചർ ഒരു താരാട്ട് പാട്ട് അവതരിപ്പിക്കുന്നു.

ഓമനത്തിങ്കൾ കിടാവോ – നല്ല<br>
കോമളത്താമരപ്പൂവോ.<br>
പൂവിൽ നിറഞ്ഞമധുവോ പരി<br>
പൂർണ്ണേന്ദു തന്റെ നിലാവോ.<br>
പുത്തൻ പവിഴക്കൊടിയോ – നറു<br>
തത്തകൾ കൊഞ്ചും മൊഴിയോ<br>
ചാഞ്ചാടിയാടും മയിലോ – മൃദു<br>
പഞ്ചമം പാടും കുയിലോ.

ടീച്ചർ ഈണത്തിൽ ചൊല്ലിയതിനുശേഷം ഈ കവിതയുടെ പ്രത്യേകത ചർച്ച ചെയ്യുന്നു.

കുട്ടികളെ ഉറക്കുന്നതിന് പാടുന്ന താരാട്ടു പാട്ടുകൾ സിനിമകളിലുണ്ടാവാറുണ്ട്. അത്തരം പാട്ടുകൾ പാടാൻ അവസരം നൽകുന്നു.

**ഉണ്ണി വാ വാ വോ പൊന്നുണ്ണി വാ വാ വോ..**
**ആറ്റുനോറ്റുണ്ടായൊരുണ്ണി......**

ആരാണ് കുട്ടികളെ താരാട്ട് പാടിയുറക്കാറുള്ളത്?
അമ്മ കുട്ടിക്ക് വേണ്ടി മറ്റേന്തൊക്കെ ചെയ്യും?
കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.
നങ്ങേലി എന്നു പേരുള്ള ഒരമ്മ തന്റെ കുട്ടിക്ക് വേണ്ടി എന്തൊക്കെ ചെയ്ത് കാണും?
കുട്ടികൾ വ്യക്തിഗതമായി പാഠഭാഗത്തെ കവിത വായിക്കുന്നു.
നങ്ങേലി എന്തൊക്കെ ചെയ്തു?
ടീച്ചർ നിർദ്ദേശിക്കുന്ന കുട്ടികൾ പ്രതികരിക്കുന്നു.

**ഈണം കണ്ടെത്താം.**

കവിതകൾ കുട്ടികൾ സ്വന്തമായി വായിക്കാത്തത് പലപ്പോഴും കവിതയുടെ ഈണം തിരിച്ചറിയാത്തതുകൊണ്ടാവാം. അതിനാൽ ഏതു കവിതയും സ്വന്തമായി ഈണം നൽകാൻ കുട്ടിയെപരിശീലിപ്പിക്കേണ്ടതുണ്ട്. ആദ്യ വായന കഴിഞ്ഞാൽ ഈണം എന്തായിരിക്കും എന്ന് കണ്ടെത്താൻ അവസരം ഒരുക്കണം. തുടർന്ന് ഈ കവിത ആലപിക്കാൻ കഴിയുന്ന മറ്റ് ഈണങ്ങൾ പരിചയപ്പെടുകയും വേണം. ഒടുവിൽ കവിതയ്ക്ക് അനുയോജ്യമായ ഈണം തെരഞ്ഞെടുത്ത് കവിതചൊല്ലുകയും പഠിക്കുകയും വേണം.

കുട്ടികൾ വ്യക്തിഗതമായി കവിതയ്ക്ക് ഈണം കണ്ടെത്തട്ടെ. 5 പേരുടെ ഗ്രൂപ്പിൽ ഈണം അവതരിപ്പിക്കുന്നു.

മെച്ചപ്പെട്ട ഈണം തെരഞ്ഞെടുക്കുന്നു – ഈ ഘട്ടത്തിൽ ടീച്ചറുടെ ഇടപെടൽ ആവശ്യമാണ്. മറ്റ് ഗ്രൂപ്പുകൾ കണ്ടെത്തിയതിൽ നിന്ന് വ്യത്യസ്തമായി ഈണം ഓരോ ഗ്രൂപ്പും അവതരിപ്പിക്കാൻ ടീച്ചർ ഇടപെടണം.

ഓരോ ഗ്രൂപ്പും കവിത ചൊല്ലുന്നു.

മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു –

ടീച്ചർ ആശയവ്യക്തതയോടെ ഭാവം ഉൾക്കൊണ്ട് കവിത അവതരിപ്പിക്കുന്നു. സി.ഡി. കൾ ഉപയോഗിക്കാം.

**അർത്ഥം കണ്ടെത്താം**

പാഠ ഭാഗത്തുനിന്നും അർത്ഥമറിയാത്ത പദങ്ങൾ കുട്ടികൾ കണ്ടെത്തി നോട്ടുബുക്കിൽ എഴുതുന്നു.

മാളികവീട് , ആറ്റിൻവക്കത്ത്, ആറ്റുനോറ്റ്, കാതിൽ, കുടക്കടുക്കൻ
പാപ്പ, മാനം, മാമു, തങ്കക്കട്ടിൽ, അമ്പിളി, തണുതണപ്പൂന്തുട

ഈ പദങ്ങളാവും പട്ടികപ്പെടുത്തുക–
ഈ പദങ്ങൾ ഓരോന്നായി കുട്ടി അവതരിപ്പിക്കുന്നു –
മറ്റു കുട്ടികൾ ആ പദം ചേർന്നു വരുന്ന വാക്യം വായിക്കുന്നു.
അർത്ഥം ഊഹിക്കുന്നു – ചർച്ച ചെയ്ത് ആശയവ്യക്തത
വരുത്തുന്നു – അർത്ഥം ബോർഡിൽ എഴുതുന്നു.
കുട്ടികൾ എഴുതിയെടുക്കുന്നു.

**സമാനപദങ്ങൾ വരച്ചു ചേർക്കുക (ടെക്സ്റ്റ് ബുക്ക്)**

തിരിച്ചറിഞ്ഞ അർത്ഥം പ്രയോഗിക്കാനുള്ള ഒരു പ്രവർത്തനമാണിത്.
പ്രവർത്തനത്തിലെ പദങ്ങൾ കുട്ടികൾ വായിക്കുന്നു.

സമാനപദങ്ങൾ കണ്ടെത്തി വരച്ച് യോജിപ്പിക്കുന്നു.
ടീച്ചർ വിലയിരുത്തുന്നു.

**വരികൾ കണ്ടെത്താമോ? (ടെക്സ്റ്റ് ബുക്ക്)**

ആവശ്യബോധത്തോടെ കവിത വീണ്ടും സ്വയം വായിക്കുന്നതിന് പ്രചോദിപ്പിക്കുന്ന മറ്റൊരു പ്രവർത്തനമാണിത്.

'കുട്ടിയെ നിലത്തും തലയിലും വയ്ക്കാൻ പറ്റില്ല.
താലോലം പാടി തങ്കക്കട്ടിലിൽ കിടത്തുന്നു.''

ഈ വാക്യങ്ങൾ കുട്ടികൾ വായിക്കുന്നു. ഈ വാക്യത്തിലെ ആശയം വരുന്ന വരികൾ കുട്ടികൾ കണ്ടെത്തട്ടെ, അവതരിപ്പിക്കട്ടെ.

ടീച്ചർ നിർദ്ദേശിക്കുന്ന കുട്ടികളാണ് അവതരിപ്പിക്കേണ്ടത്.

**ക്രമപ്പെടുത്താം (വർക്ക് ബുക്ക്)**

കവിതയിലെ ആശയം വ്യക്തമായി മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനമാണിത്.

പ്രവർത്തനത്തിലെ ഓരോ വരിയിലേയും പദങ്ങൾ കുട്ടികൾ വായിക്കട്ടെ. അവ ക്രമം തെറ്റിയാണ് എഴുതിയിരിക്കുന്നത്. ക്രമപ്പെടുത്തി ഓരോ വരിയും എഴുതട്ടെ.

എഴുതിയശേഷം ശരിയാണോ എന്ന് പാഠ പുസ്തകം നോക്കി വിലയിരുത്തട്ടെ.

**പദങ്ങൾ പിരിച്ചെഴുതാം (വർക്ക് ബുക്ക്)**

ആശയ ഗ്രഹണത്തിന് ഒറ്റപ്പദങ്ങളെ ഘടക പദങ്ങളാക്കിയാണ് അർത്ഥവ്യക്തതവരുത്തുന്നത്. ഒറ്റപ്പദങ്ങളിലെ ഓരോ ഘടകപദത്തിന്റേയും ആശയം മനസ്സിലാവണം. അതിനാൽ ഘടക പദങ്ങൾ ആദ്യം തിരിച്ചറിയണം. ഇതിനുള്ള പ്രവർത്തനമാണിത്.

പദങ്ങൾ കുട്ടികൾ വായിക്കുന്നു.
ഏതൊക്കെ പദങ്ങൾ ചേർന്നതാണെന്ന് കണ്ടെത്തുന്നു.
പിരിച്ചെഴുതുന്നു - ടീച്ചർ വിലയിരുത്തുന്നു.

മോരൊഴിച്ചൊപ്പി = മോര് + ഒഴിച്ച് + ഒപ്പി
ഉണ്ണിക്കരയിലെക്കിങ്ങിണി = ഉണ്ണിക്ക് + അരയിലെ + കിങ്ങിണി
ആറ്റുനോറ്റിട്ടൊരുണ്ണി = ആറ്റുനോറ്റിട്ട് + ഒരു+ ഉണ്ണി

വ്യത്യസ്ത ആവശ്യങ്ങൾക്ക് വേണ്ടി പാഠ ഭാഗം സ്വയം വായിച്ച കുട്ടി ഇതിനകം ആശയഗ്രഹണം സ്വന്തമായി നടത്തിയിട്ടുണ്ടാകും. ഇത് ശരിയായ രീതിയിലാണോ എന്ന് സ്വയം വിശകലനം ചെയ്യാൻ കുട്ടിക്ക് അവസരം ലഭിക്കണം.

ടീച്ചർ പാഠ ഭാഗം വായിക്കുന്നു-
ഓരോ വരിയും വായിച്ച് ആശയം ചർച്ച ചെയ്യുന്നു.
കുട്ടികൾ ആശയം തിരിച്ചറിയുന്നു - അർത്ഥവ്യക്തത വരുത്തുന്നു -
കവിത ഒരിക്കൽ കൂടി ഈണത്തിലും താളത്തിലും ഭാവത്തിലും ആലപിക്കുന്നു.

**ഉത്തരമെഴുതാം (ടെക്സ്റ്റ് ബുക്ക്)**

കുട്ടികൾ സ്വയം ചെയ്യേണ്ട ഒരു പ്രവർത്തനമാണിത്.
ഓരോ ചോദ്യവും വായിച്ച് ഉത്തരം പാഠ ഭാഗത്തുനിന്ന് കണ്ടെത്തി നോട്ട്ബുക്കിൽ എഴുതുന്നു.
അവതരിപ്പിക്കുന്നു - ചർച്ച ചെയ്യുന്നു.
മെച്ചപ്പെടുത്തി ബോർഡിലെഴുതുന്നു.
കുട്ടികൾ തെറ്റുതിരുത്തുന്നു.

### വരികളിലെ ആശയം പറയാം (ടെക്സ്റ്റ് ബുക്ക്)

മുമ്പു ചർച്ച ചെയ്ത ആശയങ്ങൾ കുട്ടികൾക്ക് സ്വയം കണ്ടെത്താനുള്ള പ്രവർത്തനമാണിത്.

'മാനത്തമ്പിളി മാമനെ കാട്ടിട്ടു
മാമു കൊടുക്കുന്നു നങ്ങേലി''

ഈ വരികളിലെ ആശയം കുട്ടികൾ എഴുതുന്നു.

അവതരിപ്പിക്കുന്നു. ചർച്ച ചെയ്യുന്നു. മെച്ചപ്പെടുത്തുന്നു. കവിതയുടെ ആശയം ഗദ്യ രൂപത്തിൽ എഴുതാൻ ആവശ്യപ്പെടാം.

### പഴഞ്ചൊല്ലുകൾ ശേഖരിക്കാം (ടെക്സ്റ്റ് ബുക്ക്)

പഴഞ്ചൊല്ലുകൾ ഭാഷയുടെ ഒരു വ്യവഹാര രൂപമാണ്. വലിയ വലിയ ആശയങ്ങളെ സംക്ഷിപ്തമായി അവതരിപ്പിക്കുന്നതാണ് പഴഞ്ചൊല്ല്. പഴഞ്ചൊല്ലിനെ വിശദീകരിച്ചാൽ ഒരു പാട് കാര്യങ്ങൾ പറയാനുമുണ്ടാകും. ഭാഷ പ്രയോഗിക്കുമ്പോൾ പഴഞ്ചൊല്ലുകൾക്ക് വലിയ സ്ഥാനമാണുള്ളത്. അതിനാൽ പഴഞ്ചൊല്ലുകളുടെ ആശയം കണ്ടെത്തുന്നതിനും പഴഞ്ചൊല്ലുകൾ ശേഖരിച്ച് ഹൃദിസ്ഥമാക്കി ഉചിതമായ സന്ദർഭത്തിൽ ഉപയോഗിക്കാനും കുട്ടികൾക്കു കഴിയണം.

പഴഞ്ചൊല്ലുകൾ ഓരോന്നായി വായിക്കുന്നു.

ഓരോന്നിന്റെയും ആശയം ചർച്ച ചെയ്യുന്നു.

ഏതൊക്കെ സന്ദർഭത്തിലാണ് ഇവ ഉപയോഗിക്കുക?

ചർച്ചയുടെ അടിസ്ഥാനത്തിൽ ചില ഉദാഹരണങ്ങൾ അവതരിപ്പിക്കുന്നു.

ഇതുപോലെ മറ്റെന്തൊക്കെ പഴഞ്ചൊല്ലുകൾ നമുക്ക് കണ്ടെത്താം?

കുട്ടികൾ പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നു. ശേഖരിച്ച പഴഞ്ചൊല്ലുകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

എല്ലാ പഴഞ്ചൊല്ലുകളും ഒരു ചാർട്ടിൽ എഴുതിക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. കുട്ടികളെ ചുമതലപ്പെടുത്താം.

### പാടിനോക്കാം (ടെക്സ്റ്റ് ബുക്ക്)

കവിതകൾ പാടി രസിക്കുന്നതിനും കൂടുതൽ കവിതകൾ ശേഖരിക്കുന്നതിനും കുട്ടികൾക്ക് പ്രചോദനം ലഭിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനമാണിത്.

കുട്ടികൾ കവിത വ്യക്തിഗതമായി വായിക്കട്ടെ.

ചില കുട്ടികൾ  ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

ലഘു ചോദ്യങ്ങൾ ചോദിക്കുന്നു –

ആരെക്കുറിച്ചാണ് കവിത?

എന്താണ് ഗാന്ധിജി പറഞ്ഞിരുന്നത്?

കൂടുതൽ ചോദ്യങ്ങൾ കണ്ടെത്തി ചോദിക്കാം

കവിതയിലെ ആശയം ചർച്ച ചെയ്യാം.

ഇതുപോലെ കുട്ടികളുമായി ബന്ധപ്പെട്ടതോ ഗാന്ധിജിയുമായി ബന്ധപ്പെട്ടതോ ആയ കവിതകൾ കുട്ടികൾ ശേഖരിച്ച് ക്ലാസ്സിൽ അവതരിപ്പിക്കട്ടെ.

### ഉത്തരം കണ്ടെത്താം എഴുതാം (വർക്ക് ബുക്ക്)

വർക്കുബുക്കിലെ ഈ പ്രവർത്തനം കുട്ടികൾക്ക് സ്വയം ചെയ്യാനുള്ളതാണ്.

ചോദ്യങ്ങൾ വായിക്കുന്നു. പാഠ ഭാഗം വായിച്ച് ഉത്തരം കണ്ടെത്തി എഴുതുന്നു. ടീച്ചർ വിലയിരുത്തുന്നു.

### പദങ്ങൾ കണ്ടത്താം, എഴുതാം (വർക്ക് ബുക്ക്)

വർക്കുബുക്കിലെ അക്ഷരങ്ങൾ ചേർത്ത് പദങ്ങളുണ്ടാക്കി വർക്കുബുക്കിലെഴുതുന്നു. ടീച്ചർ വിലയിരുത്തുന്നു.

### വരികൾ കൂട്ടിച്ചേർക്കാമോ? (ടെക്സ്റ്റ് ബുക്ക്)

താളത്തിനൊപ്പിച്ച് കവിത രചിക്കാൻ പരിശീലിപ്പിക്കുന്ന പ്രവർത്തനമാണിത്. അമ്മയും കുഞ്ഞും തമ്മി

ലുള്ള ബന്ധം കുട്ടി വളരുമ്പോൾ വിപുലമായിക്കൊണ്ടിരിക്കും. ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങുന്ന കുട്ടി, കാണുന്നതെന്തും സംശയത്തോടെ നോക്കുന്ന കുട്ടി, ചോദ്യം ചോദിച്ച് അറിവുനേടുന്ന കുട്ടിയെ പരിചയപ്പെടുത്തുന്നതാണ് കവിതയിലെ ആശയം.

കവിതയിലെ വരികൾ കുട്ടികൾ വായിക്കുന്നു.

രണ്ടു കുട്ടികൾ ചേർന്ന് ചൊല്ലി അവതരിപ്പിക്കുന്നു.

കുട്ടി ചോദ്യം ചോദിക്കുന്നു അമ്മ ഉത്തരം പറയുന്നു. പിന്നീടെന്തൊക്കെയായിരിക്കും കുട്ടി ചോദിച്ചിട്ടുണ്ടാവുക? അമ്മ എന്തുത്തരം പറഞ്ഞിട്ടുണ്ടാകും?

ചോദ്യങ്ങൾ ടീച്ചർ ചോദിക്കുന്നു.

കുട്ടികൾ കവിതയിലെ വരികൾ കൂട്ടിച്ചേർത്ത് എഴുതുന്നു.

കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഗ്രൂപ്പിൽ

താളക്രമം ചർച്ച ചെയ്യുന്നു. ചൊല്ലിനോക്കുന്നു. ഗ്രൂപ്പിലെ എല്ലാ അംഗങ്ങളുടെയും സഹകരണത്തോടെ കവിത മെച്ചപ്പെടുത്തുകയോ പുതിയവ നിർമ്മിക്കുകയോ ചെയ്യുന്നു.

ഗ്രൂപ്പുകൾ ചൊല്ലി അവതരിപ്പിക്കുന്നു.

ഓരോ ഗ്രൂപ്പും കടലാസ്സിൽ തയ്യാറാക്കിയ കവിത ഒരു ചാർട്ട് പേപ്പറിൽ ഒട്ടിച്ച് ''ഞങ്ങളുടെ കവിതകൾ'' പ്രദർശിപ്പിക്കുന്നു.

**മാറ്റി എഴുതാം (വർക്ക് ബുക്ക്)**

ഭാഷാ വസ്തുതകൾ വ്യാകരണങ്ങൾ എന്നിവ തിരിച്ചറിയുന്നത് ചില പ്രയോഗങ്ങളിലൂടെയാണ്. അതിനുള്ള അവസരങ്ങളിലൊന്നാണിത്.

മാതൃക വായിക്കുന്നു.

രാത്രിയിൽ കാറ്റുണ്ട്. രാത്രിയിൽ മഴയുണ്ട്.

രാത്രിയിൽ കാറ്റും മഴയുമുണ്ട്

രണ്ടു വാക്യങ്ങളെ ഒറ്റവാക്യമാക്കിമാറ്റിയപ്പോൾ എന്തൊക്കെമാറ്റങ്ങൾ വന്നു?

- എന്തൊക്കെ ഒഴിവാക്കി?
- എന്തൊക്കെ കൂട്ടിച്ചേർത്തു?

ചർച്ച ചെയ്ത് മാറ്റങ്ങൾ ബോധ്യപ്പെടുന്നു.

ആശയത്തിന് മാറ്റം വരാതെ ഇങ്ങനെ വാക്യങ്ങളെ ചേർത്തെഴുതാൻ കഴിയും.

മറ്റ് വാക്യങ്ങൾ കുട്ടികൾ വായിക്കട്ടെ.

മാറ്റി എഴുതുന്നു. അവതരിപ്പിക്കുന്നു.

ചർച്ച - മെച്ചപ്പെടുത്തൽ - വിലയിരുത്തൽ

എന്നെ അറിയാമോ/ കടങ്കഥകൾ

കടങ്കഥ വായിച്ച് കുട്ടികൾ ഉത്തരം വർക്കുബുക്കിലെഴുതുന്നു ടീച്ചർ വിലയിരുത്തുന്നു.

1. എങ്ങുനോക്കിയാലും കാലില്ലാ പന്തൽ - ആകാശം
2. എല്ലാം തിന്നും എല്ലാം ദഹിക്കും<br>വെള്ളം കുടിച്ചാൽ ചത്തുപോകും - തീ, അഗ്നി
3. എന്റെ തോട്ടത്തിലെ പൂക്കൾ<br>എണ്ണിട്ടും എണ്ണിട്ടും തീരുന്നില്ല - നക്ഷത്രം

കൂടുതൽ കടങ്കഥകൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കട്ടെ. കടങ്കഥാ പയറ്റ് നടത്താം.

**പൂതപ്പാട്ട്**

ഇടശ്ശേരി ഗോവിന്ദൻ നായരുടെ പ്രസിദ്ധമായ കൃതിയാണ് പൂതപ്പാട്ട്.

പൂതപ്പാട്ടിലെ കഥ കുട്ടികൾക്ക് പരിചയപ്പെടുത്തണം-

എല്ലാവരേയും ഉപദ്രവിച്ചിരുന്ന പൂതം നങ്ങേലി എന്ന അമ്മയ്ക്ക്

കുട്ടിയോടുണ്ടായിരുന്ന സ്നേഹംമൂലം മനം മാറ്റം സംഭവിച്ചതും -

ഇഷ്ടപ്പെട്ട ഉണ്ണിയെ അന്വേഷിച്ച് വീടു വീടാന്തരം കയറിയിറങ്ങുന്നതും

കുട്ടികൾക്ക് വിവരിച്ചുകൊടുക്കണം

## കവി പരിചയം

### ഇടശ്ശേരി ഗോവിന്ദൻ നായർ

(1906–1974)

ശക്തിയുടെ കവി – 1906 ഡിസംബർ 23–ന് മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്തു ജനിച്ചു. വി. കൃഷ്ണക്കുറുപ്പും ഇടശ്ശേരി കുഞ്ഞുക്കുട്ടിയമ്മയുമാണ് അച്ഛനമ്മമാർ. വക്കീൽ ഗുമസ്തനായി ജോലിനോക്കി. കേരളസാഹിത്യ അക്കാദമി, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 1974 ഒക്ടോബർ 16ന് അന്തരിച്ചു. കഥാകൃത്ത് ഇ. ഹരികുമാർ ഇടശ്ശേരിയുടെ മകനാണ്.

പൂതത്തെ തോൽപിച്ച് ഉണ്ണിയെ വീണ്ടെടുത്ത അമ്മയുടെ കഥ പറയുന്ന പൂതപ്പാട്ട്, കാവിലെ പാട്ട്, നെല്ലു കുത്തുകാരി പാറുവിന്റെ കഥ, പുത്തൻ കലവും അരിവാളും, വിവാഹ സമ്മാനം, പെങ്ങൾ, പണിമുടക്കം, തുടങ്ങിയവ കഥ പറയുന്ന കവിതകളാണ് – അളകാവലി, കറുത്ത ചെട്ടിച്ചികൾ, ഒരു പിടി നെല്ലിക്ക, ത്രിവിക്രമനു മുമ്പിൽ, തെരഞ്ഞെടുത്ത കൃതികൾ, കുങ്കുമ പ്രഭാതം അന്തിത്തിരി എന്നിവയാണ് കവിതാസമാഹാരങ്ങൾ. ഇടശ്ശേരി രചിച്ച നാടകമാണ് കൂട്ടുകൃഷി.

## പാഠം -7

# ആതിരയുടെ ഓർമ്മക്കുറിപ്പ്

*ഭാഷയുടെ പ്രകടനം വിവിധ വ്യവഹാര രൂപങ്ങളിലൂടെയാണ്. അതുകൊണ്ടുതന്നെ ഭാഷാപഠനം എല്ലാ വ്യവഹാരരൂപങ്ങളിലൂടെയും നടക്കണം.*

*അധ്യാപക ദിനാചരണവുമായി ബന്ധപ്പെട്ടതാണ് ഈ പാഠഭാഗം. ഡോ. രാധാകൃഷ്ണനെക്കുറിച്ചു മനസ്സിലാക്കാനും അധ്യാപകരെ ആദരിക്കാനും കുട്ടികൾക്ക് പ്രേരണ നൽകാൻ ഈ പാഠഭാഗം പ്രയോജനപ്പെടുത്താം.*

*ഡയറി (ഓർമ്മക്കുറിപ്പ്) എന്ന വ്യവഹാര രൂപത്തിലാണ് ഈ പാഠഭാഗം തയ്യാറാക്കിയിരിക്കുന്നത്. ഡയറിയെഴുത്ത് പൊതുവെ കുറഞ്ഞുകൊണ്ടിരിക്കുന്ന കാലമാണിത്. ആധുനിക വാർത്താമാധ്യമങ്ങളുടെയും വിനോദോപകരണങ്ങളുടെയും മറ്റും തള്ളിക്കയറ്റത്തിൽ സമൂഹത്തിൽ നിന്ന് അന്യം നിന്നു പോകുന്ന ഒരു വ്യവഹാര രൂപം. എന്നാൽ ഡയറി എഴുത്ത് അവഗണിക്കപ്പെടേണ്ടതല്ല; എന്നും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതും ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതുമാണ്. കഴിഞ്ഞകാലത്തെ ഓർക്കാൻ മാത്രമല്ല, സുപ്രധാനമായ ഒരു രേഖ കൂടിയാണ് ഡയറിക്കുറിപ്പുകൾ. ജീവിത സായാഹ്നത്തിൽ പോലും വ്യക്തികൾക്കും പൊതുസമൂഹത്തിനു തന്നെയും അത് അറിവും അനുഭൂതിയും പ്രദാനം ചെയ്യുന്നു. ഈ പ്രാധാന്യത്തോടെ വേണം ഡയറി എന്ന വ്യവഹാര രൂപത്തെ കാണാൻ. കേവലം ഒരു പാഠഭാഗം എന്നതിലുപരി ഡയറിഎഴുത്ത് ശീലമാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ / ധാരണകൾ

- ഡോ.എസ്. രാധാകൃഷ്ണനെക്കുറിച്ച് മനസ്സിലാക്കുന്നതിന്.
- ഡയറിക്കുറിപ്പുകൾ വായിച്ചു മനസ്സിലാക്കുന്നതിന്.
- സ്വാനുഭവങ്ങൾ ഡയറിക്കുറിപ്പായി എഴുതുന്നതിന്.
- ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള കഴിവുനേടുന്നതിന്.
- പ്രാധാന്യമർഹിക്കുന്ന ദിനങ്ങൾ തിരിച്ചറിയുന്നതിന്.
- പ്രഭാഷണം തയ്യാറാക്കുന്നതിന്.
- പദങ്ങളുടെ വിവിധ പ്രയോഗരീതികൾ തിരിച്ചറിയുന്നതിന്.

### വ്യവഹാര രൂപങ്ങൾ

ഡയറിക്കുറിപ്പ്, പ്രഭാഷണം

### പ്രകടിത രൂപങ്ങൾ

ഡയറിക്കുറിപ്പ്, പ്രഭാഷണം, ചോദ്യങ്ങൾ, ദിനാചരണങ്ങളുടെ ചാർട്ട്

### മനോഭാവം

മഹാന്മാരെ ആദരിക്കാനും അധ്യാപകരെ ബഹുമാനിക്കാനുമുള്ള മനോഭാവം.

### പ്രവർത്തനങ്ങൾ

ടീച്ചർ കുട്ടികളുമായി സൗഹൃദ സംഭാഷണമാരംഭിക്കുന്നു.

- ഇന്നലെ നിങ്ങൾ എവിടെയായിരുന്നു?
- എന്തൊക്കെ വിശേഷങ്ങളാണ് ഇന്നലെ ഉണ്ടായിരുന്നത്?
- എന്തൊക്കെയാണു നിങ്ങൾ ചെയ്തത്?
- ആരെയൊക്കെ കണ്ടു? സംസാരിച്ചു?
- എന്തൊക്കെ അനുഭവങ്ങളുണ്ടായി?
- എന്തൊക്കെയാണ് നിങ്ങൾ ആലോചിച്ചിരുന്നത്?

കുട്ടികളുടെ പ്രതികരണങ്ങൾ ശ്രദ്ധിക്കുക. തുടർന്ന് അവരോടു നിർദ്ദേശിക്കാം: 'ശരി, ഇനി എല്ലാവരും ഇന്നലെ രാവിലെ മുതൽ രാത്രി വരെ ചെയ്ത കാര്യങ്ങളെക്കുറിച്ചും പോയ സ്ഥലങ്ങളെക്കുറിച്ചും കണ്ട ആൾക്കാരെക്കുറിച്ചുമെല്ലാം ക്രമത്തിൽ ഓർത്തെടുത്ത് ഒന്നെഴുതി നോക്കുക.'

വ്യക്തിഗതമായി എഴുതിയ കുറിപ്പുകൾ 5 പേരടങ്ങുന്ന ഗ്രൂപ്പിൽ വായിക്കുന്നു. ഓരോ ഗ്രൂപ്പും മെച്ചപ്പെട്ട ഒരു കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുന്നു.

ഇങ്ങനെ ഓരോ ദിവസവും നടന്ന കാര്യങ്ങളും ചിന്തകളും അതാത് ദിവസം എഴുതുന്നതാണ് ഓർമ്മക്കുറിപ്പുകൾ, അഥവാ ഡയറി.

ചർച്ച ഈ നിഗമനത്തിലേക്ക് ക്രോഡീകരിച്ചശേഷം ടീച്ചർ പാഠസന്ദർഭം അവതരിപ്പിക്കുന്നു.

അധ്യാപക ദിനവുമായി ബന്ധപ്പെട്ട ഓർമ്മക്കുറിപ്പാണ് പാഠഭാഗം. ഡോ. സർവേ പിള്ളി രാധാകൃഷ്ണൻ എന്ന മഹാമനുഷ്യനെ പരിചയപ്പെടുത്താനുള്ള അവസരം കൂടിയാണിത്.

ഡോ. എസ്. രാധാകൃഷ്ണൻ. സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ വൈസ് പ്രസിഡണ്ടും (1952 –1962) രണ്ടാമത്തെ പ്രസിഡണ്ടും. (1962–1967) പ്രശസ്ത നയതന്ത്രജ്ഞനും തത്വചിന്തകനും വിദ്യാഭ്യാസ വിചക്ഷണനും. ജനനം: 1888 സപ്തം. 5. മരണം : 1975 ഏപ്രിൽ 17. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നു ബിരുദവും ബിരുദാനന്തര ബിരുദവും നേടി. മദ്രാസ് പ്രസിഡൻസി കോളേജിലും മൈസൂർ, കൽക്കത്ത യൂണിവേഴ്സിറ്റികളിലും പ്രൊഫസർ ആയി ജോലി ചെയ്തു. തത്വചിന്ത, മത താരതമ്യം എന്നീ വിഷയങ്ങളിൽ നിരവധി പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. വിദേശ സർവ്വകലാശാലകളിൽ പ്രഭാഷണം നടത്തി. ആന്ധ്രാ യൂണിവേഴിസിറ്റിയുടെയും ബനാറസ് യൂണിവേഴ്സിറ്റിയുടെയും വൈസ്ചാൻസലറായും പ്രവർത്തിച്ചു. ഐക്യരാഷ്ട്ര സഭയിൽ ഇന്ത്യയുടെ പ്രതിനിധിയായി. നിരവധി ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾക്ക് അർഹനായി. 1954–ൽ ഭാരത രത്ന അവാർഡ് ലഭിച്ചു. 'ഇന്ത്യൻ ഫിലോസഫി'യാണു പ്രധാന കൃതി.

സെപ്തംബർ 5 അധ്യാപക ദിനമായിരുന്നല്ലോ. അന്ന് ആതിരയുടെ സ്കൂളിൽ ഗംഭീരമായ അധ്യാപക ദിനാഘോഷ പരിപാടികളായിരുന്നു. എന്തെല്ലാമാണവിടെ നടന്നതെന്നറിയേണ്ടേ? അന്ന് ആതിര എഴുതിയ ഓർമ്മക്കുറിപ്പ് പരിശോധിച്ചുനോക്കാം.

കുട്ടികൾ വ്യക്തിഗതമായി പാഠഭാഗം വായിക്കട്ടെ.

**വായനക്കു ശേഷം ടീച്ചർ ചില ലഘുചോദ്യങ്ങൾ ചോദിക്കുന്നു:**

- ആരുടെ ജന്മദിനമാണ് അധ്യാപക ദിനമായി ആഘോഷിക്കുന്നത്?
- അസംബ്ലിക്കു ശേഷം നടന്ന രസകരമായ പരിപാടി എന്തായിരുന്നു?
- അനുഷമിസ്സിന് ആതിര നൽകിയ സമ്മാനമെന്ത്?

**പകരം പദങ്ങൾ എഴുതുക (ടെക്സ്റ്റ്ബുക്ക്)**

പരിചയമില്ലാത്ത പദങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

ത്യാഗം, വിസ്തരിക്കുക, ഉപഹാരം, മുത്തം, ഉല്ലാസം ...........

കണ്ടെത്തിയ പദങ്ങൾ ക്ലാസിൽ ചർച്ച ചെയ്ത് അർത്ഥവ്യക്തത വരുത്തിയ ശേഷം നോട്ടുബുക്കിൽ എഴുതട്ടെ. ടീച്ചർ വിലയിരുത്തിയാൽ മതി.

### ചോദ്യങ്ങൾ ഉണ്ടാക്കാം (ടെക്സ്റ്റ്ബുക്ക്)

ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിനെക്കാൾ പ്രയാസകരമായ പ്രവർത്തനമാണ് ചോദ്യങ്ങളുണ്ടാക്കൽ. പാഠഭാഗത്തെ ആശയം വ്യക്തമായി മനസ്സിലാക്കിയാലേ മികച്ച ചോദ്യങ്ങളുണ്ടാക്കാൻ കഴിയൂ.

പാഠഭാഗത്തു നിന്നു നേരിട്ട് ഉത്തരം ലഭിക്കുന്നതും നേരിട്ട് ഉത്തരം ലഭിക്കാത്തതുമായ ചോദ്യങ്ങളുണ്ട്. അത്തരം ചോദ്യങ്ങളുടെ സവിശേഷതകളെപ്പറ്റി ക്ലാസിൽ ചർച്ച ചെയ്യാൻ ഈ പ്രവർത്തനം സഹായകമാവണം. ആര്, എന്ത്, എവിടെ, എങ്ങനെ, എപ്പോൾ, എന്ന്, എന്തുകൊണ്ട് എന്നിങ്ങനെയുള്ള ചോദ്യങ്ങളിലെ പ്രത്യേകതകളും ചർച്ച ചെയ്യണം.

കുട്ടികൾ അഞ്ചു ചോദ്യങ്ങൾ കണ്ടെത്തട്ടെ. അവയുടെ ഉത്തരം പാഠഭാഗത്തുനിന്നു തന്നെ കണ്ടെത്തി വെക്കണം.

ശേഷം ചോദ്യങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്താം. ഈ ചോദ്യങ്ങളുപയോഗിച്ച് ചോദ്യോത്തരപ്പയറ്റ് നടത്താം.

### ഇംഗ്ലീഷ് വാക്കുകൾ (വർക്ക്ബുക്ക്)

അനേകം ഇംഗ്ലീഷ് വാക്കുകൾ മലയാളം പോലെത്തന്നെ സംസാരത്തിലും എഴുത്തിലും നാം ഉപയോഗിക്കുന്നുണ്ട്. പല വാക്കുകൾക്കും മലയാള പദങ്ങൾ അപരിചിതമായി മാറിയിരിക്കുന്നു. ഇത്തരത്തിലുള്ള പദങ്ങളെക്കുറിച്ച് അവബോധം വളർത്തുകയെന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. പാഠഭാഗത്തുവന്ന ഇംഗ്ലീഷ് വാക്കുകൾ കുട്ടികൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കട്ടെ.

School, class, Best, friend, Assemby

ചർച്ചകളിലൂടെ അർത്ഥവ്യക്തത വരുത്തിയ ശേഷം ഈ പദങ്ങളും അവയ്ക്കു പകരമുള്ള മലയാള പദങ്ങളും വർക്കുബുക്കിൽ എഴുതട്ടെ.

### വാക്യങ്ങൾ നിർമ്മിക്കാം (വർക്ക്ബുക്ക്)

പദങ്ങളെ വാക്യത്തിൽ ചേർത്തു പ്രയോഗിക്കുന്ന പ്രവർത്തനമാണിത്. തന്നിരിക്കുന്ന പദങ്ങളുടെ ആശയം ബോധ്യപ്പെട്ടശേഷമാണ് വാക്യങ്ങളുണ്ടാക്കേണ്ടത്.

ആദ്യം ആ പദങ്ങളുടെ ആശയത്തെക്കുറിച്ച് ക്ലാസിൽ ചർച്ച ചെയ്യാം. ശേഷം കുട്ടികൾ വ്യക്തിഗതമായി വാക്യനിർമ്മാണം നടത്തട്ടെ.

വ്യക്തിഗതമായി നിർമ്മിച്ച വാക്യങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത ശേഷം തെറ്റുകൾ തിരുത്തി വർക്കുബുക്കിൽ എഴുതട്ടെ.

### ദിനാചരണങ്ങൾ ചേരുംപടി ചേർക്കുക (വർക്ക്ബുക്ക്)

ഹോം വർക്കായി നൽകാവുന്ന പ്രവർത്തനമാണിത്. കുട്ടികൾ വീട്ടിലെ കലണ്ടറുകൾ പരിശോധിച്ച് ദിനാചരണങ്ങളുടെ തിയ്യതികൾ കണ്ടെത്തി വരച്ചു ചേർക്കട്ടെ.

തുടർന്ന് ക്ലാസിൽ മൊത്തത്തിലായി അവ രേഖപ്പെടുത്തിയ ഒരു ചാർട്ട് തയ്യാറാക്കാം.

### പ്രസംഗം തയ്യാറാക്കുക (വർക്ക്ബുക്ക്)

അധ്യാപക ദിനത്തെക്കുറിച്ച് കുറെ കാര്യങ്ങൾ പാഠഭാഗത്തുനിന്നു മനസ്സിലാക്കിയിട്ടുണ്ടാകുമല്ലോ. അവ ഉൾപ്പെടുത്തി ഒരു പ്രസംഗം തയ്യാറാക്കാൻ നിർദ്ദേശിക്കാം. രണ്ടാം പാഠത്തിൽ പ്രസംഗം തയ്യാറാക്കിയിട്ടുണ്ട്. ഇവിടെ ചിട്ടയൊത്ത പ്രസംഗം തയ്യാറാക്കാനുള്ള പരിശീനമാണ് നൽകേണ്ടത്.

- എങ്ങനെയാണു പ്രസംഗിക്കേണ്ടത്?

- ആദ്യം എന്താണു പറയേണ്ടത്?
- വിഷയം എങ്ങനെ അവതരിപ്പിക്കണം?
- എങ്ങനെയാണു പ്രസംഗം അവസാനിപ്പിക്കേണ്ടത്?

ചോദ്യങ്ങളിലൂടെ - അതു സംബന്ധമായ ചർച്ചകളിലൂടെ കുട്ടികളിൽ പ്രസംഗത്തിന്റെ ഘട്ടങ്ങളെക്കുറിച്ചുള്ള അവബോധമുണ്ടാക്കാം.

അഭിസംബോധന, വന്ദനം, ആമുഖം, വിഷയാവതരണം, ഉപസംഹാരം

കുട്ടികൾ വ്യക്തിഗതമായി പ്രസംഗം എഴുതിയുണ്ടാക്കട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്താം.

ഓർമ്മക്കുറിപ്പ് തയ്യാറാക്കുക (വർക്ക്ബുക്ക്)

സ്കൂളിലെയോ വീട്ടിലെയോ ഏതെങ്കിലും അനുഭവത്തെക്കുറിച്ചുള്ള ഓർമ്മകൾ എഴുതാനാണ് നിർദ്ദേശം.

**എഴുതുമ്പോൾ ശ്രദ്ധിക്കേണ്ടത് :**

സ്വന്തം അനുഭവം എന്ന രീതിയിലാവണം എഴുതുന്നത്. ആ സംഭവം നടക്കുമ്പോഴുള്ള സ്വന്തം ചിന്തകളും അപ്പോൾ ഓർമ്മവന്നതുമൊക്കെ എഴുതാം. ഞാൻ, എന്റെ, ഞങ്ങളുടെ, എനിക്ക് തുടങ്ങിയ പ്രയോഗങ്ങൾ രചനയിലുണ്ടാവണം. വർഷം, മാസം, ദിവസം എന്നിവയൊക്കെ കാണിക്കണം.

ഈ കാര്യങ്ങൾ ബോധ്യമാകും വിധം ടീച്ചർ ചർച്ച നയിക്കണം.

അതനുസരിച്ച് കുട്ടികൾ ഓർമ്മക്കുറിപ്പ് തയ്യാറാക്കട്ടെ.

**വിലയിരുത്തൽ സൂചനകൾ**

ആത്മ നിഷ്ഠമായ രചനാരീതി

സംക്ഷിപ്തത

അനുഭവങ്ങളുടെ ആവിഷ്ക്കാരം

(സ്വാനുഭവ പ്രതീതി)

## പാഠം 8

# നാട്ടുമാവിനുമുണ്ടൊരു കഥ പറയാൻ

*നമുക്കു ചുറ്റും ഒരുപാട് സസ്യങ്ങളും പക്ഷികളും മൃഗങ്ങളുമൊക്കെയുണ്ട്. പരസ്പരം സ്നേഹിച്ചും സഹകരിച്ചും കഴിയുന്ന ജീവികൾ. ഇന്ന് കാലമേറെ മാറി, ചുറ്റുപാടുകളുടെ മേലെ മനുഷ്യന്റെ ആധിപത്യം വന്നു. സ്വാർത്ഥ ലാഭത്തിനു വേണ്ടി മനുഷ്യൻ സർവ്വതും നശിപ്പിക്കുന്നു. പക്ഷികളെയും മൃഗങ്ങളെയും കൊന്നൊടുക്കുന്നു. മരങ്ങൾ വെട്ടിനശിപ്പിക്കുന്നു. അങ്ങനെ പ്രകൃതിയുടെ സംതുലിതാവസ്ഥ നഷ്ടപ്പെടുത്തുന്നു. വനനശീകരണത്തിനെതിരെയും മരങ്ങൾ വെട്ടിനശിപ്പിക്കുന്നതിനെതിരേയും കുട്ടികളെ ബോധവാൻമാരാക്കാൻ ഈ പാഠത്തിലൂടെ കഴിയണം.*

*ആത്മകഥാ രൂപത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ പാഠം. നാട്ടുമാവ് സ്വന്തം കഥപറയുമ്പോൾ മാവ് അനുഭവിക്കുന്ന സങ്കടവും വേദനയും പങ്കുവെയ്ക്കപ്പെടുന്നു. തന്റെ പ്രദേശത്തെ മരങ്ങളെക്കുറിച്ചും സസ്യങ്ങളെക്കുറിച്ചുമൊക്കെ ധാരണ നേടാൻ ഈ പാഠം സഹായിക്കണം.*

*ആത്മകഥ വായിച്ച് ആശയം ഗ്രഹിക്കുന്നതോടൊപ്പം ആത്മകഥ എഴുതിതയ്യാറാക്കാനും ഉള്ള അവസരം ഈ പാഠത്തിലുണ്ട്. പോസ്റ്ററുകൾ തയ്യാറാക്കുന്നതിനും - വാക്യകേളികൾ നടത്തുന്നതിനും - വനനശീകരണത്തിനെതിരെ പ്രവർത്തിക്കുന്നതിനും ഈ പാഠത്തിലൂടെ കഴിയണം. ചോദ്യങ്ങൾക്കുത്തരം കണ്ടെത്തുന്നതിനേക്കാൾ പ്രയാസമായ ചോദ്യങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെടാനും അവസരമുണ്ട്.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ /ധാരണകൾ

- മരങ്ങളെ സ്നേഹിക്കുകയും നട്ടുവളർത്തുകയും വേണം
- ആത്മകഥാ രൂപത്തിലുള്ള രചനകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്.
- സ്വന്തം ജീവിതാനുഭവങ്ങളെ ആത്മകഥാ രൂപത്തിൽ എഴുതി പ്രകടിപ്പിക്കുന്നതിന്.
- ലഘുകുറിപ്പുകൾ തയ്യാറാക്കുന്നതിന്
- പോസ്റ്ററുകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിനും പോസ്റ്ററുകൾ തയ്യാറാക്കുന്നതിനും
- ചോദ്യങ്ങൾക്കുത്തരം കണ്ടെത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും.
- സസ്യങ്ങളെക്കുറിച്ചുള്ള കവിതകൾ ശേഖരിക്കുന്നതിനും ക്ലാസ്സിൽ അവതരിപ്പിക്കുന്നതിനും

### വ്യവഹാര രൂപങ്ങൾ

- ആത്മകഥ, പോസ്റ്റർ, കവിത.

### പ്രകടിത രൂപങ്ങൾ

ആത്മകഥ, പോസ്റ്റർ.

### പ്രവർത്തനങ്ങൾ

#### പരിചയപ്പെടുത്തൽ

ഓരോ കുട്ടിയും ക്ലാസ്സിനു മുമ്പിൽ വന്ന് ഞാൻ ആരാണ് എന്ന് പരിചയപ്പെടുത്തുന്നു. എന്റെ പേര്, വീട്ട്പേര്, സ്ഥലം, അച്ഛന്റെ പേര്, അമ്മയുടെ പേര്, സഹോദരങ്ങൾ എവിടെയൊക്കെ പഠിച്ചു, എന്തൊക്കെയാണ് ഇഷ്ടം, എന്തൊക്കെ കഴിവുകളുണ്ട്, എന്നെല്ലാം പറയണം.

പ്രവർത്തനത്തിനു ശേഷം –

നമ്മൾ ഓരോരുത്തരും നമ്മളെക്കുറിച്ചു പറഞ്ഞു. ഇനി ടീച്ചർ ഒരു കഥ പറയാം.

മനോഹരമായ ഒരു ഗ്രാമം – കുന്നുകളും പുഴകളും വയലുകളുമുള്ള ഗ്രാമം. ധാരാളം മരങ്ങൾ – മാവുകൾ, പ്ലാവുകൾ, തേക്കുകൾ അങ്ങനെ പലതരം മരങ്ങൾ. ആ ഗ്രാമത്തിൽ കുറേവീടുകളുണ്ട്. ഓരോ വീട്ടിലേയും കൊച്ചുകുട്ടികൾ അവധിദിവസങ്ങളിൽ കളിക്കാനായി മഞ്ചോട്ടിൽ ഒത്തുകൂടും. ഒരു ദിവസം അപ്പുവും കൂട്ടുകാരും ഒരു നാട്ടുമാവിന്റെ ചോട്ടിൽ ഒത്തുകൂടി. എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു.

പെട്ടെന്ന് അപ്പു ഒരു വിളികേട്ടു അപ്പൂ....... അപ്പു തിരിഞ്ഞുനോക്കി. അതെ നാട്ടുമാവാണ് വിളിച്ചത്. അപ്പു മാവിനടുത്തേക്ക് ചെന്നു. അപ്പു ചോദിച്ചു. നിങ്ങളാണോ എന്നെ വിളിച്ചത്? നിങ്ങളൊക്കെ എങ്ങനെയാ ഇവിടെ എത്തിയത്? നിങ്ങളെ ആരാണ് പോറ്റി വളർത്തിയത്?

നാട്ടുമാവ് തല കുലുക്കിക്കൊണ്ട് സ്വന്തം കഥപറയാൻ തുടങ്ങി.

നാട്ടുമാവ് പറഞ്ഞ സ്വന്തം കഥ ഒന്നെഴുതിനോക്കിയാലോ?

കുട്ടികൾ അവരവർ കണ്ടിട്ടുള്ള, പരിചയമുള്ള ഒരു മാവിനെക്കുറിച്ചും മാവ് എങ്ങനെ അവിടെവന്നു എന്നതിനെക്കുറിച്ചും ആരൊക്കെ വന്നു മാങ്ങ പറിച്ചു – കിളികൾവന്നു. ഇവയൊക്കെ ഉൾപ്പെടുത്തി മാവിന്റെ ആത്മകഥ തയ്യാറാക്കട്ടെ.

തയ്യാറാക്കിയ ആത്മകഥ ഗ്രൂപ്പിൽ പങ്കുവെക്കുന്നു.

മികച്ചത് കണ്ടെത്തുന്നു.

ആത്മകഥയുടെ സൂചകങ്ങൾ വിലയിരുത്തലിനായി നൽകുന്നു.

**ആത്മകഥ വിലയിരുത്തൽ സൂചകങ്ങൾ**

ആത്മാംശത്തിന് പ്രാധാന്യം നൽകി എഴുതുന്നു.

ആശയ പരമായ സംക്ഷിപ്തത

രചനയിലെ വാക്യഭംഗി, ആകർഷകത്വം

മെച്ചപ്പെട്ടവ അവതരിപ്പിക്കുന്നു. ചർച്ചക്കുശേഷം.

അപ്പുവിനോട് നാട്ടുമാവു പറഞ്ഞ കഥ ഇതായിരിക്കുമോ? കുട്ടികൾ വ്യക്തിഗതമായി പാഠഭാഗം വായിക്കുന്നു.

പാഠം വായിച്ച് ഗ്രഹിച്ച ആശയം കുട്ടികൾ പങ്കുവെക്കുന്നു.

### അർത്ഥം കണ്ടെത്താം

മുൻപാഠങ്ങളിൽ നൽകിയതുപോലെ പ്രക്രിയ പാലിച്ച് പരിചയമില്ലാത്ത പദങ്ങൾ കണ്ടെത്തി അർത്ഥബോധം വരുത്താനുള്ള അവസരം നൽകണം.

പദങ്ങൾ പരിചയപ്പെട്ടുകഴിഞ്ഞാൽ ടീച്ചർ പാഠം ആശയ വ്യക്തതയോടെ വായിക്കുന്നു. വിശകലനം ചെയ്ത് ആശയ വ്യക്തതവരുത്തുന്നു.

ചില കുട്ടികൾ ഉറക്കെ വായിക്കട്ടെ.

### ഉത്തരം എഴുതാമോ? (ടെക്സ്റ്റ് ബുക്ക്)

പാഠ വിശകലനത്തിലൂടെ പാഠ ഭാഗത്തിലെ ആശയം വ്യക്തമായോ എന്നറിയുന്നതിനും പാഠം വീണ്ടും വായിച്ച് ആശയഗ്രഹണം നടത്തുന്നതിനുമുള്ള പ്രവർത്തനമാണിത്.

ചോദ്യങ്ങൾ ഓരോന്നായി വായിച്ച് കുട്ടികൾ വ്യക്തിഗതമായി ഉത്തരം പാഠപുസ്തകം വായിച്ച് കണ്ടെത്തി നോട്ടുബുക്കിൽ എഴുതട്ടെ.

1. അപ്പുവിന്റെ സംശയം എന്തായിരുന്നു?

   നാട്ടുമാവിനെ ആരാണ് പോറ്റിവളർത്തിയത് എന്നായിരുന്നു അപ്പുവിന്റെ സംശയം

2. ആദ്യം വിരിഞ്ഞ ഉണ്ണിമാങ്ങയ്ക്ക് എന്തു സംഭവിച്ചു?

   ആദ്യം വിരിഞ്ഞ ഉണ്ണിമാങ്ങകൾ കരിഞ്ഞുണങ്ങിവീണു.

ഇങ്ങനെ കണ്ടെത്തിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ പങ്കുവെയ്ക്കട്ടെ, ചിലർ പൊതുവായി അവതരിപ്പിക്കുന്നു.

ചർച്ച ചെയ്യുന്നു. വാക്യങ്ങൾ ശരിയാക്കി ടീച്ചർ ബോർഡിൽ എഴുതുന്നു. കുട്ടികൾ തെറ്റ് തിരുത്തി ശരിയാക്കി നോട്ടുബുക്കിൽ എഴുതുന്നു.

**നിങ്ങൾക്കറിയുമോ? (ടെക്സ്റ്റ് ബുക്ക്)**

മാവുകളെക്കുറിച്ചുള്ള ചില ധാരണകൾ വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള പ്രവർത്തനമാണിത്.

ചോദ്യങ്ങൾ ടീച്ചർ പൊതുവായി ചോദിക്കുന്നു. കുട്ടികൾ പ്രതികരിക്കുന്നു - ചർച്ച - പൊതുധാരണയിലെത്തുന്നു.

നാട്ടുമാവിന്റെ സങ്കടവും പരിഭവവും കേട്ടില്ലേ. മാവിനെ ആശ്വസിപ്പിക്കാൻ നമ്മുക്കെന്താണ് ചെയ്യാൻ കഴിയുക.

മാവിനെ എന്തു പറഞ്ഞാണ് ആശ്വസിപ്പിക്കുക.

ചില കുട്ടികൾ പ്രതികരിക്കട്ടെ. ചർച്ച ചെയ്ത് ലഭിച്ച ആശയങ്ങൾ കുറിപ്പായി എഴുതട്ടെ.

വനനശീകരണത്തിനെതിരേയും മരം മുറിക്കുന്നതിനെതിരെയും കുട്ടികൾ ചെയ്യാൻ സാധ്യതയുള്ള പ്രവർത്തനങ്ങളാണ് ചർച്ചയിൽവരേണ്ടത്.

- ബോധവൽക്കരണ ക്ലാസ്സുകൾ നടത്തും.
- മൈക്ക് അനൗൺസ്മെന്റ് നടത്തും.
- നിയമങ്ങളുണ്ടാക്കാൻ ഗവൺമെന്റിനോട് പറയും
- നോട്ടീസുകൾ അടിച്ച് വിതരണം ചെയ്യും.
- പോസ്റ്ററുകൾ തയ്യാറാക്കി എല്ലാ സ്ഥലങ്ങളിലും പതിക്കും.
- മരം മുറിക്കാൻ വരുന്നവരെ തടയും-

മാവിന്റെ പരിഭവവും സങ്കടവും കേട്ട് വീട്ടിലെത്തിയ അപ്പു ചില പോസ്റ്ററുകൾ തയ്യാറാക്കി അങ്ങാടികളിലും മരത്തിന്റെയടുത്തും വയ്ക്കാൻ തീരുമാനിച്ചു.

അപ്പു തയ്യാറാക്കിയ പോസ്റ്റർ കാണണ്ടേ. പാഠ പുസ്തകത്തിലെ പോസ്റ്ററുകൾ കുട്ടികൾ വായിക്കുന്നു. ഓരോ പോസ്റ്ററിലേയും ആശയം ചർച്ച ചെയ്യുന്നു. പോസ്റ്ററിന്റെ പ്രത്യേകതകൾ ചർച്ച ചെയ്യുന്നു.

- സംക്ഷിപ്തത - ചുരുങ്ങിയവാക്കുകളിൽ ആശയം പ്രകടിപ്പിക്കൽ
- ആകർഷകവും ഉചിതവുമായ വിന്യാസം (ലേഔട്ട്)
- പ്രശ്നവുമായി ബന്ധപ്പെട്ട ആശയങ്ങൾ വ്യക്തമാക്കുന്ന ചിത്രീകരണം / വാക്യങ്ങൾ

കുട്ടികൾ മരം മുറിക്കുന്നതിനെതിരെ ഒരു പോസ്റ്റർ വാചകം തയ്യാറാക്കട്ടെ: ഗ്രൂപ്പിൽ ചർച്ച ചെയ്ത് മികച്ച ഒരെണ്ണം കണ്ടെത്തട്ടെ. പുതുതായി നിർമ്മിക്കുകയും ആവാം.

ഗ്രൂപ്പിൽ ചാർട്ട് പേപ്പർ വിതരണം ചെയ്യുന്നു. കുട്ടികൾ തയ്യാറാക്കിയ പോസ്റ്റർ വാചകം ഉചിതമായ ചിത്രങ്ങളുടെ സഹായത്തോടെ നിറം നൽകി ചാർട്ടിൽ പ്രദർശിപ്പിക്കട്ടെ.

തയ്യാറാക്കിയ പോസ്റ്ററുകൾ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. മെച്ചപ്പെട്ട പോസ്റ്ററിനു സമ്മാനം നൽകാം.

**അടിവരയിട്ട പദത്തിനുപകരം പാഠത്തിലെ**
**പകരം പദം ചേർത്തെഴുതാമോ? (ടെക്സ്റ്റ് ബുക്ക്)**

പ്രവർത്തനത്തിലെ വാക്യങ്ങൾ വായിക്കട്ടെ. വാക്യങ്ങളുടെ ആശയം ക്ലാസ്സിൽ പൊതുവായി ചർച്ച ചെയ്യുന്നു. തുടർന്ന്

സർക്കസ്സുകാരെ കണ്ടപ്പോൾ കുട്ടികൾ ചുറ്റുംകൂടി എന്ന വാക്യത്തിലെ ചുറ്റും കൂടി എന്ന പദത്തിനടിയിൽ വരയിടുന്നു.

- ഇഷ്ടം പോലെ വെള്ളം ലഭിച്ചാൽ ചെടികൾ എളുപ്പത്തിൽ വളരും.

ഈ വാക്യത്തിലെ ഇഷ്ടംപോലെ എന്ന പദത്തിന്റെ അടിയിൽ വരയിടുന്നു.

- അച്ഛനും അമ്മയും വിരുന്നുപോയപ്പോൾ അപ്പു വീട്ടിൽ ഒറ്റയ്ക്കായി

ഈ വാക്യത്തിലെ ഒറ്റയ്ക്കായി എന്ന പദത്തിനടിയിലും വരയിടുന്നു.

ഓരോ പദത്തിനും പകരമായി പാഠത്തിൽ ഉപയോഗിച്ച പദങ്ങൾ പാഠം വായിച്ച് കുട്ടികൾ കണ്ടെത്തട്ടെ. അവ നോട്ടുബുക്കിൽ എഴുതുന്നു. ടീച്ചർ വിലയിരുത്തുന്നു - കുട്ടികൾ പൊതുവായി അവതരിപ്പിക്കുന്നു.

| | | |
|---|---|---|
| ചുറ്റും കൂടി | - | വട്ടം കൂടി |
| ഇഷ്ടംപോലെ | - | യഥേഷ്ടം |
| ഒറ്റയ്ക്കായി | - | തനിച്ചായി |

ഈ പദങ്ങൾ ചേർത്ത് പ്രവർത്തനത്തിലെ വാക്യം മാറ്റി എഴുതട്ടെ. അവതരിപ്പിക്കുന്നു. വിലയിരുത്തുന്നു. വർക്കുബുക്കിലെ ഇതേ പ്രവർത്തനം കുട്ടികൾ ഹോം വർക്കായി ചെയ്യട്ടെ - ടീച്ചർ വിലയിരുത്തണം.

### അർത്ഥമെഴുതാം (വർക്ക് ബുക്ക്)

നേടിയ അറിവ് പ്രയോഗിക്കാനുള്ള പ്രവർത്തനമാണിത്. പദങ്ങൾ കുട്ടികൾ വായിച്ച് ചേരുന്നവ (സമാന ആശയമുള്ളവ) കണ്ടെത്തി തൊട്ടടുത്ത കളത്തിൽ എഴുതുന്നു. ടീച്ചർ വിലയിരുത്തുന്നു

കൂട്ടത്തിൽ പെടാത്തപദം എടുത്തെഴുതുക (വർക്ക് ബുക്ക്)

പര്യായപദങ്ങൾ, പരിചയപ്പെടുത്തുന്ന പ്രവർത്തനമാണിത്. ഒരേ ആശയം വരുന്ന പല പദങ്ങൾ ഉണ്ടെന്ന് കുട്ടികൾ തിരിച്ചറിയണം.

നാലു പദങ്ങൾ വായിച്ച് ഒറ്റപ്പെട്ട പദം കണ്ടെത്തുന്നു - എഴുതുന്നു -

എന്തുകൊണ്ടാണിവ കൂട്ടത്തിൽ പെടാത്തത്?

മറ്റു പദങ്ങളുടെ പ്രത്യേകത എന്ത്?

അവ എല്ലാം ഒരാശയത്തെ സൂചിപ്പിക്കുന്നുവെന്ന് ക്രോഡീകരിക്കണം

### വാക്യങ്ങളുണ്ടാക്കാം (ടെക്സ്റ്റ് ബുക്ക്)

പരിചയപ്പെട്ട പദങ്ങളെ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുമ്പോഴേ അവ പഠനമായി മാറുന്നുള്ളൂ. ഇങ്ങനെ പ്രയോഗിക്കാനുള്ള അവസരമാണിവിടെ.

പ്രവർത്തനത്തിലെ വാക്യങ്ങൾ വായിക്കുന്നു.

അടിയിൽ വരയിട്ട പദങ്ങൾ തിരിച്ചറിയുന്നു -

വാക്യത്തിലെ ആശയം തിരിച്ചറിയുന്നു -

അടിയിൽ വരയിട്ട പദത്തിന്റെ അത്ഥം തിരിച്ചറിയുന്നു-

ഈ പദം ചേർന്നുവരുന്ന മറ്റൊരുവാക്യം കുട്ടികൾ

സ്വന്തം കണ്ടെത്തട്ടെ: അവതരിപ്പിക്കുന്നു-

ചർച്ച ചെയ്ത് വാക്യഘടന മെച്ചപ്പെടുത്തി വർക്കുബുക്കിൽ എഴുതട്ടെ.

- മരം മുറിച്ചാൽ മഴപെയ്യില്ല എന്നറിയുമ്പോൾ എന്റെ മനസ്സു പിടയുന്നു.
- അപ്പുവിന് സമ്മാനപ്പൊതി കിട്ടിയപ്പോൾ സമ്മാനം കാണാൻ കുട്ടികൾ വട്ടം കൂടി.

### മാതൃകപോലെ എഴുതാം (വർക്ക് ബുക്ക്)

സ്ത്രീലിംഗ പദങ്ങളും പുല്ലിംഗ പദങ്ങളും തിരിച്ചറിയുന്നതിനുള്ള പ്രവർത്തനമാണിത്.

- മാതൃകയിലെ പദങ്ങൾ രണ്ടും വായിക്കുന്നു. എന്തു വ്യത്യാസമാണുള്ളത്?

കൂട്ടുകാരൻ എന്നത് ആൺകുട്ടിയും കൂട്ടുകാരി എന്നത് പെൺകുട്ടിയുമാണ്.

ഇങ്ങനെ ആണിനെ സൂചിപ്പിക്കുന്ന പദങ്ങൾ വായിക്കട്ടെ അതിന്റെ സ്ത്രീലിംഗപദങ്ങൾ കുട്ടികൾ എഴുതട്ടെ:

കൂടുതൽ പുല്ലിംഗ സ്ത്രീലിംഗ പദങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്യാം.

| | | |
|---|---|---|
| മകൻ | - | മകൾ |
| സഹോദരൻ | - | സഹോദരി |
| മിടുക്കൻ | - | മിടുക്കി |
| ചേട്ടൻ | - | ചേച്ചി |
| അനുജൻ | - | അനുജത്തി |

**ഒറ്റ വാക്യമാക്കുക (ടെക്സ്റ്റ് ബുക്ക്)**

രണ്ടുവാക്യങ്ങൾ ചേർത്ത് മറ്റൊരു വാക്യം ഉണ്ടാക്കുന്നതിനുള്ള പരിശീലനമാണ് ഈ പ്രവർത്തനം കൊണ്ടുദ്ദേശിക്കുന്നത്.

മാതൃകയിലെ രണ്ടു വാക്യങ്ങളും വായിക്കുന്നു –

ഇവയിൽ രണ്ടിലും പൊതുവായി വരുന്ന പദങ്ങൾ കണ്ടെത്തുന്നു.. പൊതുവായ പദം ഒരു പ്രാവശ്യം മാത്രമുപയോഗിച്ച് എങ്ങനെ വാക്യങ്ങളെ ചേർത്തെഴുതി എന്ന് പരിശോധിക്കുന്നു.

ലഭിച്ച ധാരണയുടെ അടിസ്ഥാനത്തിൽ അടുത്ത രണ്ടു വാക്യങ്ങൾ വായിച്ച് വ്യക്തിഗതമായി ചേർത്തെഴുതട്ടെ. ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കുന്നു. ടീച്ചർ വിലയിരുത്തുന്നു.

ചർച്ച ചെയ്യുന്നു – പൊതുവായ പദങ്ങളേത്? എന്തു വ്യത്യാസം വന്നു? തുടർന്ന് വർക്കുബുക്കിലെ ഒറ്റ പ്പദമാക്കാം എന്ന പ്രവർത്തനം വ്യക്തിഗതമായി ചെയ്യുന്നു. ടീച്ചർ വിലയിരുത്തുന്നു.

**താഴെകൊടുത്ത ഭാഗത്തുനിന്ന് ഉത്തരം കണ്ടെത്താവുന്ന എത്ര ചോദ്യങ്ങളുണ്ടാക്കാം. (ടെക്സ്റ്റ് ബുക്ക്)**

സ്വന്തമായി വായിച്ച് ആശയം ഗ്രഹിക്കുന്നതിന് നൽകുന്ന ഒരു പ്രവർത്തനമാണിത്.

കുട്ടികൾ പ്രവർത്തനത്തിലെ ഭാഗം വ്യക്തിഗതമായിവായിക്കട്ടെ. ആശയം വ്യക്തമായതിനുശേഷം ഈ ഭാഗത്തുനിന്ന് ഉത്തരം കണ്ടെത്താവുന്ന ലഘുചോദ്യങ്ങൾ നിർമ്മിക്കട്ടെ. രണ്ടോ മൂന്നോ ചോദ്യങ്ങൾ മതി. തയ്യാറാക്കിയ ചോദ്യം ഗ്രൂപ്പിൽ അവതരിപ്പിച്ച് മറ്റ് കുട്ടികളോട് ചോദിക്കട്ടെ. ചർച്ചയുടെ അടിസ്ഥാനത്തിൽ ചോദ്യങ്ങൾ മെച്ചപ്പെടുത്തുന്നു.

ഗ്രൂപ്പുകൾ ചോദ്യങ്ങൾ അവതരിപ്പിക്കുന്നു –
മറ്റ് ഗ്രൂപ്പുകൾ ഉത്തരം പറയുന്നു–
എല്ലാ ഗ്രൂപ്പിനും അവസരം നൽകുന്നു.

**ശേഖരിക്കാം (വർക്ക് ബുക്ക്)**

ചില മാവുകളെക്കുറിച്ച് പാഠപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. അവ കൂടാതെ മറ്റ് തരം മാവുകളെക്കുറിച്ച് അന്വേഷിച്ച് കുട്ടികൾ വർക്കുബുക്കിലെഴുതട്ടെ.

**പാടിനോക്കാം**

വിശദ പഠനത്തിനുള്ള കവിതയല്ല ഇത്. സ്വന്തമായി ഈണം കണ്ടെത്തി പാടുന്നതിനുള്ള അവസരം ഒരുക്കുന്നതിനും മറ്റ് കവിതകൾ ശേഖരിച്ച് കവിതാപുസ്തകത്തിൽ എഴുതുന്നതിനും ക്ലാസ്സിൽ ചൊല്ലി അവതരിപ്പിക്കുന്നതിനും ഉള്ള പ്രവർത്തനമാണ്.

കുട്ടികൾ കവിത വായിക്കുന്നു. 5 പേരുടെ ഗ്രൂപ്പിൽ കവിതയ്ക്ക് ഈണം നൽകുന്നു. അവതരിപ്പിക്കുന്നു. ടീച്ചറും ഈണത്തിൽ ഈ കവിത അവതരിപ്പിക്കുന്നു – മരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന മറ്റ് കവിതകൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കട്ടെ.

**എനിക്കുമുണ്ടൊരു കഥപറയാൻ (വർക്ക് ബുക്ക്)**

ആത്മകഥ എഴുതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനമാണിത്. ആത്മകഥ എന്ന വ്യവഹാരരൂപത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കുന്നതിനുള്ള പ്രവർത്തനമാണിത്.

പാഠത്തിന്റെ ആദ്യഭാഗത്ത് കുട്ടികൾ അവരെക്കുറിച്ച് പറഞ്ഞത് ഓർമ്മയിൽ കൊണ്ടുവരിക. നമ്മുടെ ജീവിതത്തിൽ അനുഭവിച്ച പ്രധാന സംഭവങ്ങൾ ചിന്തകൾ എന്നിവ ക്രമത്തിൽ ഓർമ്മിക്കുവാൻ ആവശ്യപ്പെടുന്നു. ജനനസ്ഥലം–അച്ഛൻ, അമ്മ, വീട്ടുപേര്, സഹോദരങ്ങൾ, ജനനത്തിയ്യതി, നേഴ്സറിപഠനം, സ്കൂൾ പഠനം, നേടിയ സമ്മാനങ്ങൾ, മത്സരിച്ച ഇനങ്ങൾ പ്രതീക്ഷകൾ ഇവയൊക്കെ ചർച്ച ചെയ്യുന്നു.

ആത്മകഥ വ്യക്തിഗതമായി എഴുതുന്നു. ടീച്ചർ വിലയിരുത്തുന്നു. വിലയിരുത്തൽ സൂചകം ഉപയോഗിക്കുന്നു. കടലാസ്സിൽ എഴുതിയ ആത്മകഥ ശേഖരിച്ച് പതിപ്പാക്കുന്നു.

പാഠം -9

# ദോഹയിൽ നിന്നൊരു കത്ത്

*ഭാഷാവ്യവഹാര രൂപങ്ങളിലൊന്നാണു കത്ത്. സൗഹൃദം പങ്കുവെച്ച് പരസ്പരം ആശയങ്ങൾ കൈമാറുന്ന കത്ത്, ചില ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ഉന്നതാധികാരികൾക്കയക്കുന്ന കത്ത്, ഉന്നതാധികാരികൾ ഉത്തരവുകൾ നടപ്പിലാക്കാനായി പുറപ്പെടുവിക്കുന്ന ഔദ്യോഗിക കത്ത്, ക്ഷണക്കത്ത് തുടങ്ങി കത്തുകൾ പലതരമുണ്ട്. ഇവയിൽ ഓരോ തരം കത്തിനും ഘടനയിൽ ചില വ്യത്യാസങ്ങളുണ്ടായിരിക്കും.*

*നമ്മുടെ പാഠഭാഗം ആദ്യഗണത്തിൽ പരമാർശിച്ച വ്യക്തിപരമായ കത്താണ്. നിഖിലമോൾക്ക് അവളുടെ മാമൻ ഖത്തറിൽനിന്നു കത്തെഴുതുന്നു. ഹൃദ്യമായ അനുഭൂതി പകരുന്നതായിരിക്കണം ഇത്തരം കത്തുകൾ. കത്ത് വായിക്കുന്നയാൾക്ക് കാര്യങ്ങൾ നേരിട്ടുകാണുന്ന അനുഭവമുണ്ടാകുമ്പോഴാണ് കത്ത് ഹൃദ്യമാകുന്നത്. കത്തിലെ അവതരണരീതിയും ലളിതമായ വാക്കുകളും കത്തിന്റെ ഘടനയും സംബോധനയുമൊക്കെ അനുവാചകരെ ആകർഷിക്കുന്ന ഘടകങ്ങളാണ്.*

*കത്ത് വായിച്ച് ആശയം ഗ്രഹിക്കുന്നതിനും ചില ശൈലികൾ പരിചയപ്പെടുന്നതിനും ഈ പാഠഭാഗം സഹായകമാണ്. കത്തിന്റെ ഘടനയും രൂപവും മനസ്സിലാക്കി കൂട്ടുകാർക്കും മറ്റും കത്തയക്കാനുള്ള പ്രചോദനം ഈ പാഠത്തിലൂടെ ലഭിക്കണം; വാർത്താ വിനിമയരംഗത്തെ അഭൂതപൂർവമായ മുന്നേറ്റം കത്ത് എന്ന വ്യവഹാര രൂപത്തെ നാമാവശേഷമാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും.*

*വിവിധതരം കത്തുകൾ കാണാനും അവയുടെ ഘടനയും ലേഖനരീതിയും ശൈലിയും പരിചയപ്പെടാനും ഈ പാഠഭാഗം അഭ്യസിക്കുന്നതോടൊപ്പം കുട്ടികൾക്ക് അവസരം ലഭിക്കണം.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ / ധാരണകൾ

- കത്തുകൾ വായിക്കുന്നതിനും സുഹൃത്തുക്കൾക്കും മറ്റും കത്തുകളെഴുതുന്നതിന്നും.
- വിവിധതരം കത്തുകളുടെ ഘടന മനസ്സിലാക്കുന്നതിന്.
- കത്തുകളിലെ ഉള്ളടക്കം / ആശയം ഗ്രഹിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതുന്നതിന്.
- വിശേഷണ വിശേഷ്യങ്ങൾ തിരിച്ചറിയുന്നതിന്.

### വ്യവഹാര രൂപങ്ങൾ

കത്ത്

### പ്രകടിത രൂപങ്ങൾ

വിവിധതരം കത്തുകൾ, ചാർട്ട്, ആൽബം

### പ്രവർത്തനങ്ങൾ

കുട്ടികളുമായി ടീച്ചർ സൗഹൃദ സംഭാഷണത്തിലേർപ്പെടുന്നു. അവരുടെ കുടുംബകാര്യങ്ങൾ, മാതാപിതാക്കൾ, സഹോദരങ്ങൾ തുടങ്ങിയവരെക്കുറിച്ചുള്ള അന്വേഷണം.

ദൂരസ്ഥലങ്ങളിൽ ജോലി ചെയ്യുന്ന പിതാവിനെ / സഹോദരനെ / മാമനെ വിവരങ്ങൾ അറിയിക്കുന്നതെങ്ങനെയാണ്?

ഫോൺ : email, sms, വാട്ട്സ് ആപ്പ് എന്നിങ്ങനെ കുട്ടികൾ പലതും പറയും. 'കത്ത്' എന്ന ഉത്തരം കിട്ടിയില്ലെങ്കിൽ കത്ത് എന്ന സന്ദേശ വിനിമയ ഉപാധിയെക്കുറിച്ചു ടീച്ചർക്കു പറയാം. ഒരു കത്ത് കാണിച്ചു

വായിച്ചു കേൾപ്പിക്കാം.

ഇത്തരം കത്തുകൾ നിങ്ങൾക്ക് ആരെങ്കിലും അയച്ചിട്ടുണ്ടോ?

നമുക്കൊരു കത്ത് പരിചയപ്പെടാം. ദോഹയിൽ നിന്ന് നിഖില മോൾക്ക് അവളുടെ മാമൻ അയച്ച കത്ത്.

- കുട്ടികൾ കത്ത് വായിക്കട്ടെ.
- ആദ്യം വ്യക്തിഗത വായന.
- പിന്നെ ഗ്രൂപ്പിൽ ചർച്ച ചെയ്തു വായന.

**ഉത്തരം പറയുക (ടെക്സ്റ്റ്ബുക്ക്)**

പാഠാവസാനത്തിൽ കൊടുത്ത ചോദ്യങ്ങൾ വായിച്ച് കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ. ടീച്ചർക്ക് ആ ചോദ്യങ്ങൾ ചോദിക്കാം ; കുട്ടികൾ ഉത്തരം പറയട്ടെ. ആശയം മനസ്സിലാക്കി സ്വന്തം വാക്യങ്ങളിൽ ഉത്തരം പറയാൻ പ്രോത്സാഹിപ്പിക്കണം. തുടർന്ന് ആ ഉത്തരങ്ങൾ നോട്ടുബുക്കിൽ എഴുതട്ടെ.

പാഠഭാഗത്തുനിന്നു കിട്ടാത്ത ഉത്തരം കുട്ടികൾ സ്വയം കണ്ടെത്തട്ടെ.

**വിട്ടുപോയ അക്ഷരങ്ങൾ ചേർക്കുക (ടെക്സ്റ്റ്ബുക്ക്)**

ഉച്ചാരണത്തിന്നനുസരിച്ച് ശരിയായ അക്ഷരങ്ങൾ കണ്ടെത്തി പദങ്ങൾ പൂർണമാക്കാനുള്ള പ്രവർത്തനമാണിത്. വ്യഞ്ജനാക്ഷരങ്ങളെഴുതുമ്പോൾ കുട്ടികൾക്ക് തെറ്റുവരാറുണ്ട്. ശരിയായ ഉച്ചാരണമുറപ്പിക്കാത്തതു കൊണ്ടാണിത്. അക്ഷരങ്ങളുടെ സ്വരവ്യത്യാസം ഉച്ചാരണത്തിൽ പാലിക്കാൻ ആവശ്യമായ പരിശീലനം കുട്ടികൾക്കു നൽകണം. ശരിയായ ഉച്ചാരണം കേൾക്കാനുള്ള അവസരം ക്ലാസിലുണ്ടാക്കാൻ ടീച്ചർ ശ്രദ്ധിക്കണം.

ഓരോ പദത്തിലും വിട്ടുപോയ അക്ഷരം കള്ളിയിൽ കൊടുത്തിട്ടുണ്ട്. ടീച്ചർ ആ അക്ഷരങ്ങൾ സ്ഫുടമായി ഉച്ചരിച്ചു കേൾപ്പിക്കണം. കുട്ടികൾ അതേറ്റു പറയണം. അപ്പോൾ ഏതക്ഷരമാണ് വിട്ടുപോയ ഭാഗത്ത് ചേർക്കേണ്ടതെന്ന് കുട്ടികൾക്ക് ഏകദേശ ധാരണ ലഭിക്കും. അതനുസരിച്ച് അവരെഴുതട്ടെ.

തുടർന്ന് ടീച്ചർ നിർദ്ദേശിക്കുന്ന കുട്ടി ഒരു പദം ബോർഡിലെഴുതുന്നു.

എഴുതിയത് ശരിയാണോ? തെറ്റുണ്ടെങ്കിൽ മറ്റുകുട്ടികൾ ചൂണ്ടിക്കാട്ടട്ടെ. അപ്പോൾ ടീച്ചർ ആ പദം ശരിയാക്കി ബോർഡിൽ എഴുതണം.

ഇങ്ങനെ മുഴുവൻ പദങ്ങളും ശരിയാക്കി എഴുതുന്നു. തെറ്റുപറ്റിയ കുട്ടികൾ മാറ്റി എഴുതുന്നു.ടീച്ചർ വിലയിരിത്തുന്നു.

**വിശേഷണങ്ങൾ ചേർക്കാം (ടെക്സ്റ്റ്ബുക്ക്)**

- വിശേഷണ വിശേഷ്യങ്ങൾ തിരിച്ചറിയാനുള്ള ഒരു പ്രവർത്തനമാണിത്.
- ലളിതമായൊരു ഉദാഹരണം ടീച്ചർ ബോഡിലെഴുതുന്നു: മനോഹരമായ പൂവ്.

ഏതു തരത്തിലുള്ള പൂവ്? കുട്ടികൾ ഉത്തരം പറയട്ടെ.

കൂടുതൽ ഉദാഹരണം നൽകാം: കറുത്ത കുപ്പായം, മധുരമുള്ള പഴം, കോരിച്ചൊരിയുന്ന മഴ ........

ഉദാഹരണങ്ങളിലൂടെ വിശേഷണ പദങ്ങളെയും വിശേഷ്യവസ്തുവിനെയും പരിചയപ്പെടുത്താം. തുടർന്ന് പാഠഭാഗത്ത് മാമലകൾ, നെല്പാടങ്ങൾ, അരുവികൾ, പൂച്ചക്കുഞ്ഞ് എന്നിവയ്ക്കു നൽകിയ വിശേഷണങ്ങൾ കുട്ടികൾ കണ്ടെത്തി എഴുതട്ടെ.

വർക്ക്ബുക്കിൽ വിശേഷണങ്ങൾക്കനുയോജ്യമായ നാമപദങ്ങൾ ചേർക്കാനുള്ള പ്രവർത്തനവും ഇതോടൊപ്പം നൽകാം. (ഹോംവർക്ക്)

**മാതൃകപോലെ ചേർത്തെഴുതുക (വർക്ക്ബുക്ക്)**

പദങ്ങളെ ഘടിപ്പിക്കുന്ന രീതി ഈ പ്രവർത്തനത്തിലൂടെ കൂടുതൽ മനസ്സിലാക്കാം. തുടർന്ന് ആ വാക്കുകൾ ഉൾപ്പെടുത്തി വാക്യങ്ങൾ ഉണ്ടാക്കാൻ നിർദ്ദേശിക്കാം. മാതൃക കൊടുത്തിട്ടുണ്ടല്ലോ. കുട്ടികൾ വ്യക്തിഗതമായി എഴുതി ഗ്രൂപ്പിൽ വായിച്ചു മെച്ചപ്പെടുത്തട്ടെ. ടീച്ചറുടെ നിരീക്ഷണവും വിലയിരുത്തലും ആവശ്യമാണ്.

**വാക്യത്തിൽ പ്രയോഗിക്കുക (വർക്ക്ബുക്ക്)**

പാഠഭാഗത്ത് പരിചയപ്പെട്ട പദങ്ങളുൾക്കൊള്ളിച്ച് പുതിയ വാക്യങ്ങൾ നിർമ്മിക്കാനാണാവശ്യപ്പെടുന്നത്. ഹോം വർക്കായി നൽകാവുന്ന പ്രവർത്തനമാണിത്. നിർദ്ദിഷ്ട വാക്കുകൾ ഉൾപ്പെടുത്തി കുട്ടികൾ വ്യക്തിഗതമായി വാക്യങ്ങൾ രചിക്കട്ടെ.

അടുത്ത ദിവസം അവ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകാം. അതുവഴി വ്യത്യസ്ത വാക്യങ്ങൾ പരിചയപ്പെടാൻ കുട്ടികൾക്ക് അവസരം ലഭിക്കും. അബദ്ധങ്ങൾ വന്നിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാട്ടാൻ ടീച്ചർക്കും കഴിയുമല്ലോ.

**മറുപടിക്കത്തെഴുതുക (ടെക്സ്റ്റ്ബുക്ക്)**

നിഖിലയ്ക്ക് മാമനയച്ച കത്തിനു മറുപടിക്കത്ത് തയ്യാറാക്കണം. സ്വതന്ത്രമായി എഴുതുന്നതു പോലെയല്ല മറുപടിക്കത്ത്. ആദ്യകത്തിലെ അന്വേഷണങ്ങൾക്കും നിർദ്ദേശങ്ങൾക്കുമെല്ലാം പ്രതികരണം വേണം. ചോദിച്ച വിവരങ്ങളെല്ലാം ഉൾപ്പെടുത്തണം. പാഠഭാഗം ഒന്നുകൂടി വായിച്ച് ഇക്കാര്യങ്ങളെല്ലാം ശ്രദ്ധിച്ചുവേണം മറുപടി തയ്യാറാക്കാൻ. കുട്ടികൾ മറുപടിക്കത്തിനെക്കുറിച്ചു ചർച്ച ചെയ്യട്ടെ.

എന്തെല്ലാം വിവരങ്ങളാണ് മാമൻ അന്വേഷിച്ചിരിക്കുന്നത്?

എന്തെല്ലാമാണ് കത്തിൽ ഉൾപ്പെടുത്തേണ്ടത്?

ഗ്രൂപ്പിൽ ചർച്ച ചെയ്ത് കുട്ടികൾ നിഗമനത്തിലെത്തട്ടെ. തുടർന്ന് ആ ധാരണകൾ മുൻനിർത്തി കത്ത് തയ്യാറാക്കട്ടെ. വ്യക്തിഗതമായി തയ്യാറാക്കിയ കത്ത് ഗ്രൂപ്പിൽ കൈമാറി വായിക്കുന്നു, വിലയിരുത്തുന്നു, ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നു.

ആവശ്യമെങ്കിൽ ടീച്ചർവേർഷൻ (ടീച്ചർ ചാർട്ടിൽ തയ്യാറാക്കിയ കത്ത്) പ്രദർശിപ്പിക്കാം. ടീച്ചറുടെ രചനയുമായി കുട്ടികൾക്ക് തങ്ങളുടെ കത്തുകൾ താരതമ്യം ചെയ്യാം.

**കത്തെഴുതാം (വർക്ക്ബുക്ക്)**

സ്കൂളിനെക്കുറിച്ചു വിവരിച്ചു കൊണ്ട് സുഹൃത്തിനു കത്തെഴുതാനുള്ള ഈ പ്രവർത്തനം ഹോംവർക്കായി നൽകാം. പാഠഭാഗത്തു നിന്നു ഗ്രഹിച്ച കാര്യങ്ങൾക്കനുസരിച്ചു (കത്തിന്റെ രൂപം, ഘടനാ ക്രമം തുടങ്ങിയവ) കുട്ടികൾ കത്ത് തയ്യാറാക്കട്ടെ. കുട്ടിയെ മൂല്യനിർണ്ണയം നടത്താനുള്ള ഒരു പ്രവർത്തനമായി ഇതിനെ കാണണം.

**കത്തുകൾ ശേഖരിക്കാം (ടെക്സ്റ്റ്ബുക്ക്)**

ഇവിടെ പരിചയപ്പെട്ട കത്തുകളിൽ നിന്നു തികച്ചും വ്യത്യസ്തമാണ് കല്യാണക്കത്തുകൾ. അത് തിരിച്ചറിയാനുപകരിക്കുന്ന ഒരു പ്രവർത്തനമാണിത്. കൗതുകമുണർത്താനും ശേഖരണതാല്പര്യം വളർത്താനും പ്രയോജനപ്പെടുന്ന ഒരു ഹോബി കൂടിയായി ഇതിനെ കാണാം. കല്യാണക്കത്തുകൾ ശേഖരിച്ച് കുട്ടികൾ ആൽബം തയ്യാറാക്കട്ടെ.

## പാഠം -10
# എന്റെ വിദ്യാലയം

*പ്രകൃതി പ്രതിഭാസങ്ങൾ, മാറി മാറി വരുന്ന ഋതുക്കൾ, വൈവിധ്യമാർന്ന സസ്യലതാദികൾ, വിചിത്രമായ ജീവജാലങ്ങൾ തുടങ്ങിയവ എന്നും മനുഷ്യനു വിസ്മയക്കാഴ്ചകൾ സമ്മാനിക്കുന്നു. പ്രകൃതി മനുഷ്യനു പാഠമാണ്, സാന്ത്വനമാണ്, പ്രചോദനമാണ്, താങ്ങും തണലുമാണ്. അവ നമ്മുടെ ചിന്തയെയും ഭാവനയെയും ഉണർത്തുന്നു. മഹത്തായ ജീവിതപാഠങ്ങൾ സമ്മാനിക്കുന്നു.*

*ഒളപ്പമണ്ണയുടെ ഭാവതീവ്രമായ ഒരു കവിതയാണ് 'എന്റെ വിദ്യാലയം'. പ്രകൃതി പ്രതിഭാസങ്ങളിൽ നിന്ന് പാഠങ്ങൾ പലതും പഠിക്കാനുണ്ടെന്ന് സ്വന്തം അനുഭവത്തിലൂടെ ചൂണ്ടിക്കാട്ടുകയാണു കവി. മഹത്തായ പാഠങ്ങൾ സമ്മാനിക്കുന്ന പ്രകൃതിയിൽ അദ്ദേഹം തന്റെ ഗുരുനാഥനെ കണ്ടെത്തുന്നു. പാരിലുള്ള എല്ലാം തന്നെ എന്തെല്ലാമോ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നദ്ദേഹം തിരിച്ചറിയുന്നു. തന്റെയനുഭൂതി അനുവാചകരിലേക്കെത്തിക്കാനുള്ള ശ്രമമാണ് ഈ കൊച്ചു കവിതയിലൂടെ കവി നടത്തുന്നത്.*

*ഗഹനമായ ഈ ആശയം ലളിതമായി അവതരിപ്പിക്കുമ്പോഴേ കുട്ടികൾക്ക് കവിത ആസ്വാദ്യകരമാവുകയുള്ളൂ. അതിനുവേണ്ട പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. കവിത എന്ന വ്യവഹാര രൂപത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് രചനയിൽ താല്പര്യമുണർത്താനുള്ള ശ്രമവും വേണം. അതിനാവശ്യമായ വിവരണവും ചോദ്യങ്ങളും ഇടപെടലുകളും അധ്യാപകരുടെ ഭാഗത്തു നിന്നുണ്ടാവേണ്ടതുണ്ട്. ഭാഷാ ശേഷികളായി ശ്രവണം, ഭാഷണം, വായന, ലേഖനം എന്നിവയിൽ കഴിവു വർദ്ധിപ്പിക്കാനും കവിതാഭാഗം പ്രയോജനപ്പെടുത്തണം. നിരന്തര വിലയിരുത്തലിലൂടെയും തത്സമയ ഇടപെടലിലൂടെയും മാത്രമേ ഇതു സാധ്യമാവൂ.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ/ ധാരണകൾ

- പ്രകൃതി സൗന്ദര്യം ആസ്വദിക്കുകയും ആസ്വദിപ്പിക്കുകയും ചെയ്യുന്നത് സന്തോഷകരമായ അനുഭവമാണ്.
- പ്രകൃതി പ്രതിഭാസങ്ങളിൽ മഹത്തായ പാഠങ്ങളുണ്ടെന്ന തിരിച്ചറിവ്.
- കവിത അനുയോജ്യമായ ഭാവം, താളം എന്നിവയോടെ ആശയം വ്യക്തമാകുന്നവിധം ആലപിക്കുന്നതിന്.
- കവിതകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും.
- ഉചിതമായ രീതിയിൽ പദങ്ങൾ വിന്യസിച്ച് രചനകൾ നടത്തുന്നതിന്.
- കവിതകൾ ശേഖരിക്കുന്നതിനും അവതരിപ്പിക്കുന്നതിനും.

### വ്യവഹാര രൂപങ്ങൾ

കവിത

### പ്രകടിത രൂപങ്ങൾ

കവിത ആലാപനം, കവിതാരചന

### മനോഭാവം

പ്രകൃതി പ്രതിഭാസങ്ങളെ നിരീക്ഷിക്കാനും അവയിൽ നിന്നു പാഠങ്ങളുൾക്കൊള്ളാനുമുള്ള മനോഭാവം.

### പ്രവർത്തനങ്ങൾ

- ഏതെങ്കിലും വിധത്തിൽ പ്രകൃതിയുടെ ഭാവമാറ്റങ്ങളിലേക്കു കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കാം.

- സ്കൂളിലൊരു പൂന്തോട്ടമുണ്ടെങ്കിൽ അവിടേക്കു നയിച്ച് പൂക്കളെയും പൂമ്പാറ്റകളെയും നിരീക്ഷിക്കാനാവശ്യപ്പെടാം.
- സൂര്യപ്രകാശത്തെയും ചൂടിനെയും തണുപ്പിനെയും മന്ദമാരുതനെയും കുറിച്ചു സംസാരിക്കാം. ചോദ്യങ്ങൾ ചോദിക്കാം :
- എന്തൊക്കെയാണു നിങ്ങൾ ചുറ്റും കാണുന്നത്?
- കണ്ടില്ലേ, ഈ റോസാപൂവിനെന്തു ഭംഗി! പക്ഷേ അതിന്റെ തണ്ടിൽ നിറയെ മുള്ളുകളാണല്ലോ!
- ഈ തേനീച്ചകളും പൂമ്പാറ്റകളുമൊക്കെ എത്ര ആഹ്ലാദത്തോടെയാണ് പാറിക്കളിക്കുന്നത്! ഇത്തിരിപ്പോന്ന ജീവിതമല്ലേ അവയ്ക്കുള്ളു, എന്നിട്ടും !

ഇങ്ങനെ ആകാംക്ഷയും താല്പര്യവും കൗതുകവുമുണർത്തുന്ന ചോദ്യങ്ങളിലൂടെ പ്രകൃതി പ്രതിഭാസങ്ങളിലേക്ക് കുട്ടികളുടെ മനസ്സുണർത്താം. അതുവഴി കവിതയിലേക്കു വരാം.

ഇതൊന്നുമല്ലെങ്കിൽ സ്വന്തം വിദ്യാലയത്തെക്കുറിച്ചു ചർച്ചയാവാം.

വിദ്യാലയത്തിലെ സൗകര്യങ്ങൾ, അധ്യാപകർ, ക്ലാസുകൾ, പാഠപുസ്തകങ്ങൾ...

'ഇതൊന്നുമില്ലാത്തൊരു മഹാവിദ്യാലയമുണ്ട്; അതേതാണെന്നറിയാമോ' എന്ന ചോദ്യത്തി ലൂടെ പാഠഭാഗത്തേക്കു വരാം.

**കവിതയിലേക്ക്**

ടീച്ചർ കവിത ചൊല്ലി അവതരിപ്പിക്കുന്നു.

സി.ഡികൾ പ്രയോജനപ്പെടുത്താം.

**പ്രവർത്തനങ്ങൾ**

**ഈണത്തിൽ ചൊല്ലാം (ടെക്സ്റ്റ്ബുക്ക്)**

കുട്ടികൾക്ക് കവിത ചൊല്ലാൻ സങ്കോചം തോന്നുന്നത് പലപ്പോഴും കവിതയുടെ ഈണം തിരിച്ചറിയാത്തതു കൊണ്ടാണ്. അതിനാൽ ഏതു കവിതക്കും സ്വന്തമായി ഈണം നൽകാൻ കുട്ടികൾക്കു പരിശീലനം നൽകണം.

ടീച്ചർ കവിത ക്ലാസിൽ അവതരിപ്പിച്ചു കഴിഞ്ഞല്ലോ. ഇനി കുട്ടികൾ വ്യക്തിഗതമായി കവിതക്ക് ഈണം കണ്ടെത്തട്ടെ. കണ്ടെത്തിയ ഈണം ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

മെച്ചപ്പെട്ട ഈണം തെരഞ്ഞെടുത്ത് ഗ്രൂപ്പായി കവിത ചൊല്ലുന്നു.

ഈ ഘട്ടത്തിൽ ടീച്ചറുടെ ഇടപെടൽ അനിവാര്യമാണ്. അർത്ഥം നഷ്ടപ്പെടാത്ത വിധത്തി ലുള്ള ഈണമായിരിക്കാൻ ശ്രദ്ധിക്കണം. ഓരോ ഗ്രൂപ്പും വ്യത്യസ്തമായ ഈണം കണ്ടെത്തി അവതരിപ്പിക്കട്ടെ.

ഓരോ ഗ്രൂപ്പും കവിത അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തണം. അതിനായി വിലയിരുത്തൽ സൂചകങ്ങൾ ക്ലാസിൽ ചർച്ച ചെയ്യാം.

- അനുയോജ്യമായ ഈണം, താളം, ഭാവം എന്നിവയുണ്ട്.
- നിസ്സങ്കോചം, ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നുണ്ട്.
- ആശയ വ്യക്തതയുണ്ട്.

ഗ്രൂപ്പായി അവതരിപ്പിച്ച കവിത തുടർന്ന് രണ്ടുപേരായും പിന്നെ ഒറ്റയ്ക്കും അവതരിപ്പിക്കട്ടെ.

ഗ്രൂപ്പിലാവുമ്പോൾ എല്ലാ കുട്ടികളുടെയും ശേഷിയും ശേഷികേടും വ്യക്തമാവില്ല. അതു തിരിച്ചറിയാനും ആവശ്യമായ നിർദ്ദേശം നൽകാനും ഈ പ്രവർത്തനം പ്രയോജനപ്പെടും.

**പദങ്ങൾ പരിചയപ്പെടാം (ടെക്സ്റ്റ്ബുക്ക്)**

അർത്ഥം വ്യക്തമാവാത്ത പദങ്ങളുണ്ടാവും കവിതയിൽ. കുട്ടികൾ അവ കണ്ടെത്തി നോട്ടുബുക്കിൽ എഴുതട്ടെ.

കണ്ടെത്തിയ പദങ്ങൾ ഓരോന്നായി ക്ലാസിൽ അവതരിപ്പിക്കുന്നു. ടീച്ചർ അവ ബോർഡിലെഴുതുന്നു.

ആ പദം ഉൾക്കൊള്ളുന്ന വാക്യങ്ങൾ / വരികൾ വായിക്കുന്നു.

ആശയം ഊഹിച്ചു പറയുന്നു.

തുടർന്ന് 'പദങ്ങൾ പരിചയപ്പെടാം' എന്ന ഭാഗത്ത് ചേർത്ത അർത്ഥങ്ങൾ പരിശോധിക്കുന്നു. ചർച്ച ചെ

യ്ത് പൊതു ധാരണയിലെത്തുന്നു.

അർത്ഥങ്ങളും ബോർഡിലെഴുതുന്നു.

കുട്ടികൾ അവ നോട്ടുബുക്കിൽ കുറിച്ചെടുക്കുന്നു.

## അർത്ഥം വ്യക്തമാക്കുക (ടെക്സ്റ്റ്ബുക്ക്)

പദങ്ങളുടെ അർത്ഥം മനസ്സിലാക്കി കുട്ടികൾ ഈ വരികളുടെ ആശയം കണ്ടെത്തട്ടെ.

തുംഗമാം വാനിൽ ചോട്ടിൽ – ഉയർന്നു നിൽക്കുന്ന ആകാശത്തിനു കീഴിൽ

മധുവിൻ മത്താൽപ്പാറിമൂളുന്നൂ മധുപങ്ങൾ – തേൻകുടിച്ച ലഹരിയിൽ മൂളിപ്പാറുന്നു വണ്ടുകൾ.

മധുരമീജീവിതം ചെറുതാണെങ്കിലും – വളരെ ചുരുങ്ങിയതാണെങ്കിലും ഈ ജീവിതം മധുരതരമാണ്.

പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടെന്തോ – ഈ ഭൂമിയിലുള്ളതെല്ലാം എന്നെ എന്തെല്ലാമോ പഠിപ്പിക്കുന്നുണ്ട്.

അർത്ഥങ്ങൾ കണ്ടെത്തി വ്യക്തമായ ആശയ ഗ്രഹണത്തിലെത്താൻ ടീച്ചറുടെ പിന്തുണ അനിവാര്യമാണ്.

## ഉത്തരം പറയുക (ടെക്സ്റ്റ്ബുക്ക്)

കവിതാഭാഗം ആവശ്യബോധത്തോടെ വീണ്ടും വായിക്കാനുള്ള പ്രവർത്തനമാണിത്. ഓരോ ചോദ്യവും വായിച്ച് കുട്ടികൾ പാഠഭാഗത്തുനിന്ന് ഉത്തരം കണ്ടെത്തട്ടെ. കുട്ടികൾക്ക് കവിതയുടെ ആശയം വ്യക്തമായിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിനും കൂടുതൽ ആശയ വ്യക്തതയുണ്ടാക്കുന്നതിനും ഈ പ്രവർത്തനം സഹായകമാണ്.

കണ്ടെത്തിയ ഉത്തരങ്ങൾ ഗ്രൂപ്പുകളിൽ പങ്കുവെക്കുന്നു.

ഗ്രൂപ്പുകൾ അവ ക്രോഡീകരിച്ച് ക്ലാസിൽ അവതരിപ്പിക്കുന്നു.

ചർച്ചയിലൂടെ പൊതു ധാരണയിലെത്തുന്നു. നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു.

## ഇഷ്ടപ്പെട്ട വരിയേത്? (ടെക്സ്റ്റ്ബുക്ക്)

ഈ ചോദ്യത്തിന് ഏതെങ്കിലും ഒന്നോ രണ്ടോ വരി കവിത എടുത്തെഴുതിയാൽ പോര. കവിത വീണ്ടും വീണ്ടും വായിച്ച് തെരഞ്ഞെടുക്കണം. ആശയപരമായ ഭംഗി, ഭാഷാസവിശേഷത, അക്ഷരങ്ങളുടെ വിന്യാസരീതി, താളക്രമം തുടങ്ങിയവയൊക്കെ കവിത ഇഷ്ടപ്പെടാനുള്ള കാരണമാവാം.ആ കാര്യം കൂടി കുട്ടി എഴുതണം. കവിത ആസ്വദിക്കാനുള്ള പരിശീലനമാണിതിന്റെ ലക്ഷ്യം.

- ഇഷ്ടപ്പെട്ട വരിയും ഇഷ്ടപ്പെടാനുള്ള കാരണവും കുട്ടികൾ എഴുതുന്നു.
- ക്ലാസിൽ അവതരിപ്പിക്കുന്നു. ചർച്ച ചെയ്തു വ്യക്തത വരുത്തുന്നു.
- തുടർന്ന് ടീച്ചർ തനിക്കിഷ്ടപ്പെട്ട രണ്ട് വരി അവതരിപ്പിക്കുന്നു.
- ഇഷ്ടപ്പെടാനുള്ള കാരണം വ്യക്തമാക്കുന്നു.

## വിട്ട അക്ഷരങ്ങൾ ചേർക്കുക (വർക്ക്ബുക്ക്)

- പദങ്ങളിലെ ശരിയായ അക്ഷരങ്ങളെക്കുറിച്ചുള്ള ബോധമുണർത്താനുള്ള ഒരുപ്രവർത്തനമാണിത്.
- പദങ്ങൾ ശരിയായ വിധത്തിൽ ഉച്ചരിച്ചു കേൾപ്പിക്കാം.
- കുട്ടികൾ അനുയോജ്യമായ അക്ഷരം ബ്രാക്കറ്റിൽ നിന്നു കണ്ടെത്തി എഴുതട്ടെ.

ടീച്ചർ വിലയിരുത്തുന്നു: വി<u>ദ്യാ</u>ലയം, മ<u>ധൂ</u>, ഗുരുനാ<u>ഥ</u>ൻ, തും<u>ഗം</u> തുടങ്ങിയ പദങ്ങളിൽ അടിവരയിട്ട അക്ഷരങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

## ചേരും പടി ചേർക്കാം (വർക്ക്ബുക്ക്)

പരിചിതമായ ചില ചൊല്ലുകളാണ് നൽകിയിരിക്കുന്നത്.

ഗ്രൂപ്പിൽ ചർച്ച ചെയ്ത് കുട്ടികൾ ആശയം കണ്ടെത്തട്ടെ.

തുടർന്ന് ക്ലാസിൽ അവതരിപ്പിക്കണം. അപ്പോൾ ആശയം വിശദമാക്കിക്കൊടുക്കാം.

**ആശയം എഴുതുക (വർക്ക്ബുക്ക്)**

മുമ്പു ചർച്ച ചെയ്ത ആശയങ്ങൾ കുട്ടി പൂർണമായുൾക്കൊണ്ടിട്ടുണ്ടോ എന്നു സ്വയം കണ്ടെത്താനുള്ള പ്രവർത്തനമാണിത്. കവിതയുടെ മൊത്തം ആശയം ഓരോ കുട്ടിയും വ്യക്തിഗതമായി സംഗ്രഹിച്ചെഴുതട്ടെ.

ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തിയ ശേഷം ഓരോ ഗ്രൂപ്പും ക്ലാസിൽ അവതരിപ്പിക്കുന്നു. ടീച്ചർ വിലയിരുത്തുന്നു.

ചന്ദ്രനും നക്ഷത്രങ്ങളും ശോഭ പരത്തുന്ന അത്യുന്നതമായ ആകാശത്തിനു ചുവടെയാണെന്റെ വിദ്യാലയം.

ഇന്നലെ കണ്ണീർവാർത്തു കരഞ്ഞ വാനം ഇന്ന് നിലാവ് പൊഴിച്ചുകൊണ്ട് പുഞ്ചിരിക്കുന്നു.

മുള്ളുകൾ നിറഞ്ഞ കൊമ്പിലും (കഷ്ടപ്പാടു നിറഞ്ഞ ജീവിതം) സന്തോഷത്തിന്റെ പുഞ്ചിരി വിടരാറുണ്ടെന്ന് പൂന്തോപ്പിലെ പനനീർപൂക്കൾ പറയുന്നു.

തേൻ നുകർന്നു ലഹരിപിടിച്ച വണ്ടുകൾ അല്പനേരം മാത്രമേയുള്ളുവെങ്കിലും ഈ ജീവിതം മധുരതരമാണെന്ന് പറഞ്ഞുകൊണ്ട് മൂളിപ്പറക്കുന്നു.

ആരൊക്കെയാണ് എന്റെ ഗുരുനാഥന്മാർ! ഇവിടെ എല്ലാം എന്റെ ഗുരുനാഥന്മാരാണല്ലോ.

ഈ ഭൂമിയിലുള്ളതെല്ലാം എന്നെ എന്തെല്ലാമോ പഠിപ്പിക്കുന്നുണ്ടല്ലോ!

**വിവരണം തയ്യാറാക്കുക (വർക്ക്ബുക്ക്)**

ഇതൊരു സ്വതന്ത്ര പ്രവർത്തനമാണ്. ഒരു പൂന്തോട്ടം നിരീക്ഷിച്ച് കുട്ടികൾ തന്നെ വിവരണം തയ്യാറാക്കട്ടെ. അവിടെ കാണുന്ന ചെടികൾ, പൂക്കൾ, ജീവികൾ ......................

അവയെ കണ്ടപ്പോഴുള്ള അനുഭൂതികൾ ............. പ്രകൃതിഭംഗി ആസ്വദിക്കാനുള്ള പ്രചോദനമാവണം ഈ പ്രവർത്തനം. ഹോംവർക്കായി തയ്യാറാക്കിയ വിവരണം ടീച്ചർ വിലയിരുത്തണം.

**വരികൾ കണ്ടെത്താം (വർക്ക്ബുക്ക്)**

മുകളിലെ പ്രവർത്തനങ്ങളെല്ലാം ചെയ്ത കുട്ടിക്ക് ഈ പ്രവർത്തനം എളുപ്പത്തിൽ പൂർത്തിയാക്കാൻ കഴിയും. ഹോംവർക്കായി കൊടുക്കാം.

**ആശയം വിശദമാക്കുക (വർക്ക്ബുക്ക്)**

ഈ വരികളിൽ കവി അത്ഭുതപ്പെടുകയാണ്. ആരെല്ലാമാണ് എന്റെ ഗുരുനാഥന്മാർ...........

ആരെല്ലാമാണ് എന്റെ ഗുരുനാഥന്മാർ! ഭൂമിയിൽ കാണുന്നതെല്ലാം എന്നെ എന്തെല്ലാമോ പഠിപ്പിക്കുന്നുണ്ടല്ലോ. പഠിപ്പിക്കുന്നവരെല്ലാം ഗുരുനാഥന്മാരാണെങ്കിൽ ഈ ഭൂമിയിലെ പ്രതിഭാസങ്ങളും വസ്തുക്കളുമെല്ലാം എന്റെ ഗുരുനാഥന്മാരാണല്ലോ!

ഈ ആശയം കുട്ടികളുടെ മനസ്സിലെത്തുംവിധം വിശദീകരണം ആവശ്യമാണ്. ക്ലാസിലെ പൊതു ചർച്ചയ്ക്കു ശേഷം കുട്ടികൾ വ്യക്തിഗതമായി ആശയവിവരണം നടത്തട്ടെ. ടീച്ചർ വിലയിരുത്തണം.

**കവിത എഴുതാം (ടെക്സ്റ്റ്ബുക്ക്)**

സ്വന്തം വിദ്യാലയത്തെക്കുറിച്ച് നാലുവരി കവിത എഴുതാനാണു നിർദ്ദേശം.

സ്വന്തം വിദ്യാലയത്തിന്റെ പ്രത്യേകതകൾ എന്തൊക്കെ?

എവിടെയാണതു സ്ഥിതി ചെയ്യുന്നത്?

ആരൊക്കെയാണവിടെയുള്ളത്?

കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് കവിതയിൽ ഉൾക്കൊള്ളിക്കേണ്ട കാര്യങ്ങൾ കണ്ടെത്തട്ടെ. തുടർന്ന് വ്യക്തിഗതമായി രചന നടത്തുന്നു.

എഴുതിയ കവിത ഗ്രൂപ്പിൽ പങ്കുവെക്കുന്നു. വിലയിരുത്തുന്നു.

വിലയിരുത്തൽ സൂചകം : ആശയ ഭംഗി.
ഉചിതവും ആകർഷകവുമായ തലക്കെട്ട്.
ആകർഷകമായ പദവിന്യാസം – ഈണം, താളം.
ഭാവനാ പൂർണമായ രചന.

## പാഠം 11

# നക്ഷത്ര വിളക്ക്

*സംഭാഷണം എന്ന വ്യവഹാര രൂപത്തിന്റെ സവിശേഷതകളാണ് ഈ പാഠഭാഗത്ത് ഊന്നൽ നൽകുന്നത്. സംഭാഷണങ്ങളുടെ തുടർച്ചയും ആശയങ്ങളുടെ തുടർച്ചയും കോർത്തിണക്കി സംഭാഷണങ്ങളിൽ ഏർപ്പെടുവാനും അവ എഴുതി അവതരിപ്പിക്കുന്നതിനുമുള്ള ശേഷിവർദ്ധിപ്പിക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം.*

*ഒരേ ആശയം വിവിധരീതിയിൽ എഴുതി അവതരിപ്പിക്കുമ്പോൾ ഉണ്ടാവുന്ന വ്യത്യാസം മനസ്സിലാക്കുകയും സംഭാഷണങ്ങളിലെ വാക്യഘടനയിലും ശൈലിയിലുമുള്ള വ്യത്യാസവും കുട്ടി തിരിച്ചറിയുകയും ചെയ്യണം. സംഭാഷണങ്ങൾ വായിക്കുമ്പോൾ പാലിക്കേണ്ട ചില വായനാരീതികൾ (ശബ്ദക്രമീകരണം, ഭാവം ഉൾക്കൊണ്ട് വായിക്കൽ തുടങ്ങിയവ) മനസ്സിലാക്കുവാനും ഈ പാഠത്തിലൂടെ കടന്നു പോകുന്ന കുട്ടികൾക്ക് കഴിയണം. ടീച്ചറുടെ മാതൃകാവായന ഈ ലക്ഷ്യം മുൻനിർത്തിയാകണം.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ /ധാരണകൾ

- സംഭാഷണങ്ങൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിന്
- സംഭാഷണങ്ങൾ വായിച്ച് മുമ്പ് നടന്ന കാര്യങ്ങൾ / സംഭവങ്ങൾ മനസ്സിലാക്കുന്നതിന്.
- കുടുംബ ബന്ധങ്ങൾ തിരിച്ചറിയുന്നതിന് (അമ്മാവൻ, മാമൻ, അളിയൻ തുടങ്ങിയവ)
- സംഭാഷണങ്ങൾ എഴുതി തയ്യാറാക്കുന്നതിന്.
- സംഭാഷണങ്ങൾക്കനുസരിച്ച് റോൾപ്ലേ അവതരിപ്പിക്കുന്നതിന്

### വ്യവഹാര രൂപങ്ങൾ

സംഭാഷണം

### പ്രകടിത രൂപങ്ങൾ

സംഭാഷണപ്പതിപ്പ്, റോൾപ്ലേ

### പ്രവർത്തനങ്ങൾ

സൗഹൃദ ചോദ്യങ്ങളിലൂടെ ക്ലാസിൽ പഠനാന്തരീക്ഷമൊരുക്കുന്നു.

? നമ്മുടെ നാട്ടിലെ പ്രധാന ആഘോഷങ്ങൾ എന്തെല്ലാമാണ്.

വിവിധ ആഘോഷങ്ങൾ കുട്ടികൾ പറയും. കുട്ടികൾ പറയുന്ന ആഘോഷങ്ങൾ ബോർഡിൽ വിവിധ ഭാഗങ്ങളിലായി ടീച്ചർ എഴുതുന്നു. മൂന്നോ നാലോ ആഘോഷങ്ങൾ മതി. അപ്രധാനമായ ആഘോഷങ്ങൾ ലഘു ചർച്ചയോടെ ഒഴിവാക്കാം.

തുടർന്ന് ഓരോ ആഘോഷങ്ങളുടെയും പ്രത്യേകതകൾ പറയിക്കാം.

? – എന്തൊക്കെ ഒരുക്കങ്ങളാണ് നടത്താറുള്ളത്.

? – ഏത് സമയത്താണ് ആഘോഷം നടക്കുന്നത്.

–

–

ചോദ്യങ്ങളുടെ ഉത്തരമായി വരുന്ന കാര്യങ്ങൾ ക്രോഡീകരിച്ച് ബോർഡിൽ പദസൂര്യൻ നിർമ്മിക്കാം.

ക്രിസ്മസ് ആഘോഷത്തെ കുറിച്ച് ലഘു ചർച്ച ക്ലാസിൽ നടത്തണം.

**ടീച്ചർക്ക്**

ഡിസംബർ മാസത്തിന്റെ ആരംഭത്തോടെ തന്നെ ക്രിസ്മസ് ഒരുക്കങ്ങൾ തുടങ്ങുകയായി. എല്ലാ വീടുകളിലും നക്ഷത്രവിളക്കുകൾ തൂക്കി ലോകമെമ്പാടുമുള്ള ക്രൈസ്തവർ ഉണ്ണിയേശുവിന്റെ ജനനം ആഘോഷിക്കാൻ ഒരുങ്ങുന്നു. ഡിസംബർ 25-നാണ് ക്രിസ്മസ് ആഘോഷിക്കുന്നത്. പുത്തനുടുപ്പുകൾ ധരിച്ചും, പുൽക്കൂടുകൾ നിർമ്മിച്ചും എല്ലാവരും ആഘോഷത്തിന് കൊഴുപ്പു കൂട്ടുന്നു. ക്രിസ്മസ് സന്ദേശങ്ങളുമായി കരോൾ സംഘങ്ങളും, സാന്താക്ലോസ് അപ്പൂപ്പനും വീടുകളിൽ എത്തുന്നതോടെ എല്ലാ വീടുകളും ക്രിസ്മസ് ലഹരിയിലാകും, ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും നടക്കും

ക്രിസ്മസ് ആഘോഷങ്ങളുടെ ഒരുക്കവുമായി ബന്ധപ്പെട്ട ഒരു പാഠഭാഗമാണ് നമ്മുടെ പാഠപുസ്തകത്തിലുള്ളത്. നക്ഷത്ര വിളക്ക് എന്ന പാഠഭാഗം കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ.

- വായനയുടെ പ്രക്രിയാ ഘട്ടങ്ങൾ പാലിക്കണം.
- ഗ്രൂപ്പിൽ വായന നടക്കുമ്പോൾ ഓരോ സംഭാഷണവും കുട്ടികൾ മാറി മാറി വായിക്കട്ടെ.

ഗ്രൂപ്പുകളുടെ ശ്രവ്യവായനയ്ക്ക് ശേഷം ടീച്ചർ പാഠഭാഗം മാതൃകാപരമായി വായിക്കുന്നു.

സംഭാഷണങ്ങളിലെ ശബ്ദവ്യതിയാനം (ടീൗഹ ഞീൗഹമശേീ) ആവശ്യമായ ഭാവം, ശാരീര ഭാഗങ്ങളുടെ ചലനം എന്നിവ പാലിച്ച് ടീച്ചർ വായിക്കണം. ടീച്ചറുടെ മാതൃകാവായന ആകർഷകമാകുമ്പോൾ കുട്ടികളിൽ വായനയിൽ താൽപര്യം വളരും.

## ശരിയോ തെറ്റോ (ടെക്സ്റ്റ് ബുക്ക് പേജ് 61)

നൽകിയിട്ടുള്ള പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് കണ്ടെത്തി എഴുതുവാനുള്ള പ്രവർത്തനം. പാഠഭാഗത്ത് വായിച്ച സംഭാഷണങ്ങളുടെ ആശയം മനസ്സിൽ ഉറച്ചിട്ടാണോ എന്ന് അറിയാൻ സഹായിക്കുന്ന പ്രവർത്തനമാണിത്. കുട്ടികൾ ഓരോ പ്രസ്താവനയും വായിച്ച് ശരിയോ തെറ്റോ എന്ന് പാഠ പുസ്തകത്തിൽ എഴുതട്ടെ.

സംശയം വരുന്ന പ്രസ്താവനകളുടെ ഉത്തരം കണ്ടെത്താൻ പാഠഭാഗം വീണ്ടും വായിക്കാൻ അവസരം നൽകാം. കണ്ടെത്തിയ ഉത്തരം ശരിയാണോ എന്ന് കൂട്ടുകാർ തമ്മിൽ വിലയിരുത്തി കണ്ടെത്തട്ടെ.

ടീച്ചർ ഓരോ പ്രസ്താവനയും ഉച്ചത്തിൽ വായിക്കുന്നു ഉത്തരം ആരായുന്നു.

''ശരി'' എന്ന് എഴുതിയവർ ആരെല്ലാം?

തെറ്റ് എന്ന് എഴുതിയവരോ?

ലഘു ചർച്ചയിലൂടെ ശരിയോ തെറ്റോ എന്ന് ഉറപ്പിക്കുന്നു. കുട്ടികൾ ആവശ്യമെങ്കിൽ മാറ്റിയെഴുതുന്നു (ഉത്തരം തെറ്റിയവർ) ഈ രീതിയിൽ മുഴുവൻ പ്രസ്താവനകളും വായിച്ച് പ്രവർത്തനം പൂർത്തിയാക്കുമല്ലോ.

## ഉത്തരം കണ്ടെത്താം (ടെക്സ്റ്റ് ബുക്ക് പേജ് 62)

പാഠഭാഗം ആവശ്യബോധത്തോടെ പുനർവായന നടത്തുന്നതിനും വായനയിലൂടെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടത്തുന്നതിനുമുള്ള പ്രവർത്തനമാണ്.

ഓരോ ചോദ്യവും വായിച്ച് പാഠഭാഗത്തെ സംഭാഷണങ്ങളിൽ നിന്നും കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തട്ടെ. കണ്ടെത്തിയ ഉത്തരങ്ങൾ സ്വന്തം വാക്യത്തിൽ നോട്ടുബുക്കിൽ എഴുതട്ടെ.

ഞാൻ എഴുതിയ ഉത്തരം ശരിയാണോ? സ്വയം വിലയിരുത്തലിനുള്ള സന്ദർഭം ക്ലാസിൽ നൽകണം. - താൻ കണ്ടെത്തിയത് ശരിയാണോ എന്ന് ഉറപ്പിക്കാൻ കൂട്ടുകാരുമായി നോട്ട് ബുക്ക് കൈമാറി പരിശോധിക്കട്ടെ. (പരസ്പരം വിലയിരുത്തൽ) എന്റെ ഉത്തരങ്ങളിൽ എവിടെയാണ് മാറ്റം വരുത്തേണ്ടത് എന്ന് മനസ്സിലാക്കി സ്വയം തിരുത്തിയെഴുതുന്നു.

ഓരോ ചോദ്യങ്ങൾക്കും ഉത്തരം ഓരോ ഗ്രൂപ്പും മാറി മാറി വായിക്കുന്നു (അവതരിപ്പിക്കുന്നു.)

ആവശ്യമായ നിർദ്ദേശങ്ങൾ ടീച്ചർ നൽകുന്നു.

ഉദാ: മാമന് മേരിയോടുള്ള സ്നേഹം വെളിവാക്കുന്ന ഏതെല്ലാം സംഭാഷണങ്ങൾ ആണ് പാഠഭാഗത്ത് കണ്ടെത്താൻ കഴിഞ്ഞത്?

ഓരോ കുട്ടിയുടേയും രചന ടീച്ചർ വിലയിരുത്തണം.

വർക്ക് ബുക്ക് പ്രവർത്തനം -1 പദങ്ങൾ ചേർത്തെഴുതാം, പിരിച്ചെഴുതാം

രണ്ട് പദങ്ങളെ ചേർത്ത് ഒറ്റപദമാക്കാനും അതുപോലെ തന്നെ പൂർണ്ണ ആശയങ്ങൾ ഉൾക്കൊള്ളുന്ന പദങ്ങളെ രണ്ട് പൂർണ്ണ ആശയങ്ങൾ ഉൾക്കൊള്ളുന്ന വ്യത്യസ്ത പദങ്ങളായി പിരിച്ചെഴുതാനുള്ള പ്രവർത്തനമാണ്.

മുൻ പാഠങ്ങളിൽ സമാന പ്രവർത്തനങ്ങൾ കുട്ടികൾ ചെയ്തിട്ടുണ്ട് മാതൃക നോക്കി കുട്ടികൾ സ്വയം പ്രവർത്തനം പൂർത്തിയാക്കട്ടെ.

**ക്രമപ്പെടുത്തി എഴുതാം (ടെക്സ്റ്റ് ബുക്ക് പേജ് 62)**

സംഭവങ്ങളെ സമയക്രമം പാലിച്ച് എഴുതാൻ പരിശീലിക്കുന്നതിനുള്ള പ്രവർത്തനമാണ്.

നൽകിയിട്ടുള്ള ഓരോ വാക്യവും കുട്ടികൾ വായിച്ചുനോക്കട്ടെ.

അവയിൽ ഏതു വാക്യത്തിൽ പറയുന്ന കാര്യമാണ് ആദ്യം നടന്നത്?

ഏറ്റവും അവസാനം നടന്ന കാര്യം ഏതാണ്. ഇങ്ങനെ ചോദ്യങ്ങളിലൂടെ കുട്ടികൾ വാക്യങ്ങൾ മുൻഗണനാ ക്രമത്തിൽ 1, 2, 3, 4, 5 എന്ന നമ്പറുകൾ പാഠപുസ്തത്തിൽ നൽകട്ടെ.

ഈ ക്രമത്തിൽ വാക്യങ്ങളെ നോട്ട് ബുക്കിൽ എഴുതി നോക്കൂ. ടീച്ചർ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകണം.

- മാമൻ മേരിയുടെ വീട്ടിൽ വന്നു.
- മേരി സമ്മതത്തിനായി അമ്മയെ നോക്കി.
- മാമനും മേരിയും ഫാൻസി കടയിൽ കയറി.
- മാമൻ മേരിക്ക് ആപ്പിൾ ജ്യൂസ് വാങ്ങിക്കൊടുത്തു.
- മാമനും മേരിയും ഓട്ടോയിൽ കയറി.

**വർക്ക് ബുക്ക് പ്രവർത്തനം 2. മാതൃകപോലെ എഴുതാം.**

മൂന്ന് തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ചില വാക്യങ്ങളുടെ പ്രയോഗ രീതി മനസ്സിലാക്കുന്നതിനും മറ്റു ചില പദങ്ങളുടെ ഒന്നിലധികം എണ്ണങ്ങളെ സൂചിപ്പിക്കുന്ന പദങ്ങളും കുട്ടിയിലേക്ക് എത്തിക്കാൻ ഉദ്ദേശിച്ചുള്ള പ്രവർത്തനമാണ്.

ഓരോ വിഭാഗത്തിലും കൃത്യമായ മാതൃക നൽകിയിട്ടുണ്ട്. മാതൃക പരിചയപ്പെടുത്തുക. കുട്ടികൾ ഗൃഹപാഠമായി പ്രവർത്തനം പൂർത്തീകരിക്കട്ടെ.

– ക്ലാസിൽ വിലയിരുത്തുമ്പോൾ ആവശ്യമെങ്കിൽ വിശകലന ചർച്ച നടത്തിയാൽ മതി.

**ബന്ധങ്ങൾ കണ്ടെത്താം (ടെക്സ്റ്റ് ബുക്ക് – പേജ് 62)**

കുടുംബ ബന്ധത്തിലുള്ള ആളുകളെ ചില വിളിപ്പേരുകളിലാണ് അറിയപ്പെടുന്നത്. വ്യത്യസ്ത സമുദായങ്ങളിൽ പലവിധപേരുകളാണ് ഉപയോഗിക്കുന്നത്. നമ്മുടെ പ്രദേശത്ത് പൊതുവെ സ്വീകരിച്ചിരിക്കുന്ന സ്ഥാനപേരുകളാണ് ക്ലാസിൽ ചർച്ചാവിഷയമാകേണ്ടത്.

നിങ്ങളുടെ ഏറ്റവും അടുത്ത ബന്ധുക്കൾ ആരൊക്കെ?

(യഥാർത്ഥ പേരല്ല സ്ഥാനപ്പേരാണ് പറയേണ്ടത്)

കുട്ടികൾ പറയുന്ന പേരുകൾ ബോർഡിലെഴുതുന്നു.

ഓരോരുത്തരുമായുള്ള ബന്ധം (കുടുംബ ബന്ധം) ചർച്ച ചെയ്യുന്നു.

അളിയൻ
അമ്മായി
വല്യാപ്പ
ഉപ്പാപ്പ
വല്യുമ്മ
ഉമ്മുമ്മ

| | | |
|---|---|---|
| അളിയൻ | - | പെങ്ങളുടെ ഭർത്താവ് |
| | - | ഭാര്യയുടെ സഹോദരൻ |

പാഠപുസ്തകത്തിലെ ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ എഴുതട്ടെ.

ഈ പ്രവർത്തനത്തോട് ചേർന്ന് പദസൂര്യൻ നിർമ്മിക്കാം എന്ന പ്രവർത്തനം ചെയ്യാം.

**പദസൂര്യൻ നിർമ്മിക്കാം (ടെക്സ്റ്റ് ബുക്ക് പേജ് 63)**

കുടുംബത്തിലെ ബന്ധുക്കളുടെ സ്ഥാനപ്പേരുകൾ കണ്ടെത്തി എഴുതുവാനുള്ള പ്രവർത്തനം മുൻ

പ്രവർത്തനത്തിൽ ചർച്ച ചെയ്തതും ടീച്ചർ ബോർഡിലെഴുതി പരിചയപ്പെടുത്തിയതുമായ പദങ്ങൾ ഉപയോഗിച്ച് പദസൂര്യൻ നിർമ്മിക്കുന്ന പ്രവർത്തനമാണിത്. നോട്ടുബുക്കിൽ കുട്ടികൾ വ്യക്തിഗതമായി പദസൂര്യൻ പൂർത്തിയാക്കട്ടെ. പരസ്പരം കൈമാറി വിലയിരുത്തുന്നതിലൂടെ ആവശ്യമായ കൂട്ടിച്ചേർക്കൽ കുട്ടികൾ തന്നെ വരുത്തണം. കുട്ടികൾ അവതരിപ്പിക്കുന്നു. ടീച്ചർ ബോർഡിലെഴുതുന്നു.

**അഭിനയിക്കാം (ടെക്സ്റ്റ് ബുക്ക് പേജ് 63)**

പാഠഭാഗത്തുള്ള ഒരു സംഭാഷണ ഭാഗം ക്ലാസിൽ റോൾപ്ലേ ആയി അവതരിപ്പിക്കാനുള്ള പ്രവർത്തനം.

കുട്ടികളെ മൂന്നുപേരുള്ള ഗ്രൂപ്പുകളാക്കുന്നു. മാമനും, മേരിയും, അമ്മയും ചേർന്ന് വരുന്ന സംഭാഷണ ഭാഗം ക്ലാസിൽ അഭിനിയിച്ചു കാണിക്കുവാൻ ഓരോ ഗ്രൂപ്പിനും നിർദ്ദേശം നൽകുന്നു.

- റോൾപ്ലേ / നാടകം എങ്ങനെ ഫലപ്രദമാക്കാം.
- ചർച്ച - എന്തൊക്കെ ചെയ്യണം?

**പ്രധാനമായും രണ്ട് ഘട്ടങ്ങൾ ഉണ്ട്**

1. ആസൂത്രണം, 2. നടപ്പാക്കൽ

ആസൂത്രണം
→ കഥാപാത്രങ്ങളെ തീരുമാനിക്കൽ
→ സംഭാഷണം തെരഞ്ഞെടുക്കൽ
→ കഥാപാത്രങ്ങളുടെ സ്ഥാന നിർണയം
→ തയ്യാറെടുക്കൽ (റിഹേഴ്സൽ)

നടപ്പാക്കൽ
→ രംഗം ഒരുക്കൽ
→ ശാരീരിക ഭാഷ പരമാവധി ഉപയോഗിക്കൽ
→ സംഭാഷണങ്ങൾ ആവശ്യമായ ശബ്ദ വ്യതിയാനത്തോടെ പ്രകടിപ്പിക്കൽ

ഓരോ ഗ്രൂപ്പും മികച്ച രീതിയിൽ റോൾപ്ലേ അവതരിപ്പിക്കട്ടെ. ഓരോ ഗ്രൂപ്പും അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. എല്ലാ ഗ്രൂപ്പിന്റെയും പ്രകടനം ടീച്ചറും വിലയിരുത്തണം. മുൻകൂട്ടി തയ്യാറാക്കിയ വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ റോൾപ്ലേയുടെയും മികവുകളും പരിമിതികളും ക്ലാസിൽ ചർച്ച ചെയ്യാം.

വിലയിരുത്തൽ സൂചകങ്ങൾ റോൾപ്ലേയുമായി ബന്ധപ്പെട്ട് മുകളിൽ നൽകിയ വിശദീകരണത്തിൽ നിന്നും സ്വയം രുപീകരിക്കാവുന്നതാണ്.

**സംഭാഷണമെഴുതാം (ടെക്സ്റ്റ് ബുക്ക് പേജ് 63)**

കുട്ടികൾ സ്വതന്ത്രമായി സംഭാഷണമെഴുതാനുള്ള പ്രവർത്തനമാണിത്.

- നിങ്ങളുടെ വീട്ടിൽ ധാരാളം വിരുന്നുകാർ വരാറില്ലേ?
- എല്ലാവരോടും നിങ്ങൾക്ക് ഒരേപോലെയാണോ ഇഷ്ടം തോന്നുക?
- നിങ്ങൾക്കേറ്റവും ഇഷ്ടം ആരോടാണ്?

ഇത്തരം സൗഹൃദ ചോദ്യങ്ങളിലൂടെ ഏറ്റവും ഇഷ്ടപ്പെട്ട വിരുന്നുകാരനെ, വിരുന്നുകാരിയെ കുട്ടികൾ സ്വയം കണ്ടെത്തട്ടെ.

അവരോട് നിങ്ങൾ എന്തൊക്കെയായിരിക്കും സംസാരിക്കുക.

- അവരുടെ മറുപടി എന്തായിരിക്കും?

ഇവ സംഭാഷണ രൂപത്തിൽ എഴുതിനോക്കൂ.

- കുട്ടികൾ വ്യക്തിഗതമായി ഇഷ്ടപ്പെട്ട വിരുന്നുകാരുമായി നടത്താറുള്ള സംഭാഷണം തയ്യാറാക്കട്ടെ.

കൈമാറി വായിച്ച് മെച്ചപ്പെടുത്തട്ടെ.

ഗ്രൂപ്പിൽ മികച്ച സംഭാഷണം കണ്ടെത്തി അത് ക്ലാസിൽ വായിക്കുന്നു എല്ലാഗ്രൂപ്പും വായിച്ചു കഴിഞ്ഞാൽ ഇനിയും എന്തെങ്കിലും കൂട്ടിച്ചേർക്കലുകൾ ആവശ്യമുണ്ടെങ്കിൽ കുട്ടികൾ വരുത്തട്ടെ.

അധ്യാപികയുടെ പ്രതീക്ഷിത നിലവാരത്തിലുള്ള രചനകൾ വന്നിട്ടില്ലെങ്കിൽ ടീച്ചർ തയ്യാറാക്കിയ സംഭാഷണം പ്രദർശിപ്പിക്കാം.

- നിങ്ങൾ എഴുതിയതിൽ നിന്നും എന്തു വ്യത്യാസമാണ് ഈ രചനയിലുള്ളത്?
- വാക്യ രചനയിൽ
- പദങ്ങളുടെ പ്രയോഗത്തിൽ
- ശൈലിയിൽ

പൊതു ചർച്ചയ്ക്കുശേഷം ടീച്ചർ വേർഷൻ മാറ്റുന്നു. നിങ്ങളുടെ രചനയിൽ ഇനിയെന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ? ചർച്ച മാറ്റം വരുത്തൽ.

ഓരോ രചനകളും ടീച്ചർ വിലയിരുത്തണം.

### വർക്ക്ബുക്ക് പ്രവർത്തനം 3 സംഭാഷണം എഴുതാം

സംഭാഷണം തയ്യാറാക്കാനുള്ള പ്രവർത്തനം. ആശയങ്ങളുടെ തുടർച്ചയോടുകൂടിയ സംഭാഷണങ്ങൾ ആണ് കുട്ടികൾ തയ്യാറാക്കേണ്ടത്.

സന്ദർഭം നൽകിയിട്ടുണ്ടെങ്കിലും 'ശമീമു' മായുള്ള ബന്ധം വ്യക്തമാക്കുന്ന ചില മുഹൂർത്തങ്ങൾകൂടി ചേരുമ്പോഴാണ് സംഭാഷണം ജീവസുറ്റതാകുന്നത്.

| സന്ദർഭം –1 | സന്ദർഭം –2 |
|---|---|
| വൈകുന്നേരം കൈലിമുണ്ടും ഷർട്ടും ധരിച്ച് കടയുടെ വരാന്തയിൽ നിൽക്കുന്ന നിങ്ങളുടെ സുഹൃത്ത് ശമീം | നല്ല രീതിയിൽ വസ്ത്രധാരണം നടത്തി കൈയ്യിൽ സൂട്ട്കെയ്സ്മായി ബസ് സ്റ്റോപ്പിൽ നൽക്കുന്നു നിങ്ങളുടെ സുഹൃത്ത് ശമീം |

ഇതിൽ ഏതു സന്ദർഭമാണ് ഇവിടെ സംഭാഷണത്തിന് കൂടുതൽ ശക്തി നൽകുക ?

രണ്ടാമത്തെ സന്ദർഭമാണെന്നതിൽ സംശയമില്ലല്ലോ? അതിനാൽ ഇത്തരം ചർച്ചയുടെ ഭാഗമായി വേണം കുട്ടികളെ പ്രവർത്തനത്തിലേക്ക് നയിക്കാൻ.

– സംഭാഷണം കുട്ടികൾ വ്യക്തിഗതമായി തയ്യാറാക്കട്ടെ.

ലേഖനത്തിന്റെ പ്രക്രിയാഘട്ടങ്ങൾ പാലിച്ച് കുട്ടികൾ തയ്യാറാക്കിയ രചന ടീച്ചർ വിലയിരുത്തുന്നു.

### മാതൃക പോലെ എഴുതാം (ടെക്സ്റ്റ് ബുക്ക് പേജ് 64)

ഒരേ ആശയം വരുന്ന വാക്യം പലരും വിവിധ രീതിയിൽ ആണ് ആവിഷ്കരിക്കുക. ഒരേ വാക്യംവിവിധ രീതിയിൽ പ്രയോഗിക്കുവാനുള്ള കഴിവ് വളർത്തുന്ന പ്രവർത്തനമാണ്.

ഒരു മാതൃക ടെക്സ്റ്റ് ബുക്കിൽ നൽകിയിട്ടുണ്ട്

ഈ വാചകം എങ്ങനെയെല്ലാം നൽകിയിട്ടുണ്ട്?

ഈ വാചകം എങ്ങനെയെല്ലാം മാറ്റിപ്പറയാം?

പക്ഷേ ആശയത്തിൽ മാറ്റം വരാൻ പാടില്ല.

കുട്ടികൾ വ്യക്തിഗതമായി നോട്ടുബുക്കിൽ എഴുതട്ടെ. ലേഖന പ്രക്രിയാഘട്ടങ്ങൾ പാലിച്ച് പ്രവർത്തനം പൂർത്തിയാക്കുന്നു. ടീച്ചർ വിലയിരുത്തുന്നു.

- നമുക്ക് അങ്ങാടിയിൽ പോയി വരാം മേരിക്കൊച്ചേ.
- നീ വാ മേരിക്കൊച്ചേ നമുക്ക് അങ്ങാടിയിൽ വരെ പോകാം.
- അങ്ങാടിയിൽ വരെ പോകാം മേരിക്കൊച്ചേ നീ വാ
- മേരിക്കൊച്ചേ അങ്ങാടിയിൽ വരെ പോയിട്ടു വരാം.

### വർക്ക് ബുക്ക് പ്രവർത്തനം – 4 ഉത്തരമെഴുതാം

പാഠഭാഗത്തു നിന്നും ഉത്തരം കണ്ടെത്തി എഴുതുവാനുള്ള പ്രവർത്തനം.

കുട്ടികൾ സ്വതന്ത്രമായി എഴുതട്ടെ.

മൂന്നാമത്തെ ചോദ്യത്തിനുള്ള ഉത്തരം കുട്ടികൾ സ്വയം കണ്ടെത്തി എഴുതുവാനുള്ളതാണ്. കുട്ടികൾ അവരുടെ അനുഭവത്തിൽ നിന്നും ഓർത്ത് എഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

**വർക്ക് ബുക്ക് പ്രവർത്തനം 5**

അക്ഷരങ്ങളും ചിഹ്നങ്ങളുപയോഗിച്ച് പദങ്ങൾ നിർമ്മിക്കാം

കുട്ടികൾ മുൻപ് ആർജിച്ചിട്ടുള്ള ശേഷി പ്രബലനം ചെയ്യുവാൻ ഉദ്ദേശിച്ചുള്ള പ്രവർത്തനമാണ്.

അക്ഷരങ്ങളും ചിഹ്നങ്ങളുപയോഗിച്ച് പദങ്ങൾ നിർമ്മിച്ച് വർക്ക് ബുക്കിൽ എഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

| | | |
|---|---|---|
| പല്ല് | - | മണ്ണ് |
| പെണ്ണ് | - | കണ്ണ് |
| തെയ്യം | - | തല്ല് |
| കപ്പ് | - | ചെപ്പ് |

പാഠം 12

# ചോണന്റെ കാഴ്ചകൾ

*ലോകത്തെ നാം നോക്കിക്കാണുന്നതുപോലെയല്ല മറ്റുള്ളവർ നോക്കിക്കാണുന്നത്. മറ്റൊരാളുടെ കാഴ്ചപ്പാടിലൂടെ നോക്കിക്കാണാൻ കഴിയുന്നത് ഒരാളുടെ വ്യക്തിത്വത്തിന്റെ സവിശേഷതയാണ്. ഓരോ ജീവിക്കും അതിന്റേതായ പ്രത്യേകതകളുണ്ട് കാഴ്ചപ്പാടുകളുണ്ട്. ചോണൻ ഉറുമ്പ് ലോകത്തെയും അവിടെയുള്ള സർവ്വചരാചരങ്ങളെയും എങ്ങനെ നോക്കിക്കാണുന്നു എന്ന് വിശദമാക്കുന്ന കവിതയാണ് ചോണന്റെ കാഴ്ചകൾ.*

*ഭാഷയിലെ ശക്തമായ ഒരു വ്യവഹാരരൂപം എന്ന നിലയ്ക്ക് കവിതകളെ ആസ്വദിക്കുന്നതിനും കവിതാരചനയിൽ ഏർപ്പെടുന്നതിനും ഈ പാഠത്തിലൂടെ ലക്ഷ്യമിടുന്നു. മുൻ കവിതാപാഠങ്ങളിൽ നിന്നുൾക്കൊണ്ട അറിവുകൾ പ്രയോഗിക്കുന്നതിനും പുതിയ ധാരണയിലേയ്ക്കെത്തുന്നതിനും ഈ പാഠം അവസരമൊരുക്കണം.*

*കവിത പലവട്ടം വായിക്കുന്നതിനും ആസ്വദിക്കുന്നതിനും ഭാവാനാത്മകമായി ചിന്തിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ഈ പാഠത്തിലുണ്ട്. കൂടുതൽ കവിതകൾ ശേഖരിക്കുന്നതിനും കടങ്കഥകൾക്കുത്തരം കണ്ടെത്തുന്നതിനും അവസരമുണ്ട്.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ /ധാരണകൾ

- മറ്റൊരാളുടെ ഭാഗത്തുനിന്ന് നോക്കിക്കാണാൻ കഴിയുന്നത് ഒരു വ്യക്തിക്ക് വേണ്ട സവിശേഷ കവിതകൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും
- കവിതകൾ ശേഖരിക്കുന്നതിനും ചൊല്ലി ആസ്വദിക്കുന്നതിനും
- ഉചിതവും ആകർഷകവുമായ പദവിന്യാസം, താളം, എന്നിവ ഉൾക്കൊണ്ട് കവിതാരചനയിൽ ഏർപ്പെടുന്നതിന്.
- കടങ്കഥകൾക്കുത്തരം കണ്ടെത്തുന്നതിന്.
- ഭാവനാ പൂർണ്ണമായി കഥാരചനയിൽ ഏർപ്പെടുന്നതിന്

### വ്യവഹാര രൂപങ്ങൾ

കവിത, കടങ്കഥ, കഥ

### പ്രകടിത രൂപങ്ങൾ

കവിത, കഥ

### പ്രവർത്തനങ്ങൾ

**ഉറുമ്പ് നിരീക്ഷണം**

കുട്ടികളെ ഗ്രൂപ്പുകളാക്കിത്തിരിച്ച് ക്ലാസ്സിനുപുറത്തേക്കുകൊണ്ടുപോകുന്നു. ഓരോ ഗ്രൂപ്പും വിവിധ സ്ഥലങ്ങളിൽ ഉറുമ്പുകളെ കണ്ടെത്തി നിരീക്ഷിക്കട്ടെ. മരം, മരത്തിന്റെ ചുവട്, ചെടിയുടെ ചുവട്ടിൽ മണ്ണിൽ, ഇലകളുടെ അടിയിൽ, മുറിക്കുള്ളിൽ, മൺപൊത്തിൽ, അങ്ങനെ ഉറുമ്പുകളെ കാണാനിടയുള്ള എല്ലായിടത്തും ഉറുമ്പുകളെ നിരീക്ഷിക്കട്ടെ. ഉറുമ്പിന്റെ നിറം, വലുപ്പം കാണപ്പെടുന്ന സ്ഥലം, ആഹാരം, സഞ്ചാര രീതി, സ്വഭാവം ഇവയൊക്കെ നിരീക്ഷിക്കുന്നു. എവിടെയൊക്കെയാണ് ഉറുമ്പ് സഞ്ചരിക്കുന്നത് ? ഉറുമ്പുകൾ എന്തൊക്കെകാണും?

നിരീക്ഷിച്ചു രേഖപ്പെടുത്തിയ കാര്യങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്യട്ടെ.

ഉറുമ്പിന്റെ വലുപ്പം എത്രയുണ്ട് -?

ഒരു തുമ്പച്ചെടി കണ്ടാൽ ഉറുമ്പിന് എന്താണ് തോന്നുക?

ഒരു കല്ല് കണ്ടാൽ ഉറുമ്പിന് എന്തുതോന്നാം?

ഉറുമ്പ് കാണാനിടയുള്ള കാര്യങ്ങൾ കുട്ടികൾ പറയട്ടെ. അവയൊക്കെ എങ്ങനെയെന്ന് ഉറുമ്പിന് തോന്നും?

ലഘു ചർച്ച നടത്തുന്നു.

പാഠപുസ്തകത്തിലെ കവിത വ്യക്തിഗതമായി വായിക്കുന്നു. നിങ്ങൾ കരുതിയതുപോലെയാണോ ഉറുമ്പിന് തോന്നിയത്?

ഉറുമ്പ് എന്തിനെയൊക്കെ കണ്ടു എന്നും അവ എങ്ങനെയാണെന്നാണ് തോന്നിയതെന്നും കുട്ടികൾ പറയട്ടെ.

**അർത്ഥം തിരയാം**

പാഠത്തിലെ അർത്ഥമറിയാത്ത പദങ്ങൾ നോട്ടുബുക്കിലെഴുതുന്നു. മുൻ പാഠങ്ങളിൽ പരാമർശിച്ചിരുന്നതുപോലെ പ്രക്രിയയിലൂടെ അർത്ഥബോധം വരുത്തുന്നു. നോട്ടുബുക്കിലെഴുതുന്നു.

പർവ്വതം, മാമരം, ഘോരം, വനാന്തരം, സാഗരം, കരിവണ്ട്
എന്നീ പദങ്ങളുടെ അർത്ഥവ്യക്തത വരുത്തണം.

**താഴെ കൊടുത്തിരിക്കുന്ന ആശയമുള്ള വരികൾ കണ്ടെത്തുക (ടെക്സ്റ്റ് ബുക്ക്)**

പാഠഭാഗം ആവശ്യബോധത്തോടു കൂടി സ്വയം വായിക്കുന്നതിന് പ്രചോദിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണിത്.

പ്രവർത്തനത്തിലെ വാക്യങ്ങൾ വ്യക്തിഗതമായി വായിക്കുന്നു. ഓരോവാക്യത്തിലേയും ആശയമെന്തെന്ന് കണ്ടെത്തട്ടെ, അതേ ആശയം വരുന്ന വരികൾ കവിതയിൽ നിന്നു കണ്ടെത്തട്ടെ. ടീച്ചർ നിർദ്ദേശിക്കുന്ന കുട്ടികൾ കവിതാഭാഗം അവതരിപ്പിക്കട്ടെ. മറ്റു കുട്ടികൾ വിലയിരുത്തുന്നു. വ്യക്തതവരുത്തുന്നു.

**ഈണം കണ്ടെത്താം... എത്ര ഈണങ്ങൾ (ടെക്സ്റ്റ് ബുക്ക്)**

ഗ്രൂപ്പായി തിരിഞ്ഞ് കവിതയ്ക്ക് ഈണങ്ങൾ നൽകട്ടെ? ഓരോ ഗ്രൂപ്പും കവിത ഏതൊക്കെ ഈണത്തിൽ പാടാം എന്ന് ചർച്ച ചെയ്ത് കണ്ടെത്തട്ടെ.

ഓരോ ഗ്രൂപ്പും കവിത ഒരു ഈണത്തിൽ അവതരിപ്പിക്കുന്നു. മറ്റ് ഗ്രൂപ്പുകൾ വ്യത്യസ്ത ഈണത്തിൽ ചൊല്ലട്ടെ.

ടീച്ചർ കവിത ഈണം, താളം, ഭാവം എന്നിവ ഉൾക്കൊണ്ട് അവതരിപ്പിക്കുന്നു.

കവിതയിലെ ഓരോ ഈരണ്ടു വരിയിലേയും ആശയം പൊതുവായി ചർച്ച ചെയ്യുന്നു.

**ഉത്തരമെഴുതുക (ടെക്സ്റ്റ് ബുക്ക്)**

വീണ്ടും പാഠഭാഗം വായിക്കുന്നതിനുള്ള പ്രവർത്തനമാണിത്.

ചോദ്യങ്ങൾ ഓരോന്നായി വായിക്കുന്നു.

പാഠഭാഗം വായിച്ച് ഉത്തരം കണ്ടെത്തി നോട്ടുബുക്കിൽ എഴുതുന്നു.

എഴുതിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ പങ്കുവെക്കുന്നു പരസ്പരം വിലയിരുത്തുന്നു.

ഗ്രൂപ്പുകൾ അവതരിപ്പിക്കുന്നു. ചർച്ച ക്രോഡീകരണം.

**ചേർത്തു പറഞ്ഞുനോക്കൂ (ടെക്സ്റ്റ് ബുക്ക്)**

ഘടക പദങ്ങൾ ചേർത്ത് സമസ്ത പദമാക്കുന്നതിനുള്ള പ്രവർത്തനമാണിത്,

പദങ്ങൾ രണ്ടും വായിക്കുന്നു. മാതൃകയിൽ ചേർത്തെഴുതിയിരിക്കുന്നത് പരിശോധിക്കുന്നു. മറ്റു രണ്ടു പദങ്ങൾ വായിക്കുന്നു. ചേർത്ത് നോട്ടുബുക്കിലെഴുതുന്നു.

ടീച്ചർ വിലയിരുത്തുന്നു.
കുട്ടികൾ അവതരിപ്പിക്കുന്നു - ബോർഡിലെഴുതുന്നു-

| | | | | |
|---|---|---|---|---|
| പർവ്വതം | + | ആകുന്നു | = | പർവ്വതമാകുന്നു. |
| മാമരം | + | ആകുന്നു | = | മാമരമാകുന്നു. |
| വനാന്തരം | + | ആകുന്നു | = | വനാന്തരമാകുന്നു. |

ഈ പദങ്ങൾക്കുവന്ന മാറ്റങ്ങൾ ചർച്ച ചെയ്യുന്നു.

### പദങ്ങൾ പിരിച്ചെഴുതാം (വർക്ക് ബുക്ക്)

ഘടക പദങ്ങൾ ചേർന്ന് സമസ്തപദങ്ങളായതുപോലെ സമസ്തപദങ്ങൾ ഘടകപദമാക്കാൻ കഴിയും അതിനുള്ള പ്രവർത്തനമാണിത്.
കുട്ടികൾ വ്യക്തിഗതമായി പിരിച്ചെഴുതട്ടെ.
ടീച്ചർ വിലയിരുത്തുന്നു-
കുട്ടികൾ അവതരിപ്പിക്കുന്നു - ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു.

### അർത്ഥമെഴുതാം (വർക്ക് ബുക്ക്)

പഠിച്ച അർത്ഥം വീണ്ടും ഓർമ്മിക്കുന്നതിനും എഴുതുന്നതിനുമുള്ള പ്രവർത്തനമാണിത്. ഹോംവർക്കായിട്ടോ ക്ലാസ്സിലോ ഇവ ചെയ്യാം. ടീച്ചർ വിലയിരുത്തിയാൽ മതി.

### ഉത്തരമെഴുതാം (വർക്ക് ബുക്ക്)

ചോദ്യങ്ങൾക്കുത്തരം തനിയെക്കണ്ടെത്താൻ കുട്ടി ഇതിനകം പരിശീലനം നേടിക്കാണും - കൂടുതൽ ചോദ്യങ്ങൾ കണ്ടെത്തുന്നതിനും ഉത്തരം കണ്ടെത്തുന്നതിനും വർക്കുബുക്കിലെ ഈ പ്രവർത്തനം സഹായിക്കണം.
കുട്ടികൾ വ്യക്തിഗതമായി ചോദ്യങ്ങൾ വായിച്ച് ഉത്തരമെഴുതട്ടെ. ടീച്ചർ വിലയിരുത്തണം.

### ഊഹിച്ചുപറയുക (ടെക്സ്റ്റ് ബുക്ക്)

ഭാവനാത്മകമായി വസ്തുതകളെ കാണുന്നതിനുള്ള പരിശീലന പ്രവർത്തനമാണിത്.
ഓരോ വസ്തുവും ഉറുമ്പിന്റെ കാഴ്ചപ്പാടിൽ എന്തായിതോന്നും എന്ന് കുട്ടികൾ പറയട്ടെ.
സൈക്കിൾ, ആന, തോട്, വീട്, ബോക്സ് അങ്ങനെ കുട്ടിക്ക് പരിചിതമായ ഏതൊരു വസ്തുവും എങ്ങനെയാണ് ചോണനുറുമ്പിന്റെ കാഴ്ചയിൽ എന്ന് ചർച്ചചെയ്താൽ മതി.

### ഉത്തരം പറയാമോ? (കടങ്കഥ) (വർക്ക് ബുക്ക്)

കടങ്കഥകൾ എന്ന വ്യവഹാരരൂപം പരിചയപ്പെടുന്നതിനും കൂടുതൽ കടങ്കഥകൾ നിർമ്മിക്കുന്നതിനും അവസരം നൽകണം.
കടങ്കഥകൾ കുട്ടികൾ വായിക്കട്ടെ. ചുവടെ കൊടുത്തിരിക്കുന്ന ഉത്തരങ്ങൾ പരിശോധിച്ച് ഉചിതമായവ തെരഞ്ഞെടുത്ത് ചേർത്ത് പറയട്ടെ. കടങ്കഥയിലെ ഭാഷാപ്രയോഗങ്ങൾ ചർച്ച ചെയ്യണം. സവിശേഷതകൾ എങ്ങനെയാണ് സംക്ഷിപ്തമായി പറയുക എന്ന് ചർച്ച ചെയ്യണം.
ഉറുമ്പ് ഉത്തരമായിവരുന്ന ഒരു കടങ്കഥ നിർമ്മിച്ച് അവതരിപ്പിക്കട്ടെ.

### എഴുതി നോക്കുക (ടെക്സ്റ്റ് ബുക്ക്)

മറ്റൊരാളുടെ ഭാഗത്തുനിന്ന് വസ്തുക്കളെ കാണുന്നതു പോലെ നമുക്കു ചുറ്റും കാണുന്ന വസ്തുക്കളെ മറ്റൊന്നായി സങ്കൽപ്പിക്കാൻ നമുക്ക് കഴിയണം. ഭാവന വളർത്തുന്നതിനും കാവ്യാത്മകമായി ചിന്തിക്കുന്നതിനും ഈ പ്രവർത്തനം സഹായിക്കും.
ആകാശത്തെ മറ്റെന്തൊക്കെയായി നമുക്ക് തോന്നും. കുട്ടികൾ വ്യക്തിഗതമായി ലഘുവാക്യങ്ങളിൽ

എഴുതുന്നു.
അവതരിപ്പിക്കുന്നു- ചർച്ച.

**കവിതയിലെ ഇഷ്ടപ്പെട്ട രണ്ടുവരി എടുത്തെഴുതുക (ടെക്സ്റ്റ് ബുക്ക്)**

ഏതെങ്കിലും രണ്ടുവരികൾ എടുത്തെഴുതലല്ല. കവിത വീണ്ടും വായിച്ച് ആശയപരമോ ഭാഷാപരമോ ആയ പ്രത്യേകതകൾകൊണ്ടോ അക്ഷരങ്ങളുടെ വിന്യാസം കൊണ്ടോ താളക്രമം കൊണ്ടോ ഒക്കെയാവും ഇഷ്ടപ്പെട്ടിട്ടുണ്ടാവുക. ഇങ്ങനെ ഇഷ്ടപ്പെടാൻ കാരണം കുട്ടികൾ എഴുതണം. കവിതാസ്വാദനത്തിന് കുട്ടികളെ പരിശീലിപ്പിക്കുകയാണ് പ്രവർത്തനത്തിന്റെ ലക്ഷ്യം.

ഇഷ്ടപ്പെട്ട രണ്ടുവരികൾ നോട്ടുബുക്കിൽ എഴുതുന്നു. ഇഷ്ടപ്പെടാനുള്ള കാരണങ്ങളും എഴുതുന്നു.
അവതരിപ്പിക്കുന്നു - ചർച്ച ചെയ്യുന്നു.
ടീച്ചർ ഇഷ്പ്പെട്ട രണ്ടുവരി അവതരിപ്പിക്കുന്നു - ഇഷ്ടപ്പെടാനുള്ള കാരണവും പറയുന്നു.

**ക്രമത്തിലാക്കാം (വർക്ക് ബുക്ക്)**

പദങ്ങളെ ക്രമത്തിലാക്കിയാൽ ആശയപൂർണ്ണതയുണ്ടാകും. ക്രമം തെറ്റിച്ചെഴുതിയ പദങ്ങൾ ക്രമീകരിക്കാനുള്ള പ്രവർത്തനമാണിത്.
വരികളിലെ പദങ്ങൾ ക്രമത്തിലാക്കട്ടെ.
പാഠ പുസ്തകം നോക്കി വിലയിരുത്തട്ടെ.

**പാടി നോക്കുക (ടെക്സ്റ്റ് ബുക്ക്)**

കവിതകൾ ശേഖരിക്കുന്നതിനും ചൊല്ലി ആസ്വദിക്കുന്നതിനുമുള്ള പ്രവർത്തനമാണിത്. പ്രധാനമായും മൂന്നുതരത്തിലുള്ള കവിതകൾ ശേഖരിക്കാൻ ആവശ്യപ്പെടാം. ഇതേ കവിയുടെ കവിതകൾ, ഇതേ ആശയം വരുന്ന കവിതകൾ, ഇതേ താളത്തിലുള്ള കവിതകൾ - എന്നിവ ശേഖരിക്കാം.

ഇവിടെ ഉറുമ്പ് തന്നെ ആശയമായ ഒരുകവിതയാണ് ഉള്ളത്. മുദ്രാഗീതം പോലെ മാർച്ചിംഗ് സോംഗ് പോലെയൊക്കെ ഈ കവിത അവതരിപ്പിക്കാം. കുട്ടികൾ വ്യക്തിഗതമായി ഈണം നൽകി അവതരിപ്പിക്കട്ടെ. ടീച്ചറും ഈണത്തിൽ ചൊല്ലണം - ആശയം ചർച്ച ചെയ്യാം. മറ്റു കവിതകൾ ശേഖരിക്കട്ടെ.

എത്തറ ചെറിയൊരുറുമ്പ്
അവനെത്തറ വലിയ കുറുമ്പ്
എത്തറ പെരിയവനെയും
അവനിത്തിരിവേദനയാക്കും
കുഞ്ഞുണ്ണി മാഷ്

**കവിത പൂർത്തിയാക്കാം (ടെക്സ്റ്റ് ബുക്ക്)**

ഉറുമ്പിന്റെ കാഴ്ചപ്പാടിൽ നിന്ന് വസ്തുക്കളെക്കാണാൻ ശ്രമിച്ച കുട്ടി ആനയുടെ കാഴ്ചപ്പാടിൽ വസ്തുക്കളെ എങ്ങനയായിരിക്കും കാണുക എന്ന് ചിന്തിക്കുന്നതിലൂടെ ഭാവനാപൂർണ്ണമായി കവിതാരചനയിൽ ഏർപ്പെടാൻ കുട്ടികൾക്കവസരം ഒരുക്കുന്ന പ്രവർത്തനമാണിത്.
കവിതയിലെ വരികൾ വ്യക്തിഗതമായിവായിക്കട്ടെ.
വരികളിലെ ആശയം ചർച്ച ചെയ്യുന്നു.
ആന എങ്ങനെയാണ് മറ്റ് വസ്തുക്കളെ കണ്ടിട്ടുണ്ടാവുക.
എന്തൊക്കെ വസ്തുക്കൾ കാണാൻ കഴിയും -
***ലഘു ചർച്ച***
ഓരോന്നും എങ്ങനെ കാണും എന്ന് ചിന്തിച്ച്
കവിത പൂർത്തിയാക്കി എഴുതട്ടെ.
എഴുതിയ കവിത ഗ്രൂപ്പിൽ പങ്കുവെയ്ക്കുന്നു.
വിലയിരുത്തുന്നു -

ടീച്ചർ വിലയിരുത്തൽ സൂചകം ഗ്രൂപ്പിനു നൽകുന്നു.

**കവിത വിലയിരുത്തൽ സൂചകങ്ങൾ**
ആശയം, ഭാവം എന്നിവ പ്രതിഫലിക്കുന്ന തലക്കെട്ട്.
ഉചിതവും ആകർഷകവുമായ പദവിന്യാസം, ഈണം താളം
ഭാവനാ പൂർണമായ രചന

പരസ്പരം വിലയിരുത്തലിനു ശേഷം സ്വന്തം രചനമെച്ചപ്പെടുത്തുന്നു -
ചില കുട്ടികൾ അവതരിപ്പിക്കുന്നു.
ടീച്ചർ തയ്യാറാക്കിയ കവിത ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ തയ്യാറാക്കിയ കവിത പേപ്പറിൽ എഴുതി വാങ്ങിപതിപ്പാക്കുന്നു.

**കഥയെഴുതാം (വർക്ക് ബുക്ക്)**

മുൻ പാഠങ്ങളിൽ പരിചയപ്പെട്ട വ്യവഹാര രൂപമായ കഥ വീണ്ടും പരിചയപ്പെടുന്നതിനും എഴുതുന്നതിനുമുള്ള അവസരമാണിത്.
കഥയുടെ ആദ്യഭാഗം കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ഒന്നുരണ്ടുകുട്ടികൾ ഉറക്കെവായിക്കുന്നു. പിന്നീടെന്തു സംഭവിച്ചുകാണും?
കുട്ടികൾ വ്യക്തിഗതമായി കഥ എഴുതുന്നു.
ടീച്ചർ വിലയിരുത്തുന്നു.

**കഥ വിലയിരുത്തൽ സൂചകങ്ങൾ**
- കഥയുടെ ഉള്ളടക്കം / ഭാവം പ്രതിഫലിക്കുന്ന തലക്കെട്ട്
- കഥയുടെ സമഗ്രത
  - ആശയങ്ങളുടെ തുടർച്ച.
  - ലളിതമായ വാക്യങ്ങൾ
  - കഥയുടെ തുടക്കം, ഒടുക്കം
- ഭാവനാപൂർണമായ രചന -
  - കഥാസന്ദർഭം,
  - അനുയോജ്യമായ കഥാപാത്രങ്ങൾ

## പാഠം –13

# ചാകര

*ബീച്ചിൽ പോകാൻ താല്പര്യമില്ലാത്തവരുണ്ടാവില്ല. ലോകത്തിന്റെ ഏതു ഭാഗത്തും വിനോദസഞ്ചാരികളുടെ മുഖ്യ ആകർഷക കേന്ദ്രമാണ് കടൽത്തീരങ്ങൾ. എന്തുകൊണ്ടാണ് കടലും കടൽത്തീരങ്ങളും മനുഷ്യരെ ഇത്രയധികം ആകർഷിക്കുന്നത്? അറ്റമില്ലാത്ത അതിന്റെ മനോഹാരിതയും വൈചിത്ര്യവും തന്നെ. നിരന്തരം കരയിലേക്ക് കുതിച്ചുകയറുന്ന തിരമാലകൾ! മനസ്സിനും ശരീരത്തിനും കുളിരു പകരുന്ന കടൽക്കാറ്റ്! പാദങ്ങൾക്ക് ഇക്കിളിപകരുന്ന മണൽത്തീരങ്ങൾ! കണ്ണെത്താദൂരത്തോളം പരന്നുകിടക്കുന്ന അപാരത! ഇവക്കെല്ലാമപ്പുറം അത്ഭുതകരമാണ് കടലിനുള്ളിലെ രഹസ്യങ്ങൾ: വിവിധതരം ജീവികൾ, മത്സ്യങ്ങൾ, സസ്യങ്ങൾ, മുത്തും പവിഴവും..........! ഇങ്ങനെ അറ്റമില്ലാത്ത വൈചിത്ര്യങ്ങൾ.*

*കടലിനെക്കുറിച്ചുള്ള വിചാരമുണർത്തുന്ന പാഠമാണ് ചാകര. ഭാഷയിൽ നാം കൂടുതലായി ഉപയോഗിക്കുന്ന സംഭാഷണം എന്ന വ്യവഹാര രൂപത്തിലൂടെയാണ് ഈ പാഠം രൂപപ്പെടുത്തിയിരിക്കുന്നത്. ചാകരയാണു പാഠഭാഗത്തിലെ പ്രമേയമെങ്കിലും കടലിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കും വിധമാവണം ഈ പാഠഭാഗം അവതരിപ്പിക്കുന്നത്. കടലുമായി ബന്ധപ്പെട്ട കഥകളും പാട്ടുകളും കടങ്കഥകളുമൊക്കെ ഒരുക്കി പഠനം രസകരമാക്കാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ/ ധാരണകൾ

- സംഭാഷണങ്ങളിൽനിന്ന് ആശയം ഉൾക്കൊണ്ട് ചോദ്യങ്ങൾ തയ്യാറാക്കുന്നതിന്.
- സംഭാഷണങ്ങൾ അഭിനയിച്ചു വായിക്കുന്നതിന്.
- കടൽമത്സ്യങ്ങളെക്കുറിച്ചു മനസ്സിലാക്കുന്നതിനും ആൽബം തയ്യാറാക്കുന്നതിനും.
- സംഭാഷണവാക്യങ്ങൾ നിർമ്മിക്കുന്നതിന്.
- വിവരണങ്ങൾ തയ്യറാക്കുന്നതിന്.

### വ്യവഹാര രൂപങ്ങൾ

സംഭാഷണം, വിവരണം

### പ്രകടിത രൂപങ്ങൾ

സംഭാഷണം, വിവരണം, ആൽബം

### പ്രവർത്തനങ്ങൾ

ലഘു ചോദ്യങ്ങളിലൂടെ തുടങ്ങാം

നിങ്ങൾ വിനോദയാത്ര പോയിട്ടുണ്ടല്ലോ. എവിടെയൊക്കെയാണ് നിങ്ങൾ പോയിട്ടുള്ളത്?

കുട്ടികൾ പറയുന്ന ഉത്തരങ്ങളിൽ നിന്ന് ബീച്ചിന് (കടൽത്തീരം) ഊന്നൽ നൽകി വീണ്ടും ചോദ്യങ്ങൾ ചോദിക്കാം.

- കടൽത്തീരത്തെ കാഴ്ചകൾ എന്തൊക്കെയാണ് ?
- ബോട്ടുകളിൽ പോയി മീൻപിടിച്ചു കൊണ്ടുവരുന്നത് കണ്ടിട്ടുണ്ടോ?
- പിടിക്കാതെ തന്നെ മത്സ്യങ്ങൾ കരയിലേക്കു വന്നു കയറാറുണ്ടോ!

അത്ഭുതകരമായ അത്തരം കാഴ്ചയെക്കുറിച്ച് ഒരു പാഠമുണ്ടല്ലോ പുസ്തകത്തിൽ!

കുട്ടികളോട് 'ചാകര' എന്ന പാഠഭാഗം വായിക്കാനാവശ്യപ്പെടാം.

**പാഠഭാഗത്തിലേക്ക്**

കുട്ടികൾ പാഠഭാഗം വ്യക്തിഗതമായി വായിക്കുന്നു.

തുടർന്ന് മൂന്നുപേരടങ്ങുന്ന ഗ്രൂപ്പിൽ വായന നടക്കട്ടെ. ആ സന്ദർഭത്തിൽ ഓരോ സംഭാഷണവും കുട്ടികൾ മാറിമാറി വായിക്കണം.

ഒരാൾ അനഘയും മറ്റൊരാൾ ചേട്ടനും മൂന്നാമതൊരാൾ അമ്മയുമാകാം.

ഗ്രൂപ്പുകളുടെ ശ്രാവ്യവായനക്കു ശേഷം ടീച്ചർ പാഠഭാഗം മാതൃകാപരമായി വായിക്കുന്നു.

സംഭാഷണത്തിലെ ശബ്ദവ്യതിയാനം (Sound Modulation), ആവശ്യമായ ഭാവ മാറ്റങ്ങൾ, ശരീര ചലനം തുടങ്ങിയവ പാലിച്ചു കൊണ്ടാവണം ടീച്ചറുടെ വായന.

**ചോദ്യങ്ങൾ തയ്യാറാക്കാം (ടെക്സ്റ്റ്ബുക്ക്)**

പാഠഭാഗം വീണ്ടും വായിച്ച് ആശയം ഗ്രഹിച്ച് ചോദ്യങ്ങൾ തയ്യാറാക്കുന്ന പ്രവർത്തനമാണിത്. പാഠഭാഗത്തെ ആശയങ്ങൾ ഉത്തരങ്ങളായി വരത്തക്കവിധം കുട്ടികൾ പരമാവധി ചോദ്യങ്ങളുണ്ടാക്കണം.

രണ്ടു പേർ വീതമുള്ള ഗ്രൂപ്പുകളായി ചോദ്യങ്ങളുണ്ടാക്കട്ടെ.

തുടർന്ന് ചോദ്യോത്തരപ്പയറ്റ് നടത്താം.

ഓരോ ഗ്രൂപ്പും തയ്യാറാക്കിയ ചോദ്യങ്ങൾ മറ്റു ഗ്രൂപ്പുകാരോട് ചോദിച്ച് അവർ പറയുന്ന ഉത്തരം ശരിയാണോ എന്ന് ഉറപ്പാക്കുന്ന കളിയാണിത്. BB യിൽ കള്ളികൾ വരച്ച് ഗ്രൂപ്പുകളുടെ നമ്പറുകൾ ചേർക്കാം.

ഒരു ഗ്രൂപ്പ് അടുത്ത ഗ്രൂപ്പിനോട് ചോദ്യം ചോദിക്കുന്നു. അവർ ഉത്തരം പറഞ്ഞാൽ ഒരു പോയിന്റ് നൽകാം. ഉത്തരം പറഞ്ഞില്ലെങ്കിൽ അടുത്ത ഗ്രൂപ്പിനോട് ചോദ്യം ആവർത്തിക്കാം. ആരും ഉത്തരം പറഞ്ഞില്ലെങ്കിൽ ചോദ്യം ഉന്നയിച്ച ഗ്രൂപ്പ് ഉത്തരം വ്യക്തമാക്കണം. അപ്പോൾ ആ ഗ്രൂപ്പിന് ഒരു പോയിന്റ് രേഖപ്പെടുത്താം. ഇങ്ങനെ ഓരോ ഗ്രൂപ്പിനും ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം നൽകണം. അവസാനം ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ഗ്രൂപ്പ് വിജയിച്ചതായി പ്രഖ്യാപിക്കാം.

ഓരോ ഗ്രൂപ്പും ചോദ്യങ്ങളുന്നയിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾക്ക് ആ ചോദ്യം നോട്ടുബുക്കിൽ എഴുതിയെടുക്കാൻ സമയം നൽകണം. അവസാനം ടീച്ചർ നോട്ടുബുക്കുകൾ വിലയിരുത്തണം.

**പര്യായം എഴുതുക (ടെക്സ്റ്റ്ബുക്ക്)**

ഒരേ ആശയം വരുന്ന പദങ്ങൾ കണ്ടെത്താനുള്ള പ്രവർത്തനമാണിത്. കുട്ടികൾ സമാന പദങ്ങൾ അന്വേഷിച്ചു കണ്ടെത്തട്ടെ.

ഹോംവർക്കായി ഈ പ്രവർത്തനം നല്കാം. ടീച്ചർ വിലയിരുത്തണം.

സമാനപദങ്ങളും മറ്റും ടീച്ചർ നേരിട്ടു പറഞ്ഞുകൊടുക്കുന്നതിനെക്കാൾ കുട്ടികളുടെ ഓർമ്മയിൽ തങ്ങിനിൽക്കാൻ സഹായകമാവുക അവർ തന്നെ അത്തരം പദങ്ങൾ അന്വേഷിച്ചു കണ്ടെത്തുമ്പോഴാണ്. അവരുടെ ഭാഗത്തുനിന്നു താല്പര്യപൂർവ്വമുള്ള പ്രവർത്തനമുണ്ടാവുമ്പോൾ കൂടുതൽ ഫലപ്രദമാകുമെന്നോർക്കുക.

**പിരിച്ചെഴുതുക (ടെക്സ്റ്റ്ബുക്ക്)**

മുമ്പു ചെയ്തു പരിചയിച്ച പ്രവർത്തനമാണിത്.

ഗ്രൂപ്പ് പ്രവർത്തനമായി നൽകാം. ടീച്ചർ വിലയിരുത്തിയാൽ മതി.

പിരിച്ചെഴുതാനുള്ള പ്രവർത്തം വർക്കുബുക്കിലും വന്നിട്ടുണ്ട്. അത് ഗൃഹപാഠമായി നൽകാം. ടീച്ചർ വിലിയിരുത്തണം.

**മലയാള പദങ്ങൾ കണ്ടെത്തുക (വർക്ക്ബുക്ക്)**

ഭാഷയിൽ സ്വന്തം പദങ്ങൾ പോലെ സാർവത്രികമായി ഉപയോഗിക്കുന്ന ധാരാളം ഇംഗ്ലീഷ് പദങ്ങളുണ്ടല്ലോ. അവയെക്കുറിച്ചുള്ള അവബോധമുണ്ടാക്കാനുള്ള പ്രവർത്തനമാണിത്.

ഗ്രൂപ്പ് പ്രവർത്തനമായി നൽകാം. ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് പദങ്ങൾ കണ്ടെത്തട്ടെ. തുടർന്ന് ക്ലാസിൽ

അവതരിപ്പിച്ച് വ്യക്തത വരുത്തിയ ശേഷം വർക്കുബുക്കിൽ എഴുതാം.

### പദസൂര്യൻ നിർമ്മിക്കുക (വർക്ക്ബുക്ക്)

കടൽ അത്ഭുതങ്ങളുടെ നിലവറയാണല്ലോ. കടലിനെക്കുറിച്ചുള്ള ചർച്ച ആദ്യം നടത്തിയിട്ടുണ്ട്. ഒന്നു കൂടി ആ ചർച്ചയിലേക്കു കുട്ടികളുടെ ശ്രദ്ധ തിരിക്കാം. കടലിൽനിന്നു ലഭിക്കുന്നതും കടലുമായി ബന്ധപ്പെട്ടതുമായ വസ്തുക്കളിലേക്കു ചർച്ച നയിക്കാം.

പദസൂര്യനിൽ ചേർക്കാവുന്ന വസ്തുതകൾ കുട്ടികൾ കണ്ടെത്തട്ടെ. ക്ലാസിൽ അവതരിപ്പിച്ചു വ്യക്തത വരുത്തിയ ശേഷം പദസൂര്യൻ പൂർത്തീകരിക്കാം.

കടൽ – മത്സ്യം – മുത്ത് – പവിഴം – കക്ക, ഉപ്പുവെള്ളം, തിരമാല

### എത്ര മീനുകളുടെ പേരറിയാം ? (ടെക്സ്റ്റ്ബുക്ക്)

വ്യക്തിഗതമായി കുട്ടികൾ എഴുതേണ്ട പ്രവർത്തനമാണിത്. ഓരോ കുട്ടിയും ആത്മപരിശോധന നടത്തി അറിയാവുന്ന മത്സ്യങ്ങളുടെ പേരുകൾ കുറിക്കട്ടെ.

### ആൽബം തയ്യാറാക്കാം (ടെക്സ്റ്റ്ബുക്ക്)

മീനുകളുടെ ചിത്രം ശേഖരിക്കാൻ കുട്ടികളോട് ആവശ്യപ്പെടാം. ഓരോ കുട്ടിയും ചിത്രങ്ങൾ ശേഖരിച്ചു കൊണ്ടുവരട്ടെ. ആൽബം തയ്യാറാക്കാനുള്ള പ്രവർത്തനം ക്ലാസിൽ ഒരു ഗ്രൂപ്പിനു നൽകാം. മൊത്തത്തിൽ ഒരു ആൽബം തയ്യാറാക്കിയാൽ മതി. എല്ലാ കുട്ടികളുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പാക്കാൻ ടീച്ചർ ശ്രദ്ധിക്കണം.

### കുറിപ്പ് തയ്യാറാക്കുക (വർക്ക്ബുക്ക്)

ഇഷ്ടപ്പെട്ട മത്സ്യത്തെക്കുറിച്ചുള്ള കുറിപ്പാണു വേണ്ടത്. ഗൃഹപാഠമായി നൽകാം. കുട്ടികൾ തങ്ങൾക്കിഷ്ടപ്പെട്ട മത്സ്യത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കട്ടെ.

മത്സ്യത്തിന്റെ വലിപ്പം, രൂപം, മറ്റു സവിശേഷതകൾ എല്ലാം മനസ്സിലാക്കി സ്വയം കുറിപ്പ് തയ്യാറാക്കട്ടെ. ടീച്ചർ വിലയിരുത്തണം.

### സംഭാഷണം തയ്യാറാക്കുക (വർക്കുബുക്ക്)

കടലും പുഴയും തമ്മിലുള്ള വ്യത്യാസം കുട്ടികളുടെ മനസ്സിലുണ്ടാവണം. കടൽവെള്ളത്തിന്റെ ഉപ്പുരസവും വിശാലതയും തിരമാലകളും ഒരിക്കലും വറ്റാത്ത അവസ്ഥയും എണ്ണമറ്റ വ്യത്യസ്ത ജീവജാലങ്ങളുടെ സാന്നിധ്യവും കുട്ടി മനസ്സിലാക്കണം. പുഴ അങ്ങനെയല്ലല്ലോ. ഈ അറിവുകളുടെ അടിസ്ഥാനത്തിലായിരിക്കണം സംഭാഷണം തയ്യാറാക്കുന്നത്.

ക്ലാസിലെ പൊതു ചർച്ചയ്ക്കു ശേഷം ഗ്രൂപ്പിൽ സംഭാഷണം തയ്യാറാക്കട്ടെ. ക്ലാസിൽ അവതരിപ്പിച്ചു വിലയിരുത്തിയ ശേഷം വർക്കുബുക്കിൽ എഴുതാം.

### വാക്കുകൾ പൂർത്തിയാക്കാം (വർക്കുബുക്ക്)

അക്ഷര ബോധമുണ്ടാക്കാനുള്ള പ്രവർത്തനമാണിത്. കേട്ടെഴുത്തുപോലുള്ള പ്രവർത്തനങ്ങൾ ഇല്ലാത്തതുകൊണ്ട് പദങ്ങളിലുപയോഗിക്കേണ്ട അക്ഷരങ്ങളെക്കുറിച്ചുള്ള ധാരണക്കുറവ് കുട്ടികളിൽ സാർവ്വത്രികമാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ആ ന്യൂനത പരിഹരിക്കുക തന്നെ വേണം. ഓരോ പദത്തിലും ഉപയോഗിക്കേണ്ട അക്ഷരങ്ങളേതെന്ന ബോധം താഴ്ന്ന ക്ലാസുകളിൽ നിന്നു തന്നെ കുട്ടിയുടെ മനസ്സിൽ ഉറയ്ക്കണം. അതിനുള്ള ആത്മാർത്ഥമായ ശ്രമമാണ് അധ്യാപകരുടെ ഭാഗത്തു നിന്നുണ്ടാവേണ്ടത്. വിരസതയും പ്രയാസവുമുണ്ടാക്കാത്തവിധം ഇതിനുള്ള മാർഗങ്ങൾ അധ്യാപകർക്കു കണ്ടെത്താവുന്നതാണ്.

ഈ പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി നിർവ്വഹിക്കട്ടെ. ശേഷം ഗ്രൂപ്പിൽ അവതരിപ്പിച്ചു വ്യക്തത വരുത്താം. ടീച്ചറുടെ പിന്തുണയും നിരന്തര വിലയിരുത്തലും അനിവാര്യമാണ്.

## പാഠം 14

# വയനാട്ടിലേക്കൊരു യാത്ര

*യാത്ര മനുഷ്യന്റെ അടിസ്ഥാന പരമായ ഒരു സ്വഭാവമാണ്. ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് പോകാനും ഇഷ്ടജനങ്ങളെ കാണാനും കൊതിക്കാത്തവരില്ല. യാത്രകൾ അനുഭവങ്ങൾ നൽകുന്നു. കേട്ടും വായിച്ചും അറിഞ്ഞതിനെ കാണാൻ കഴിയുമ്പോൾ അവയെ മറ്റുള്ളവർക്കുകൂടി അനുഭവവേദ്യമാക്കാൻ നാം ശ്രമിക്കുന്നു. അത്ഭുതക്കാഴ്ചകളെ തന്മയത്വത്തോടെ ഒപ്പിയെടുത്തുനൽകാൻ സർഗാത്മകതവേണം. സൂക്ഷ്മ നിരീക്ഷണവും വർണനാപാടവവും കൊണ്ട് ശ്രദ്ധേയമായ ഒരു യാത്രാ വിവരണമാണ് പാഠഭാഗം.*

*അപരിചിതമായ പ്രദേശങ്ങളെയും അത്ഭുതങ്ങളെയും അടുത്തറിയുന്നതിന് യാത്രാവിവരണം സഹായിക്കും. കൂടാതെ യാത്രകൾ പോകുന്നതിന് പ്രചോദനമാവുകയും ചെയ്യും. യാത്രാവിവരണം എന്ന വ്യവഹാരരൂപം ഇതുവരെ കുട്ടിപരിചയപ്പെട്ടിട്ടില്ല. അതിനാൽ മറ്റ് യാത്രാ വിവരണങ്ങൾ ശേഖരിക്കുന്നതിനും വായിക്കുന്നതിനും ഈ പാഠത്തിലൂടെ അവസരം ലഭിക്കണം. യാത്രാ വിവരണ രചനയിൽ ഏർപ്പെടുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അവസരം വേണം.*

### കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ /ധാരണകൾ

- പ്രകൃതിയിലെ അത്ഭുതങ്ങളെ അടുത്തറിയുന്നതിന് യാത്രകൾ സഹായിക്കുന്നു.
- യാത്രാവിവരണങ്ങൾ കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നതിന്.
- യാത്രാവിവരണത്തിലെ പ്രയോഗങ്ങൾ വർണ്ണനകൾ എന്നിവ തിരിച്ചറിയുന്നതിന്.
- അനുഭവങ്ങൾ, ദൃശ്യങ്ങൾ എന്നിവയുടെ നേരനുഭവ പ്രതീതിയുണ്ടാക്കുന്നവിധം യാത്രാവിവരണ രചനകളിൽ ഏർപ്പെടുന്നതിന്.

### വ്യവഹാര രൂപങ്ങൾ

യാത്രാ വിവരണം.

### പ്രകടിത രൂപങ്ങൾ

യാത്രാ വിവരണം.

### പ്രവർത്തനങ്ങൾ

ടീച്ചറും കുട്ടികളും അനൗപചാരിക സംഭാഷണത്തിൽ ഏർപ്പെടുന്നു.

- നിങ്ങൾക്ക് യാത്ര പോകാനിഷ്ടമാണോ?
- നിങ്ങൾ എവിടെയൊക്കെ യാത്ര ചെയ്തിട്ടുണ്ട്.

- എന്തൊക്കെ അനുഭവങ്ങളാണ് യാത്രാവേളയിൽ ഉണ്ടായിട്ടുള്ളത്?
  കുട്ടികൾ ഓരോരുത്തരും പ്രതികരിക്കുന്നു.
- മറ്റുള്ളവർ യാത്രപോയപ്പോഴുണ്ടായ അനുഭവങ്ങൾ, കാഴ്ചകൾ, ഒക്കെ നമുക്കെങ്ങനെയാണ് അറിയാൻ കഴിയുക?
- കുട്ടികൾ പ്രതികരിക്കുന്നു – ചർച്ച – ക്രോഡീകരണം

മറ്റുള്ളവർ പറയുകയോ എഴുതിയത് വായിക്കുകയോ വേണം

വലിയമല എൽ.പി സ്കൂളിലെ സമീറയും കൂട്ടരും വയനാട്ടിലേക്കൊരു പഠനയാത്ര നടത്തി -

- എന്തൊക്കെ ഒരുക്കങ്ങളായിരിക്കും അവർ നടത്തിയിരിക്കുക?
- എങ്ങനെയായിരിക്കും പോയിട്ടുണ്ടാവുക?
- ഏതൊക്കെ സ്ഥലങ്ങൾ കണ്ടിട്ടുണ്ടാവും?
- എന്തൊക്കെ കാഴ്ചകൾ കണ്ടിട്ടുണ്ടാകും ?

ഓരോ ചോദ്യങ്ങളും ചർച്ച ചെയ്യുന്നു. കുട്ടികളുടെ പ്രതികരണം ശരിയാണോ എന്നറിയാൻ പാഠഭാഗം കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ.

ചോദ്യങ്ങൾ വീണ്ടും ചോദിച്ച് ആരുടെയൊക്കെ ഊഹം ശരിയായി എന്ന് പരിശോധിക്കുന്നു.

### അർത്ഥം തിരയാം

അർത്ഥവ്യക്തതവരാത്ത പദങ്ങൾ പാഠത്തിലുണ്ടെങ്കിൽ അവ കണ്ടെത്തി അർത്ഥവ്യക്തത വരുത്താനുള്ള പ്രവർത്തനമാണ്.

പദങ്ങൾ കുട്ടികൾ നോട്ടുബുക്കിൽ പട്ടികപ്പെടുത്തുന്നു. മുൻപാഠങ്ങളിൽ പ്രതിപാദിച്ചതുപോലെ 'പ്രക്രിയ' യിലൂടെ അർത്ഥം കണ്ടെത്തുന്നു. നോട്ടുബുക്കിൽ എഴുതുന്നു.

### സമാനപദങ്ങൾ കൂട്ടിച്ചേർക്കാം (ടെക്സ്റ്റ് ബുക്ക്)

പാഠ ഭാഗത്ത് നൽകിയിരിക്കുന്ന രണ്ടു സെറ്റ് പദങ്ങളിൽ സമാനമായ പദങ്ങൾ വരച്ചു ചേർക്കട്ടെ.

ടീച്ചർ വിലയിരുത്തണം.

### അർത്ഥമെഴുതാം (വർക്ക് ബുക്ക്)

അർത്ഥബോധം വന്ന പദങ്ങളെ വീണ്ടും പരിശോധിക്കുന്നതിനുള്ള പ്രവർത്തനമാണിത്. കുട്ടികൾ അർത്ഥം വ്യക്തിഗതമായി എഴുതുന്നു.

ടീച്ചർ വിലയിരുത്തുന്നു. ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു.

പാഠ ഭാഗം ടീച്ചർ വായിക്കുന്നു - പാഠ വിശകലനം നടത്തുന്നു - ആശയവ്യക്തത വരുത്തുന്നു - യാത്രാ വിവരണത്തിന്റെ സവിശേഷതകൾ ചർച്ച ചെയ്യുന്നു.

യാത്രാ വിവരണം വിലയിരുത്തൽ സൂചകങ്ങൾ.

- വസ്തുതകളും (സ്ഥലങ്ങളുടെ പ്രത്യേകത, സംഭവങ്ങൾ) അനുഭവങ്ങളും ബന്ധിപ്പിച്ചുള്ള ആവിഷ്കാരം.
- ആശയങ്ങളുടെ പൂർണ്ണത (പരസ്പരബന്ധം, തുടർച്ച)
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- യാത്ര എങ്ങനെ അനുഭവപ്പെട്ടു. (ഗുണം, ദോഷം, സന്ദേശം)

ചില കുട്ടികൾ ഉറക്കെ വായിക്കട്ടെ.

### ഉത്തരമെഴുതുക (ടെക്സ്റ്റ് ബുക്ക്)

പാഠഭാഗം വീണ്ടും വായിച്ച് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതട്ടെ.

എഴുതിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് വാക്യഘടന ശരിയാക്കുന്നു - ഗ്രൂപ്പിൽ നിന്നും ഒരാൾ അവതരിപ്പിക്കുന്നു- ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു - ആവശ്യമെങ്കിൽ ടീച്ചർക്ക് ബോർഡിലെഴുതാം. കുട്ടികൾ നോട്ടുബുക്കിൽ ശരിയായ രീതിയിൽ എഴുതുന്നു.

### സംഭവങ്ങൾ നടന്നതിനനുസരിച്ച് ക്രമത്തിൽ മാറ്റി എഴുതാമോ? (ടെക്സ്റ്റ് ബുക്ക്)

യാത്രാ വിവരണ രചനയിൽ സംഭവങ്ങൾ ക്രമമായി എഴുതുന്നതിന്റെ ആവശ്യം വ്യക്തമാക്കുന്നതിനുള്ള പ്രവർത്തനമാണിത്. കൂടാതെ പാഠഭാഗം വീണ്ടും വായിക്കുന്നതിനും ഈ പ്രവർത്തനം സഹായിക്കും.

കുട്ടികൾ പ്രവർത്തനത്തിലെ വാക്യങ്ങൾ വായിക്കുന്നു. പാഠഭാഗം വായിച്ച് ഈ വാക്യങ്ങളിലെ സംഭ

വങ്ങളിൽ ആദ്യം നടന്നത് ഏത് എന്ന് കണ്ടെത്തുന്നു, ക്രമത്തിൽ എഴുതുന്നു. അവതരിപ്പിക്കുന്നു.

ടീച്ചർ വിലയിരുത്തുന്നു.

**ചേർത്തു പറയുക (ടെക്സ്റ്റ് ബുക്ക്)**

ഘടക പദങ്ങൾ ചേർന്ന് സമസ്തപദങ്ങളാവുമ്പോൾ വരുന്ന മാറ്റം തിരിച്ചറിയുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള പ്രവർത്തനമാണിത്.

മാതൃകയിലെ പദങ്ങൾ വായിക്കട്ടെ. അവ ചേർത്തെഴുതിയ പദവും വായിക്കട്ടെ.

എന്തു വ്യത്യാസമാണ് വന്നത്?

ഇതുപോലെ മറ്റു പദങ്ങൾ മാറ്റി എഴുതട്ടെ.

ടീച്ചർ വിലയിരുത്തണം.

**മാതൃകപോലെ എഴുതാം (വർക്ക് ബുക്ക്)**

വർക്കുബുക്കിലെ പ്രവർത്തനത്തിലെ പദങ്ങൾ കുട്ടികൾ വായിക്കുന്നു. മാതൃക പരിശോധിക്കുന്നു.

എന്തു മാറ്റമാണ് പദത്തിനുവന്നത്?

ഇതേ മാറ്റം വരുത്തി മറ്റ് പദങ്ങൾ എഴുതുന്നു.

കുട്ടികൾ അവതരിപ്പിക്കുന്നു.

ടീച്ചർ വിലയിരുത്തുന്നു.

**പദം ക്രമപ്പെടുത്തി വാക്യം ശരിയാക്കുക (ടെക്സ്റ്റ് ബുക്ക്)**

വാക്യരചനയിൽ അർത്ഥ വ്യക്തതവരത്തക്കവിധം പദങ്ങളെ ഉചിതമായ രീതിയിൽ വിന്യസിക്കേണ്ടതുണ്ട്, എന്നു തിരിച്ചറിയുന്നതിനുള്ള പ്രവർത്തനമാണിത്.

ഓരോ വാക്യങ്ങളായി ക്രമപ്പെടുത്തി എഴുതുന്നു. ഈ വാക്യം പാഠപുസ്തകത്തിൽ കണ്ടെത്തുന്നു.

സ്വയം വിലയിരുത്തുന്നു.

അവതരിപ്പിക്കുന്നു.

ടീച്ചർ വിലയിരുത്തുന്നു.

**അടിയിൽ വരയിട്ട പദത്തിന്റെ വിപരീത അർത്ഥമുള്ള**
**പദം ചേർത്ത് വാക്യം മാറ്റി എഴുതുക (വർക്ക് ബുക്ക്)**

പദങ്ങളുടെ വിപരീത ആശയം വരുന്ന പദങ്ങൾ കണ്ടെത്തുന്നതിനും പദങ്ങൾ ചേർന്ന വാക്യ രചന നടത്തുന്നതിനുമുള്ള പ്രവർത്തനമാണിത്.

വാക്യങ്ങൾ കുട്ടികൾ വായിക്കുന്നു.

അടിവരയിട്ട പദങ്ങൾ കണ്ടെത്തുന്നു.

വിപരീത ആശയമുള്ള പദങ്ങൾ കണ്ടെത്തി നോട്ടുബുക്കിൽ എഴുതുന്നു.

| | |
|---|---|
| ദൃശ്യമായി | x അദൃശ്യമായി |
| മിത്രങ്ങളായി | x ശത്രുക്കളായി |
| വിരളമാണ് | x ധാരാളമാണ് |

കുട്ടികൾ പദങ്ങളും വിപരീത ആശയമുള്ള പദങ്ങളും പറയുന്നു. ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു.

ഈ പദങ്ങൾ ചേർന്നുവരുമ്പോൾ വാക്യത്തിന് എന്തു മാറ്റം വരും?

കുട്ടികൾ പദങ്ങളും വിപരീത ആശയമുള്ള പദങ്ങളും പറയുന്നു. ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു.

ഈ പദങ്ങൾ ചേർന്നുവരുമ്പോൾ വാക്യത്തിന് എന്തു മാറ്റം വരും?

കുട്ടികൾ വാക്യങ്ങൾ മാറ്റി എഴുതുന്നു.

അവതരിപ്പിക്കുന്നു.

ടീച്ചർ വിലയിരുത്തുന്നു.

**ഏതെല്ലാം കൃഷികൾ (വർക്ക് ബുക്ക്)**

പാഠ പുസ്തകത്തിൽ ഏതെല്ലാം കൃഷികളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്? മറ്റേതൊക്കെ കൃഷികളെക്കുറിച്ചറിയാം?

ചർച്ചക്കൊടുവിൽ വർക്കുബുക്കിൽ എഴുതിച്ചേർക്കട്ടെ. ടീച്ചർ വിലയിരുത്തണം.

**അക്ഷരങ്ങളും ചിഹ്നങ്ങളുമുപയോഗിച്ച് പദങ്ങൾ നിർമ്മിക്കാം (വർക്ക് ബുക്ക്)**

അക്ഷരങ്ങൾക്ക് വ്യക്തതവരുത്തുന്നതിനും തെറ്റില്ലാതെ എഴുതുന്നതിനുമുള്ള പരിശീലന പ്രവർത്തനമാണിത്.

അക്ഷരങ്ങളും ചിഹ്നങ്ങളും വായിക്കുന്നു.

ഈ ചിഹ്നവും അക്ഷരങ്ങളും ചേർത്ത് പദങ്ങളുണ്ടാക്കട്ടെ – കുട്ടികൾ അവതരിപ്പിക്കുന്നു.

ടീച്ചർ വർക്കുബുക്ക് പരിശോധിച്ച് വിലയിരുത്തുന്നു.

**ഉത്തരം കണ്ടെത്തി എഴുതാം (വർക്ക് ബുക്ക്)**

പാഠ വിശകലനത്തിലൂടെ ആശയം എത്രമാത്രം കുട്ടികൾക്ക് മനസ്സിലായി എന്നറിയുന്നതിനുള്ള പ്രവർത്തനമാണിത്.

കുട്ടികൾ ചോദ്യങ്ങൾ വായിച്ച് ഉത്തരം എഴുതട്ടെ.

ടീച്ചർ വിലയിരുത്തണം.

**യാത്രാ വിവരണം തയ്യാറാക്കാം (വർക്ക് ബുക്ക്)**

കുട്ടികൾ സ്വന്തമായി യാത്രാവിവരണ രചനയിൽ ഏർപ്പെടുന്നതിനുള്ള പ്രവർത്തനമാണിത്.

കുട്ടികൾ അവർ നടത്തിയ യാത്രകളെക്കുറിച്ച് പറയട്ടെ. അച്ഛന്റെ കൂടെ, അമ്മയുടെ കൂടെ, അധ്യാപകരുടെ കൂടെ, കൂട്ടുകാർക്കൊപ്പം, ഏതുമാവാം. പോയപ്പോൾ കണ്ട കാര്യങ്ങൾ, ഉണ്ടായ അനുഭവങ്ങൾ, തോന്നലുകൾ, ഇഷ്ടപ്പെട്ടത്, ഇഷ്ടപ്പെടാത്തത് തുടങ്ങിയ കാര്യങ്ങൾ കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു. എന്നുപോയി, ആരുടെയൊപ്പം പോയി, എങ്ങനെപോയി, എവിടെയൊക്കെപോയി, എന്തൊക്കെ കണ്ടു, എന്തൊക്കെതോന്നി, പോയപ്പോൾ എന്തുകിട്ടി, എന്തൊക്കെ ഇഷ്ടപ്പെട്ടു, എന്തൊക്കെ വിഷമങ്ങളുണ്ടായി എന്നീകാര്യങ്ങളൊക്കെ ചർച്ചയിൽ വരണം.

കുട്ടികൾ വ്യക്തിഗതമായി യാത്രാവിവരണം എഴുതുന്നു.

ഗ്രൂപ്പിൽ വിലയിരുത്തുന്നു. ആരുടെ രചനയാണ് നന്നായത്. വിലയിരുത്തൽ സൂചകങ്ങൾ ഗ്രൂപ്പിനു നൽകുന്നു.

മികച്ച രചന അവതരിപ്പിക്കുന്നു.

എന്തുകൊണ്ട് ഈ രചന മികച്ചതായി; കുട്ടികൾ സമർത്ഥിക്കുന്നു.

എല്ലാ ഗ്രൂപ്പുകളിലേയും മികച്ച രചന അവതരിപ്പിക്കുന്നു, യാത്രാവിവരണ രചനയിലെ പ്രത്യേകതകൾ വീണ്ടും ചർച്ച ചെയ്യുന്നു.

ടീച്ചർ നടത്തിയ ഒരു യാത്രയെക്കുറിച്ചുള്ള വിവരണം ചാർട്ടിൽ അവതരിപ്പിക്കുന്നു – വായിക്കുന്നു – ചർച്ച ചെയ്യുന്നു.

കുട്ടികൾ അവരുടെ രചനകൾ മെച്ചപ്പെടുത്തുന്നു. ടീച്ചർ നൽകിയ കടലാസ്സിൽ എഴുതുന്നു – എഴുതിയ യാത്രാ വിവരണങ്ങൾ ശേഖരിച്ച് പതിപ്പാക്കുന്നു.

''ഞങ്ങളുടെ യാത്രകൾ'' എന്ന പേരുള്ള പതിപ്പ് നിർമ്മിക്കുന്നു.

### പാഠം 15

# ഗുരുവും ശിഷ്യനും

*ഗുണപാഠ കഥകൾ കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ വളരെയധികം സ്വാധീനിക്കും. സ്വന്തം കഴിവുകളും പരിമിതികളും തിരിച്ചറിയുന്നതിനും മറ്റുള്ളവരുടെ കഴിവിൽ അസൂയപ്പെടാതെ തന്റെ കഴിവുകൾ പരമാവധി മെച്ചപ്പെടുത്തിക്കൊണ്ട് ജീവിതസുഖം കൈവരിക്കാനും കുട്ടികൾക്ക് പ്രേരണ നൽകുന്ന ഒരു കഥയാണ് ഗുരുവും ശിഷ്യനും. സ്വന്തം പ്രവർത്തികളിലൂടെയാണ് മറ്റുള്ളവരുടെ സ്നേഹവും ആദരവും ലഭിക്കുന്നത്. അതിന് നമ്മളിൽ നല്ല സ്വഭാവ ഗുണങ്ങൾ വളർത്തിയെടുക്കേണ്ടതുണ്ട്.*

*സത്യസന്ധത, കൃത്യനിഷ്ഠ, വിനയം, ഗുരുഭക്തി, ഈശ്വരഭക്തി, വിവേകപൂർവ്വമായ ചിന്തയും പ്രവൃത്തിയും തുടങ്ങി ഒട്ടനവധി കാര്യങ്ങൾ നാം ജീവിതത്തിൽ പകർത്തേണ്ടതുണ്ട്. ആ ഒരു ചിന്ത കുട്ടികളിൽ വളർത്താൻ ഈ പാഠഭാഗം സഹായകമാവും. അതോടൊപ്പം ഭാഷാപരമായ വസ്തുതകൾ കുട്ടികൾ കൈവരിക്കേണ്ടതുണ്ടല്ലോ. ഭാഷാവ്യവഹാരരൂപങ്ങളിൽ വളരെ പ്രാധാന്യമുള്ള 'ഡയറി' ലേഖനത്തിൽ ശേഷി കൈവരിക്കുന്നതിനും സംഭാഷണങ്ങൾ തയ്യാറാക്കി ക്ലാസിൽ ലഘുനാടകം അവതരിപ്പിക്കുന്നതിനും ഈ പാഠഭാഗത്ത് അവസരം ഒരുക്കുന്നുണ്ട്. ഇതിനെല്ലാം ഉപരി പദ നിഘണ്ടു തയ്യാറാക്കുന്നതിനും ഊന്നൽ നൽകുന്നു.*

**കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ /ധാരണകൾ**

- തന്റെ കഴിവും കഴിവുകേടുകളും തിരിച്ചറിഞ്ഞ് വിവേക പൂർണ്ണമായ പ്രവൃത്തികളിലൂടെ നല്ല സ്വഭാവഗുണങ്ങൾ രൂപീകരിക്കുന്നതിന്.
- സന്ദർഭങ്ങളിൽ നിന്ന് അർത്ഥം ഊഹിച്ചറിയുന്നതിന്.
- കഥകൾ വായിച്ച് ആശയം ഗ്രഹിക്കുന്നതിനും സന്ദേശങ്ങൾ ഉൾക്കൊള്ളുന്നതിനും.
- ഡയറിക്കുറിപ്പുകൾ എഴുതുന്നതിന്.
- സംഭാഷണങ്ങൾ തയ്യാറാക്കുന്നതിനും അവ നാടകീകരിക്കുന്നതിനും.
- വായിച്ച കഥയിലെ ആശയങ്ങൾ ചുരുക്കിയെഴുതുന്നതിന്.
- പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നതിനും അവ ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിനും.
- നിഘണ്ടു തയ്യാറാക്കുന്നതിന്.

**വ്യവഹാര രൂപങ്ങൾ**

കഥ, സംഭാഷണം, ഡയറി.

**ആവിഷ്ക്കാര പ്രകടിതരൂപം**

നാടകം, പതിപ്പുകൾ

**പ്രവർത്തനങ്ങൾ**

സൗഹൃദസംഭാഷണങ്ങളോടെ ക്ലാസ്റൂം പ്രവർത്തനങ്ങൾ ആരംഭിക്കാം.
കഥകൾ കേൾക്കാനിഷ്ടമല്ലേ.....?
നമുക്കിന്ന് മല്ലന്റെയും മാധേവന്റെയും കഥ കേൾക്കാം.
ടീച്ചർ ''മല്ലനും മാധേവനും കഥ'' ഭാവാത്മകമായി അവതരിപ്പിക്കുന്നു.
(മല്ലനും മാധേവനും കൂട്ടുകാർ – കാട്ടിൽ തേൻ ശേഖരിക്കാൻ പോയി – മല്ലൻ ശക്തിമാൻ – മാധേവൻ

ബുദ്ധിമാൻ – കരടിയുടെ മുന്നിൽ പെട്ടു. – മല്ലൻ മരത്തിൽക്കയറി-മാധവന് മരം കേറ്റം അറിയില്ല – നിലത്ത് മരിച്ചതുപോലെ കിടന്നു – കരടി മണത്തുനോക്കി – തിരിച്ചുപോയി– മല്ലൻ താഴെയിറങ്ങി – ആപത്തിൽ സഹായിക്കാത്തവൻ സുഹൃത്തല്ല.)

ഈ കഥ ആവശ്യമായ കൂട്ടിച്ചേർക്കലുകളോടെ ഭാവാത്മകമായി ടീച്ചർ അവതരിപ്പിക്കുന്നു.

– മാധവന്റെ ബുദ്ധിയാണ് അവനെ കരടിയിൽ നിന്ന് രക്ഷിച്ചത്.

ഓരോ കാര്യങ്ങൾ ചെയ്യുമ്പോഴും ബുദ്ധിയുപയോഗിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുമ്പോൾ ജീവിതത്തിൽ വിജയങ്ങൾ കൈവരിക്കാം. ഇതുപോലെ ബുദ്ധിയുടെ ശരിയായ പ്രയോഗത്തിലൂടെ മറ്റുള്ളവരുടെ പ്രശംസ പിടിച്ചുപറ്റിയ ഒരു കുട്ടിയുടെ കഥ നമ്മുടെ പാഠ പുസ്തകത്തിൽ ഉണ്ട്.

**പാഠ ഭാഗത്തേക്ക്**

പണ്ടുകാലത്ത് ഇതുപോലെ സ്ക്കൂളുകൾ ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസം നടന്നിരുന്നത് ഗുരുക്കന്മാരുടെ വീടുകൾ കേന്ദ്രീകരിച്ചായിരുന്നു. കുട്ടികൾ അധ്യാപകരുടെ വീടുകളിൽ താമസിച്ച് വിദ്യ അഭ്യസിക്കുന്ന ഈ സമ്പ്രദായം 'ഗുരുകുലവിദ്യാഭ്യാസം' എന്ന പേരിലാണ് അറിയപ്പെടുന്നത്.

കുട്ടികൾ വ്യക്തിഗതമായി ഗുരുവും ശിഷ്യനും എന്ന പാഠഭാഗം വായിക്കട്ടെ.

– വായനയുടെ പ്രക്രിയാ ഘട്ടങ്ങൾ പാലിച്ച് വായന പൂർത്തിയാക്കട്ടെ.

**അർത്ഥം കണ്ടെത്താം**

പാഠഭാഗം വായിച്ചല്ലോ.... കഥ ഇഷ്ടപ്പെട്ടില്ലേ? പാഠത്തിൽ അർത്ഥമറിയാത്ത പദങ്ങളുടെ അടിയിൽ വരയ്ക്കൂ.

എത്ര പദങ്ങൾ അർത്ഥമറിയാത്തതായി കണ്ടെത്തി? ആ പദങ്ങൾ ഉൾപ്പെട്ട വാക്യം കുട്ടികൾ വായിച്ചുനോക്കട്ടെ. പദങ്ങളുടെ അർത്ഥം തിരിച്ചറിയട്ടെ. ഇനിയും അർത്ഥമറിയാത്ത പദങ്ങൾ നോട്ടുബുക്കിലേക്ക് മാറ്റിയെഴുതട്ടെ. (വ്യക്തിഗതം).

– മൂന്നോ നാലോ കുട്ടികളുടെ ഗ്രൂപ്പിൽ ചർച്ച ചെയ്ത് അർത്ഥം കണ്ടെത്തി നോട്ടുബുക്കിൽ ചേർക്കുന്നു. ഗ്രൂപ്പിലും അർത്ഥം ലഭിക്കാത്തവ പൊതുവായി അവതരിപ്പിക്കുന്നു. ടീച്ചർ പദങ്ങൾ ബ്ലാക്ക് ബോർഡിൽ എഴുതുന്നു. അവ മറ്റ് സന്ദർഭങ്ങളിൽ പ്രയോഗിച്ച് അർത്ഥം ഗ്രഹിക്കുവാനുള്ള അവസരം ക്ലാസിൽ സൃഷ്ടിക്കുന്നു.

''പിറന്നാൾ ദിനത്തിൽ പുത്തനുടുപ്പ് ലഭിച്ചപ്പോൾ അനുമോൻ ആഹ്ലാദ ചിത്തനായി.''
''ഉത്സവ പറമ്പിലെ ആനയോട്ട മത്സരം കണ്ട് ജനങ്ങൾ ആഹ്ലാദചിത്തരായി''

– ഉദാഹരണങ്ങളിലൂടെ അർത്ഥം ഗ്രഹിച്ച് കുട്ടികൾ നോട്ടുബുക്കിൽ ചേർക്കുന്നു.

**ഉത്തരമെഴുതാം (ടെക്സ്റ്റ് ബുക്ക് പേജ് 78)**

പാഭാഗത്തിന്റെ പുനർവായനയ്ക്ക് അവസരമൊരുക്കുകയാണ് ലക്ഷ്യം. വായനയിലൂടെ ആശയം മനസ്സിലാക്കി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി നോട്ടുബുക്കിൽ എഴുതുവാനുള്ള പ്രവർത്തനമാണ്.

ഓരോ ചോദ്യവും വായിച്ച് നോട്ടുബുക്കിലേക്ക് എഴുതിയ ശേഷം പാഠഭാഗത്തുനിന്നും ഉത്തരം കണ്ടെത്തി എഴുതട്ടെ.

വ്യക്തിഗതമായി കണ്ടെത്തിയ ഉത്തരം ഗ്രൂപ്പിൽ പങ്കുവെച്ച് വ്യക്തത വരുത്തുന്നു. ഗ്രൂപ്പുകൾ ചോദ്യോത്തരങ്ങൾ അവതരിപ്പിക്കുന്നു.

ടീച്ചർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. (പാഠ പുസ്തകത്തിലെ ഉത്തരമായി വരുന്ന വാക്യങ്ങൾ പകർത്തിയെഴുതുകയല്ല വേണ്ടത്. ആശയം മനസ്സിലാക്കി സ്വന്തം വാക്യങ്ങളിൽ ആശയ വിശദീകരണം നടത്തുകയാണ് വേണ്ടത്.)

കുട്ടികൾ ടീച്ചറുടെ നിർദ്ദേശങ്ങൾ പാലിച്ച് ഉത്തരങ്ങളിൽ വേണ്ട മെച്ചപ്പെടുത്തലുകൾ വരുത്തട്ടെ.

**കണ്ടെത്താം എഴുതാം (ടെക്സ്റ്റ് ബുക്ക് പേജ് 78)**

കുട്ടികളിൽ വളർത്തിയെടുക്കേണ്ട മൂല്യങ്ങൾ? മനോഭാവങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും അവ ജീവിതത്തിൽ പകർത്താൻ പ്രേരിപ്പിക്കുന്നതിനുമുള്ള പ്രവർത്തനമാണിത്.

- ടീച്ചർ ചില ചോദ്യങ്ങൾ ക്ലാസിൽ പൊതുവായി ചോദിക്കുന്നു.
- എന്തു കൊണ്ടായിരിക്കും ചൈത്രനെ എല്ലാവരും സ്നേഹിക്കുന്നത്?
- ചൈത്രനിൽ നിങ്ങൾ കാണുന്ന നല്ല ഗുണങ്ങൾ എന്തൊക്കെയാണ്?
- ഇതുപോലെ എന്തെല്ലാം നല്ല സ്വഭാവഗുണങ്ങളാണ് നമ്മളിൽ ഉണ്ടാവേണ്ടത്?

ഇത്തരം ചോദ്യങ്ങളിലൂടെ കുട്ടികളിൽ ഉണ്ടാവേണ്ട നല്ല ഗുണങ്ങൾ എന്തെല്ലാം എന്ന പൊതു ധാരണ ക്ലാസിൽ രൂപീകരിക്കുന്നു.

എന്തെല്ലാം സ്വഭാവഗുണങ്ങളാണ് നമ്മൾ സ്വായത്തമാക്കേണ്ടത്?

ക്ലാസിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ കുട്ടികൾ നല്ല സ്വഭാവ ഗുണങ്ങൾ ലിസ്റ്റു ചെയ്യുന്നു.

ടീച്ചർ വിലയിരുത്തുന്നു.

സത്യസന്ധത, അനുസരണശീലം
കൃത്യനിഷ്ഠ, അച്ചടക്കം
എളിമ, ഗുരുഭക്തി
ഈശ്വരഭക്തി, ............................
..........................., ...........................

**കൂട്ടുകാരെ കണ്ടെത്തി വരച്ചു ചേർക്കൂ (ടെക്സ്റ്റ് ബുക്ക് പേജ് 78)**

പദങ്ങളുടെ അർത്ഥം തിരിച്ചറിയുവാനുള്ള പ്രവർത്തനമാണ്.

പാഠ പുസ്തകത്തിൽ നിന്നും അപരിചിതപദങ്ങൾക്ക് അർത്ഥം കണ്ടെത്തി എഴുതിയ കുട്ടികളിൽ ആശയഗ്രഹണം എത്രമാത്രം ഉറച്ചിട്ടുണ്ട് എന്ന് തിരിച്ചറിയാൻ ഈ പ്രവർത്തനം സഹായകമാവും.

ഓരോ പദത്തിനും സമാനമായ പദം എതിർഭാഗത്തുനിന്നും കണ്ടെത്തി വരച്ചു ചേർക്കട്ടെ. മുഴുവൻ പദങ്ങളും വരച്ചുചേർത്തു കഴിഞ്ഞാൽ നോട്ടുബുക്കിൽ മുമ്പ് എഴുതിയ അർത്ഥവുമായി തട്ടിച്ചുനോക്കി തെറ്റുള്ളവ സ്വയം തിരുത്തട്ടെ. ഏതെങ്കിലും ഒരു കുട്ടി എഴുതിയത് വായിക്കുന്നു. ടീച്ചർ അവ ബോർഡിൽ വരച്ചു ചേർക്കുന്നു. തെറ്റുണ്ടെങ്കിൽ മറ്റു കുട്ടികൾ ചൂണ്ടിക്കാണിക്കുന്നു. മാറ്റം വരുത്തുന്നു.

– ശരിയായ ഉത്തരങ്ങൾ ഓരോ കുട്ടിയും മനസ്സിലാക്കി ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നു.

**അകലെയുള്ളവർ (ടെക്സ്റ്റ് ബുക്ക് പേജ് 79)**

പരിചിത പദങ്ങളുടെ എതിർപദം (വിപരീത അർത്ഥം വരുന്ന പദം) കണ്ടെത്തി എഴുതുവാനുള്ള പ്രവർത്തനമാണ്.

പാഠപുസ്തകത്തിൽ കുട്ടികൾക്ക് പരിചിതമായ ധാരാളം പദങ്ങൾ നൽകിയിട്ടുണ്ട്. പദങ്ങളും അവയുടെ എതിർപദങ്ങളുമാണ് അവ. എതിർപദങ്ങളെയാണ് 'അകലെയുള്ളവർ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്.

കുട്ടികൾ ഒരു പദവും അതിന്റെ എതിർപദവും മറ്റു പദങ്ങൾക്കിടയിൽ നിന്നു കണ്ടെത്തി 'ത' ചിഹ്നമുപയോഗിച്ച് നോട്ട്ബുക്കിൽ എഴുതട്ടെ. നോട്ടുബുക്കിൽ മുഴുവൻ പദങ്ങളും എഴുതി പൂർത്തിയാക്കിയ ശേഷം അവ ഗ്രൂപ്പിൽ കൈമാറി തെറ്റുകൾ ഉണ്ടെങ്കിൽ മാറ്റിയെഴുതട്ടെ.

ഒന്നോ രണ്ടോ ഗ്രൂപ്പുകളുടെ അവതരണത്തോടെ മുഴുവൻ കുട്ടികൾക്കും ശരിയായ ഉത്തരത്തിൽ എത്താൻ സാധിക്കും. അവ പാഠപുസ്തകത്തിലേക്ക് മാറ്റി എഴുതട്ടെ. ടീച്ചർ വിലയിരുത്തുന്നു.

| | | |
|---|---|---|
| ഉദയം | x | അസ്തമയം |
| അടുത്ത് | x | അകലെ |
| വിദൂരം | x | സമീപം |
| സുഗന്ധം | x | ദുർഗന്ധം |
| ഇഷ്ടം | x | അനിഷ്ടം |
| രാത്രി | x | പകൽ |
| ഇരുട്ട് | x | വെളിച്ചം |
| താഴ്ച | x | ഉയർച്ച |
| ഗുരു | x | ശിഷ്യൻ |
| തോൽക്കുക | x | ജയിക്കുക |

**വർക്ക് ബുക്ക് പ്രവർത്തനം-1 വാക്യം മാറ്റി എഴുതാം**

വിപരീത അർത്ഥം വരുന്ന പദം (എതിർപദം) കണ്ടെത്തി പുതിയ വാക്യം നിർമിക്കാനുള്ള പ്രവർത്തനമാണ്.

അടിയിൽ വരയിട്ട പദത്തിന്റെ എതിർപദം പാഠപുസ്തകത്തിൽ നിന്നും കണ്ടെത്തി സ്വന്തമായി വാക്യങ്ങൾ നിർമ്മിച്ചെഴുതുകയാണ് ചെയ്യേണ്ടത്. ചില പദങ്ങൾ പാഠഭാഗത്തല്ല ഉണ്ടാവുക. പാഠ പുസ്തകത്തിലെ പ്രവർത്തനങ്ങളിൽ നിന്നും കണ്ടെത്തി വാക്യം നിർമ്മിക്കാം.

(ഉദയം x അസ്തമയം)

കുട്ടികൾ സ്വതന്ത്രമായി വാക്യരചന നടത്തട്ടെ. പരസ്പരം കൈമാറി വിലയിരുത്തി വാക്യഘടനയിൽ വേണ്ടതായ മെച്ചപ്പെടുത്തലുകൾ വരുത്താം.

ടീച്ചർ വിലയിരുത്തണം.

**വർക്ക് ബുക്ക് പ്രവർത്തനം -2 മാതൃകപോലെ എഴുതാം**

ലഘുവാക്യത്തെ ഒറ്റപ്പദമാക്കി എഴുതുവാനുള്ള പ്രവർത്തനം.

മാതൃക നോക്കി ചുവടെ നൽകിയിരിക്കുന്ന വാക്യത്തെ ഒറ്റപ്പദമാക്കി കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ.

സഹപാഠി, സഹയാത്രികൻ, സഹപ്രവർത്തകൻ

**വർക്ക് ബുക്ക് പ്രവർത്തനം-3 വാക്യമെഴുതാം**

പ്രയോഗങ്ങൾ/ ശൈലികൾ എന്നിവ ഉൾപ്പെടുത്തി സ്വതന്ത്രമായി വാക്യരചന നടത്താൻ കുട്ടികളിൽ ശേഷി വളർത്തുന്ന പ്രവർത്തനം.

പാഠ പുസ്തകത്തിൽ നൽകിയിട്ടുള്ള വാക്യത്തിൽ അടിവരയിട്ട പ്രയോഗം/ശൈലി ഉപയോഗിച്ച് കുട്ടികൾ സ്വന്തമായി വാക്യങ്ങൾ നിർമ്മിക്കട്ടെ.

- ടീച്ചർ വിലയിരുത്തുന്നു.

മാതൃക നൽകി കുട്ടികളുടെ രചന മെച്ചപ്പെടുത്താൻ നിർദ്ദേശിക്കാം.

**മാതൃക പോലെ എഴുതാം (ടെക്സ്റ്റ് ബുക്ക് പേജ് 79)**

ചില പദങ്ങളുടെ സന്ദർഭോചിതമായ പ്രയോഗ ശൈലി പരിചയപ്പെടുത്തുന്ന പ്രവർത്തനം.

പാഠ പുസ്തകത്തിൽ നൽകിയിരിക്കുന്ന മാതൃകകൾ കുട്ടികൾ വായിക്കട്ടെ. ഇതിനുസരണമായി മറ്റു പദങ്ങളെ കുട്ടികൾ വ്യക്തിഗതമായി മാറ്റിയെഴുതട്ടെ.

- ഞാൻ എഴുതിയത് ശരിയാണോ?
- എന്റെ കൂട്ടുകാരനെഴുതിയത് എങ്ങനെയാണ്? പരസ്പരം കൈമാറി വിലയിരുത്തട്ടെ.

ഇതേ ശൈലിയിൽ എഴുതുവാൻ കഴിയുന്ന മറ്റേതെല്ലാം പദങ്ങൾ അറിയാം.

രണ്ടു കുട്ടികളുടെ ഗ്രൂപ്പിൽ ചർച്ച ചെയ്ത് പരമാവധി പദങ്ങൾ കണ്ടെത്തി നോട്ടുബുക്കിൽ എഴുതട്ടെ. കൂടുതൽ കണ്ടെത്തിയ ഗ്രൂപ്പ് അവതരിപ്പിക്കുന്നു. മറ്റുള്ളവർ തങ്ങളെഴുതാത്തവ എഴുതിയെടുക്കട്ടെ. ഒരു

ഒരു ഗ്രൂപ്പുകാർ അവതരിപ്പിക്കാത്ത പദങ്ങൾ മറ്റു ഗ്രൂപ്പുകൾക്ക് അവതരിപ്പിക്കാം.

– ടീച്ചറുടെ കൂട്ടിച്ചേർക്കലുമാവാം.

| | | |
|---|---|---|
| തിന്നണം | - | തിന്നേ പറ്റൂ |
| ഓടണം | - | ഓടിയേ പറ്റൂ |
| മറക്കണം | - | മറന്നേ പറ്റൂ |
| .................... | - | .......................... |
| .................... | - | .......................... |

**വർക്ക് ബുക്ക് പ്രവർത്തനം –4: ഉത്തരം കണ്ടെത്തി എഴുതാം**

പാഠഭാഗം വായിച്ചതിൽ നിന്നും ആശയം ഉൾക്കൊണ്ട് സ്വയം ഉത്തരമെഴുതാനുള്ള പ്രവർത്തനം. ചോദ്യങ്ങൾക്ക് ഉത്തരം കുട്ടികൾ സ്വന്തം ഭാഷയിൽ എഴുതട്ടെ. ടീച്ചർ വിലയിരുത്തി ആവശ്യമെങ്കിൽ വേണ്ട നിർദ്ദേശം നൽകണം.

**വർക്ക് ബുക്ക് പ്രവർത്തനം – 5: വാക്കുകൾ ക്രമത്തിലാക്കാം**

ക്രമം തെറ്റി എഴുതിയ പദങ്ങളെ ക്രമത്തിലെഴുതി ആശയ പൂർണ്ണമായ വാക്യം നിർമ്മിക്കാനുള്ള പ്രവർത്തനം.

– കുട്ടികൾ സ്വയം വാക്യം നിർമ്മിക്കട്ടെ. കൂട്ടുകാർ നോക്കി വിലയിരുത്തട്ടെ.

– ടീച്ചറുടെ വിലയിരുത്തലിനുശേഷം ക്ലാസിൽ പൊതു ചർച്ച നടത്തി വാക്യം ബ്ലാക്ക് ബോർഡിൽ എഴുതി പ്രദർശിപ്പിക്കാം.

**ഡയറി എഴുതാം (ടെക്സ്റ്റ് ബുക്ക് പേജ് 78)**

'ഡയറി' എന്ന വ്യവഹാര രൂപത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിനുള്ള പ്രവർത്തനം. 'മേഴ്സിയുടെ ഡയറി' എന്ന പാഠത്തിൽ ഈ വ്യവഹാര രൂപം കുട്ടികൾ പരിചയപ്പെട്ടതാണ്.

ഗുരുവിന്റെ പരിശോധന കഴിഞ്ഞ ദിവസം ചൈത്രൻ എഴുതിയ ഡയറി എങ്ങനെയായിരിക്കും?

– ഡയറി എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പൊതുവായി ക്ലാസിൽ ചർച്ച ചെയ്യാം.

- ഏതു ദിവസത്തെ ഡയറിയാണെന്ന് തിരിച്ചറിയണം.

(തിയതി, ദിവസം എന്നിവ വേണം)

- സ്വന്തം കാര്യങ്ങൾ മറ്റുള്ളവരെ അറിയിക്കാനുള്ള രചന.
- കാര്യങ്ങളെ ചുരുക്കി വിവരിക്കുക.
- മുൻഗണനാക്രമത്തിൽ കാര്യങ്ങൾ എഴുതുക.

പൊതുവായ ഇത്തരം കാര്യങ്ങളുടെ ചർച്ചയ്ക്കുശേഷം ചൈത്രൻ എന്തെല്ലാം കാര്യങ്ങളാണ് എഴുതാൻ സാധ്യതയുള്ളതെന്നുള്ള ലഘു സൂചനയോടെ കുട്ടികളെ എഴുത്തിലേക്ക് നയിക്കാം. ലേഖന പ്രക്രിയ ഘട്ടങ്ങൾ പാലിക്കണം.


ടീച്ചർ വേർഷൻ പ്രദർശിപ്പിച്ചശേഷം (ആവശ്യമെങ്കിൽ) എഡിറ്റിംഗ് നടത്താം.

എഡിറ്റിംഗ് ഘട്ടങ്ങൾ ആമുഖത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അവ പാലിച്ച് തെറ്റുകൾ കുട്ടിക്ക് സ്വയം കണ്ടെത്തി തിരുത്തുവാനുള്ള അവസരം നൽകണം. കുട്ടികളുടെ ഡയറി വിലയിരുത്തിയ ശേഷം അ4 പേപ്പറിൽ മാറ്റി എഴുതിക്കാം. അവ ശേഖരിച്ച് ക്ലാസിന്റെ പതിപ്പായി പ്രദർശിപ്പിക്കാം.

**വർക്ക് ബുക്ക് പ്രവർത്തനം – 6: മാതൃക പോലെ എഴുതാം**

ഒരു പദം വ്യത്യസ്ത സന്ദർഭങ്ങളിൽ ഉപയോഗിക്കുമ്പോൾ ആ പദത്തിന് വരുന്ന മാറ്റങ്ങൾ മനസ്സിലാക്കാൻ കുട്ടിയെ സഹായിക്കുന്ന പ്രവർത്തനം.

'ഇഷ്ടം' എന്ന പദം വിവിധ സന്ദർഭങ്ങളിൽ ഉപയോഗിക്കുമ്പോൾ വരുന്ന മാറ്റങ്ങൾ പദസൂര്യനായി നൽകിയിരിക്കുന്നത് കുട്ടികൾ വായിക്കട്ടെ. അതുപോലെ ''ചോദ്യം'' എന്ന പദം എന്തെല്ലാം മാറ്റങ്ങളോടെ ഉപയോഗിക്കാം....? നൽകിയിട്ടുള്ള പദസൂര്യൻ കുട്ടികൾ പൂർത്തിയാക്കട്ടെ.




**സംഭാഷണമെഴുതാം (ടെക്സ്റ്റ് ബുക്ക് പേജ് 79)**

സംഭാഷണങ്ങൾ എഴുതി തയ്യാറാക്കി റോൾപ്ലേ / നാടകം അവതരിപ്പിക്കാനുള്ള പ്രവർത്തനം.

ചൈത്രന്റെയും മൈത്രന്റെയും കഥ വായിച്ചല്ലോ? തന്റെ ബുദ്ധിശൂന്യത മനസ്സിലാക്കിയ മൈത്രന് ചൈത്രനോട് വിരോധം തോന്നിയിട്ടുണ്ടാവുമോ?

ഗുരുവിന്റെ ഉപദേശം മൈത്രൻ ഉൾക്കൊണ്ടിട്ടുണ്ടാവുമോ?

പിന്നീട് മൈത്രന്റെ സ്വഭാവത്തിൽ എന്തു മാറ്റമാണ് ഉണ്ടായിട്ടുണ്ടാവുക?

ഇത്തരം ചില ചോദ്യങ്ങൾക്കു കുട്ടികൾ സ്വതന്ത്രമായി ഉത്തരം കണ്ടെത്തട്ടെ.

ടീച്ചറുടെ ആഖ്യാനം –

കുറച്ചു ദിവസങ്ങൾക്കുശേഷം പാഠശാലയുടെ മുറ്റത്ത് ഒറ്റയ്ക്കിരിക്കുന്ന മൈത്രന്റെ അരികിലേക്ക് ചൈത്രൻ ചെന്നു. പരസ്പരം കണ്ടുമുട്ടിയ ചൈത്രനും മൈത്രനും തമ്മിൽ സുഹൃദ് സംഭാഷണത്തിലേർപ്പെട്ടു.

എന്തൊക്കെ കാര്യങ്ങളാവും അവർ പരസ്പരം പറഞ്ഞിട്ടുണ്ടാവുക?

– കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ.

ലേഖന പ്രക്രിയാഘട്ടങ്ങൾ പാലിച്ച് പ്രവർത്തനം പൂർത്തിയാക്കട്ടെ. തയ്യാറാക്കിയ സംഭാഷണം ഓരോ ഗ്രൂപ്പും ക്ലാസിൽ അവതരിപ്പിക്കട്ടെ. മികച്ച സംഭാഷണത്തിനും അവതരണത്തിനും പ്രോത്സാഹനം നൽകണം.

സ്കിറ്റ് അവതരിപ്പിക്കുമ്പോൾ

- രംഗബോധം
- ആശയവ്യക്തതയുള്ള സംഭാഷണം
- അക്ഷര സ്ഫുടത
- ശരിയായ തുടക്കം / ഒടുക്കം

ഗ്രൂപ്പ് വിലയിരുത്തലിനൊപ്പം വ്യക്തിഗത / നിരന്തര വിലയിരുത്തൽ കൂടി നടത്തുമല്ലോ.

**വർക്ക് ബുക്ക് പ്രവർത്തനം –6 കഥ ചുരുക്കിയെഴുതാം.**

ആശയം ചോർന്നു പോകാതെ വായിച്ച കാര്യത്തെ ചുരുക്കിയെഴുതുവാനുള്ള പ്രവർത്തനമാണിത്. കുട്ടികൾ പാഠഭാഗത്തുനിന്നും വായിച്ച് മനസ്സിലാക്കി കഥ ആശയം ചോർന്ന് പോകാതെ ചുരുക്കി എഴുതട്ടെ. ഹോം വർക്കായി നൽകിയാൽ മതി.

**വർക്ക് ബുക്ക് പ്രവർത്തനം – 8 കത്തെഴുതാം**

മുൻ പ്രവർത്തനത്തോട് ചേർന്ന് ഹോം വർക്കായി നൽകാവുന്ന പ്രവർത്തനം.

ചൈത്രന്റെ ബുദ്ധിപൂർവ്വമായ പ്രവർത്തനത്തിൽ പ്രശംസിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കട്ടെ. കത്തിന്റെ ഘടന, എഴുത്തു രീതി തുടങ്ങിയ കാര്യങ്ങൾ കുട്ടികൾ പരിചയിച്ചതാണ്. അവ പാലിച്ച് പാഠഭാഗത്തെ ആശയങ്ങളെ കോർത്തിണക്കി കത്ത് പൂർത്തിയാക്കാൻ കുട്ടിക്ക് കഴിയുന്നുവെന്ന് വിലയിരുത്തലിലൂടെ ഉറപ്പാക്കണം.

**വായിക്കാം രസിക്കാം (ടെക്സ്റ്റ് ബുക്ക് പേജ് 80)**

മലയാള മാസങ്ങൾ ചേർന്നുവരുന്ന കവിത കുട്ടികൾ മുമ്പ് പഠിച്ചിട്ടുണ്ട്. അതിനു സമാനമായി

ആഴ്ചയിലെ ദിവസങ്ങൾ ഉൾച്ചേർന്നു വരുന്ന ഒരു കവിതയാണ് ഈ പ്രവർത്തനത്തിൽ നല്കിയിട്ടുള്ളത്.

- കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ.

ഈണം കണ്ടെത്തി ചൊല്ലി നോക്കട്ടെ.

നാലോ അഞ്ചോ പേരടങ്ങുന്ന ഗ്രൂപ്പിൽ കണ്ടെത്തിയ ഈണം പങ്കുവെയ്ക്കുന്നു. മികച്ച ഈണം കണ്ടെത്തി ഗ്രൂപ്പിന്റെ ഈണമായി ക്ലാസിൽ അവതരിപ്പിക്കുന്നു. ഇത്തരം കവിതകൾ കണ്ടെത്തി ശേഖരണ പുസ്തകത്തിൽ എഴുതട്ടെ. ടീച്ചർ വിലയിരുത്തി മികച്ച കവിതകൾ ക്ലാസിൽ പൊതുവായി അവതരിപ്പിക്കുന്നു.

**പഴഞ്ചൊല്ലുകൾ (ടെക്സ്റ്റ് ബുക്ക് പേജ് 80)**

പഴഞ്ചൊല്ലുകൾ കണ്ടെത്താനും അവയുടെ അർത്ഥം മനസ്സിലാക്കാനുമുള്ള പ്രവർത്തനം.

ചില വ്യക്തി സവിശേഷതകൾ വിളിച്ചോതുന്ന പഴഞ്ചൊല്ലുകളാണ് പാഠപുസ്തകത്തിൽ നൽകിയിട്ടുള്ളത്. നല്ല ഗുണങ്ങളും ചീത്തഗുണങ്ങളും പ്രതിഫലിക്കുന്ന പഴഞ്ചൊല്ലുകൾ ഉണ്ട്. അവ തിരിച്ചറിയാനും ജീവിതത്തിൽ തന്റെ റോൾ തിരിച്ചറിയാനും കുട്ടികൾക്ക് കഴിയണം. നൽകിയിട്ടുള്ള പഴഞ്ചൊല്ലുകൾ കുട്ടികൾ വായിക്കട്ടെ.

സമാനമായ ഇത്തരം പഴഞ്ചൊല്ലുകൾ കണ്ടെത്തി നോട്ടുബുക്കിൽ എഴുതട്ടെ. കൂട്ടുകാർ എഴുതിയവ വായിച്ചു നോക്കി ആവശ്യമായവ തന്റെ രചനക്കൊപ്പം കൂട്ടിച്ചേർക്കട്ടെ.

ടീച്ചർ വിലയിരുത്തുന്നു.

- കായുള്ള മാവിലേ കല്ലേറിയൂ...
- പതിയെ തിന്നാൻ പനയും തിന്നാം.
- മിണ്ടാ പൂച്ച കല മുടയ്ക്കും
- ..................................................................
- ..................................................................

**വർക്ക് ബുക്ക് പ്രവർത്തനം -7 പഴഞ്ചൊല്ലുകൾ ശേഖരിക്കാം.**

പാഠ പുസ്തകത്തിലെ പ്രവർത്തനത്തിന്റെ തുടർച്ച. കണ്ടെത്തിയ പഴഞ്ചൊല്ലുകളിൽ മികച്ചവ വർക്ക് ബുക്കിൽ എഴുതട്ടെ. പുതിയവ ശേഖരിച്ച് എഴുതുകയും ചെയ്യാം.

**വർക്ക് ബുക്ക് പ്രവർത്തനം -10 പദങ്ങൾ ഉണ്ടാക്കാം**

പദങ്ങൾ നിർമ്മിച്ച് എഴുതാനുള്ള പ്രവർത്തനം. എ.ബി.സി എന്നിങ്ങനെ മൂന്ന് മേഖലകളിലായി വ്യത്യസ്ത പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ടീച്ചർ നിർദ്ദേശം നൽകി മൂന്നു പ്രവർത്തനം ഹോം വർക്കായി നൽകിയാൽ മതി. ഒന്നാമത്തെ പ്രവർത്തനത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്ക് ചിഹ്നം ചേർത്ത് പദങ്ങൾ നിർമിക്കാനവസരം നൽകാം. രണ്ടിലധികം അക്ഷരങ്ങൾ ചേർത്തുള്ള പദനിർമ്മാണം പ്രോത്സാഹിപ്പിക്കണം. രണ്ടാം പ്രവർത്തനത്തിൽ ചിഹ്നങ്ങൾ ചേർത്ത് എഴുതുമ്പോൾ അർത്ഥപൂർണ്ണമായ പദമായിരിക്കണം നിർമ്മിക്കേണ്ടത്. മൂന്നാം പ്രവർത്തനം നിർദ്ദേശിച്ചിട്ടുള്ള കൂട്ടക്ഷരം ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുന്ന പദങ്ങൾ കുട്ടികൾ നിർമ്മിക്കട്ടെ.

**നിഘണ്ടു നിർമ്മാണം (ടെക്സ്റ്റ് ബുക്ക് പേജ് 80)**

മൂന്നാം ക്ലാസിലെ പാഠ പുസ്തകത്തിലൂടെ കുട്ടി പരിചയപ്പെട്ട മുഴുവൻ പദങ്ങളും ഉപയോഗിച്ചുള്ള ഒരു നിഘണ്ടു നിർമ്മാണമാണ് ഉദ്ദേശിക്കുന്നത്.

നിഘണ്ടു നിർമ്മാണത്തിന്റെ ബാല പാഠങ്ങൾ മുൻപാഠങ്ങളിലും രണ്ടാം ക്ലാസിലും കുട്ടി പരിചയപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് എളുപ്പത്തിൽ പ്രവർത്തനത്തിലേർപ്പെടാൻ കുട്ടിക്ക് കഴിയും.

നിഘണ്ടു നിർമ്മാണത്തിന് പുതിയ നോട്ട് ബുക്ക് ഉപയോഗിക്കുന്നതാണ് ഉത്തമം. പ്രവർത്തനം ചെയ്യുന്നതിന് മുമ്പ് നിഘണ്ടു എല്ലാ കുട്ടികളും പരിചയപ്പെടണം.

- നിഘണ്ടുവിന്റെ പ്രത്യേകതകൾ ക്ലാസിൽ ചർച്ച ചെയ്യുന്നു.
- പദക്രമീകരണത്തിൽ പാലിച്ചിരിക്കുന്ന രീതിയാണ് മൂന്നാം ക്ലാസിലെ കുട്ടി കാര്യമായി തിരിച്ചറി

യേണ്ടത്. ആവശ്യമായ ചർച്ചയ്ക്കു ശേഷം പ്രവർത്തനം തുടങ്ങാം. കൂടുതൽ സമയം ആവശ്യമായ പ്രവർത്തനമായതിനാൽ ഇതൊരു ഭാഷാ പ്രോജക്ട് ആയി നൽകുന്നതാണ് ഉചിതം. കണ്ടെത്തുന്ന പദങ്ങളുടെ അർത്ഥം, എതിർപദം, മറ്റു സമാനപദങ്ങൾ എന്നിവ കണ്ടെത്തി എഴുതണം.

ആദ്യ ഘട്ടമെന്ന നിലയിൽ നിഘണ്ടു നിർമ്മിക്കാനുദ്ദേശിക്കുന്ന ബുക്കിൽ പേജ് തിട്ടപ്പെടുത്തണം. (ഓരോ അക്ഷരത്തിനും) അക്ഷരമാലാക്രമത്തിലായിരിക്കുകയും ഓരോ അക്ഷരത്തിനും രണ്ട് പേജ് വീതം കിട്ടുന്നവിധം ക്രമീകരിക്കുകയും വേണം.

കണ്ടെത്തുന്ന പദങ്ങൾ അവ ഏതക്ഷരത്തിലാണോ തുടങ്ങുന്നത് എന്ന് നോക്കി ആ പേജുകളിലാണ് എഴുതേണ്ടത്. ഒരേ അക്ഷരത്തിൽ തുടങ്ങുന്ന ധാരാളം പദങ്ങൾ ഉണ്ടല്ലോ അപ്പോൾ അതിന്റെ തൊട്ടടുത്തുള്ള അക്ഷരങ്ങൾ പരിഗണിച്ച് മുൻഗണനാക്രമം നൽകണം. പദങ്ങൾ പലപ്പോഴും മാറ്റിയെഴുതേണ്ടിവരുന്നതുകൊണ്ട് ലേഖനത്തിന് പെൻസിലുപോയഗിക്കുന്നതാണുത്തമം. പദങ്ങൾ വായിച്ച് പുനക്രമീകരണം നടത്താൻ ഇത് സഹായകമാവും.

ഇടവിട്ടുള്ള ദിവസങ്ങളിൽ ടീച്ചർ പ്രോജക്ട് വിലയിരുത്തുകയും നിഘണ്ടു നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കുട്ടികളോട് നിർദ്ദേശിക്കുകയും വേണം.

നിഘണ്ടു നിർമ്മാണം കഴിഞ്ഞാൽ ക്രമീകരിച്ചെഴുതിയ പദങ്ങൾ വീണ്ടും മാറ്റേണ്ടതായുണ്ടോയെന്ന് വായനാമൂലയിലെ നിഘണ്ടു നോക്കി കണ്ടെത്തട്ടെ.

(ചില ചിഹ്നങ്ങൾ ചേർന്നുവരുമ്പോൾ പദക്രമം തെറ്റാൻ സാധ്യതയുണ്ട്. ഇത് വലിയ പിഴവായി കാണേണ്ടതില്ല. മുതിർന്ന ക്ലാസിൽ എത്തുമ്പോൾ കുട്ടി സ്വയം തിരുത്തൽ വരുത്തും.)

നിഘണ്ടുവിന്റെ കൃത്യത, വ്യത്തി, ഉള്ളടക്കം ആശയ സമ്പൂർണ്ണത തുടങ്ങിയ കാര്യങ്ങൾ വെച്ച് വിലയിരുത്തി ഏറ്റവും മികച്ച നിഘണ്ടുവിന് സമ്മാനം നൽകി കുട്ടികളെ പ്രോത്സാഹിപ്പിക്കണം.